**PROCEEDINGS**

**of**

# THE TRAVANCORE LEGISLATIVE ASSEMBLY.

## FIRST ASSEMBLY.

## SECOND SESSION 1948/1123.

*Monday the 9th August 1948/25th Karkatakam 1123.*

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Monday the 9th August 1948/25th Karkatakam 1123, the President, (The Honourable Mr. A. J. John) in the Chair.

### ഉപചോദ്യങ്ങൾ.

MR. PRESIDENT : ചോദ്യോത്തരങ്ങൾ തുടങ്ങുന്നതിനു മുൻപ് എനിക്ക് ഒരു പ്രസ്താവന ചെയ്യേണ്ടതായിട്ടുണ്ട്. ഇന്ന് ആകെ ൧൩ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതാണെന്ന് അജൻറായിൽനിന്ന് കാണാൻ സാധിക്കും. ആ സ്ഥിതിക്ക് ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് ഒരു നിയന്ത്രണം ആവശ്യമുണ്ടെന്നുള്ള വിവരം ഞാൻ വീണ്ടും അറിയിച്ചുകൊള്ളുന്നു. വളരെ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കു മാത്രം ഉപചോദ്യങ്ങൾ ചോദിക്കുകയും ചോദ്യങ്ങൾ അയച്ചിട്ടുള്ള മെമ്പറന്മാർ ആ ചോദ്യങ്ങൾക്കു വരാവുന്ന ഉപചോദ്യങ്ങൾ പഠിച്ചുകൊണ്ടു വന്നിരിക്കാവുന്നതുകൊണ്ട് കഴിയുന്നതും അവർക്കുതന്നെ ഉപചോദ്യങ്ങൾ ചോദിക്കാനുള്ള സൌകര്യം നൽകുകയും ചെയ്യുന്നതു് നന്നായിരിക്കും. അങ്ങനെയാണെങ്കിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുന്നതിന് സാധിക്കും. അതിനാൽ ഉപചോദ്യങ്ങൾ ചോദിക്കുന്നതു സംബന്ധിച്ചുള്ള നിയന്ത്രണം ആവശ്യമാണെന്ന് ഞാൻ വീണ്ടും വീണ്ടും അറിയിച്ചുകൊള്ളുന്നു.

MR. U. K. VASUDEVAN ASARI (*Kottayam III—General*) : ലിസ്റ്റിൽ ചോദ്യങ്ങൾക്ക് ഇന്ന തീയതികളിൽ ഉത്തരം പറയുമെന്നു ഉണ്ട്. എന്നാൽ ആ തീയതികളിൽ ഉത്തരം പറയാതെ ഇരിക്കുകയാണെങ്കിൽ പിന്നീട് ആ ചോദ്യങ്ങൾക്കു മറുപടി കിട്ടുമോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു റൂളിംഗ് ഉണ്ടായാൽ കൊള്ളാം.

MR. PRESIDENT: കഴിയുന്നതും ആ തിയതികളിൽതന്നെ ഉത്തരം പറയണമെന്ന് ആഗ്രഹം ഉണ്ട്. എന്നാൽ അതു സാധിക്കാതെ വരുന്ന പക്ഷം പിന്നീട് ആ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതായിരിക്കും. ഇതു് സ്വീകാര്യമല്ലെങ്കിൽ അതിനേപ്പററി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാൻ സഭയ്ക്കു് അധികാരമുണ്ടു്.

MR. K. A. MATHEW (*Thiruvalla VI—Greneral*: സർ, ഒരു പോയിൻറു് ഓഫ് ആഡർ. ഇന്നു് ഒരു ഷോർട്ട് നോട്ടീസ് ക്വസ്ററ്യൻ ഉൾപ്പെടുത്തിയിട്ടുണ്ടു. ആദ്യം അതിന് മറുപടി പറഞ്ഞാൽ കൊള്ളാമെന്നു് തോന്നുന്നു. അല്ലെങ്കിൽ പിന്നിട്ട് ഒരുപക്ഷേ സമയം തീരുകയാണെങ്കിൽ ഇതു് ചോദിക്കാൻ സാധിക്കാതെ വരും.

MR. PRESIDENT: ഇതിനേ സംബന്ധിച്ചു് സെൻട്രൽ അസംബ്ളിയിലെ നിയമം അവസാനമായി ഷോർട്ട് നോട്ടീസ് ക്വസ്ററ്യൻ എടുക്കുക എന്നുള്ളതാണു്. സമയം അവസാനിക്കുന്നതിനു് രണ്ടു മൂന്നു മിനിട്ടിനു മുമ്പു് അതു് എടുക്കുന്നതായിരിക്കും.

## QUESTIONS AND ANSWERS.
## (ORAL ANSWERS.)

### നെയ്യാററിൻകര താലൂക്കു സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ.

92. MR. P. K. KRISHNAN SASTRI (*Minachil II—Pulaya*): താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെയ്യാറ്റിൻകര താലൂക്കു് സഹകരണ കാൺഫറൻസിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN: Yes, the matter is engaging the attention of Government.

MR. P. K. KRISHNAN SASTRI: പതിനൊന്നാമത്തെ പ്രമേയത്തെ സംബന്ധിച്ചു് എന്തു നടപടിയാണു ഗവൺമെൻറു് സ്വീകരിച്ചിട്ടുള്ളതെന്നു പറയുവാൻ ദയവുണ്ടാകുമോ?

MR. PRESIDENT: എല്ലാ പ്രമേയങ്ങളും ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു എന്നു പറയുമ്പോൾ ഒരു പ്രമേയത്തെക്കുറിച്ചു് പ്രത്യേകം ചോദിക്കേണ്ട ആവശ്യമില്ല.

## രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ്.

93. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ൧൧൨൦ മുതൽ നാളതുവരെ ഗവണ്മെൻറിൽനിന്നും നേരിട്ടു നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള ഒരു ലിസ്റ്റു നൽകുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : ബ്രാഹ്മണൻ ൨. നായർ ൧. മുസ്ലിം ൧. ഈഴവർ ൭. വെള്ളാളർ ൪. എസ്. ഐ. യു. സി. ൧. മാർത്തോമ്മാസിറിയൻ ൧. കമ്മാളൻ ൨. പുലയർ ൧. മററു ഹിന്ദുക്കൾ ൨. മററു ക്രിസ്ത്യാനികൾ ൩.

## നിയമങ്ങൾ.

94. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya*) ആദായം സംബന്ധിച്ചുള്ള തീരുമാനത്തിൽനിന്നും വ്യത്യാസമായി പെരുമാറുന്ന കൃഷിയുടമസ്ഥന്മാരുടെ ദയനീയനയത്തിനു പരിഹാരമുണ്ടാക്കുവാൻ ആവശ്യമായ നിയമങ്ങൾ നടപ്പിലാക്കി സഹായിക്കാൻ പുഞ്ചപ്പാടം തൊഴിലാളികളുടെ അഭ്യർത്ഥന ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുക്കുവാൻ സാധിച്ചുവെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : No representation has been received from the agricultural workers of Punja cultivation for introducing legislation to enforce settlements of wage rates.

MR. T. T. KESAVAN SASTRI : പുഞ്ചപ്പാടം തൊഴിലാളികളുടെ സൊസൈറ്റി എങ്കിലും ഉള്ളതായിട്ടറിയാമോ?

HON'BLE MR. C. KESAVAN : കുട്ടനാട്ട് അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയൻ എന്ന ഒരു സംഘത്തിൽനിന്നും ഒരു പരാതി കിട്ടിയിട്ടുണ്ട്. അതിനെക്കുറിച്ച് വേണ്ട അന്വേഷണം നടത്തിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റിലേഷൻഷ് ആഫീസറെക്കൊണ്ട് അന്വേഷണം നടത്തി അവർക്ക് ന്യായമായ കൂലി കൊടുപ്പിച്ചിട്ടും ഉണ്ട്.

## *Textiles.*

95. MR. MOHAMMED MUSTAFA (*Pathanapuram I—Muslim*) : താഴെപ്പറയുന്ന ചോദ്യത്തിന് ബഹു: മന്ത്രി സദയം മറുപടി പറയുമോ?

[Mr. Mohammed Mustafa]

ഗവണ്മെൻറു വാങ്ങിയിട്ടുള്ളതായി പറയുന്ന തുണികൾ ഇവിടെ വന്നു ചേർന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അവ എത്രയെന്നും എങ്ങനെ വിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്നും പ്രസ്താവിക്കാമോ?

HON'BLE MR. A. THANU PILLAI : ഗവണ്മെൻറിൽനിന്നും തുണി വാങ്ങിച്ചിട്ടില്ല.

MR. MOHAMMED MUSTAFA : കഴിഞ്ഞ അസംബ്ളിയിൽ ബാംബയിൽനിന്നും കുറെ തുണി വാങ്ങിച്ചിട്ടുണ്ടു്. അതു് ഉടനേ വന്നുചേരുന്നതാണെന്നു് ഗവണ്മെൻറുഭാഗത്തുനിന്നും മറുപടി പറഞ്ഞു.

HON'BLE MR. A. THANU PILLAI : അതു് കച്ചവടക്കാരുടെ തുണിയെ സംബന്ധിച്ചാണു് പറഞ്ഞതു്. അല്ലാതെ ഗവണ്മെൻറു് തുണി വാങ്ങിച്ചിട്ടില്ല.

*Admission in English Schools.*

96. MR. P. T. CHACKO (*Kottayam II—General*) : Will the Honourable Minister for Education be pleased to state :

(*a*) whether there is any English School in the State where students from all communities are not admitted ;

(*b*) whether there is any English school in the State where day scholars are not admitted ;

(*c*) if so, whether the Government have insisted any such conditions while sanctioning any school ; and

(*d*) if insisted, the grounds for so doing ?

HON'BLE MR. T. M. VARGHESE : (എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഈ സ്കൂളുകൾ സ്ഥാപിച്ചപ്പോൾ തന്നെ ആ വ്യവസ്ഥകൾ ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളതാണു്.

(ഡി) അതിനുള്ള കാരണം സ്കൂളുകൾ തമ്മിൽ അനാവശ്യമായ പിണക്കങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാണു്.

MR. P. T. CHACKO : കോട്ടയത്തു് ഇങ്ങനെ ഒരു സ്കൂൾ ഉള്ളതായി ട്ടറിയാമോ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

MR. P. T. CHACKO : ഡേ സ്കോളേഴ്സിനു് അഡ്മിഷൻ കൊടുക്കാത്ത രണ്ടു സ്കൂളുകൾ സ്റ്റേറ്റിൽ ഉണ്ടെന്നു പറഞ്ഞതു് എവിടെയാണെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : ഒന്നു കുളക്കട. മറെറാന്നു മാവേലിക്കര.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : ചേർത്തല താലൂക്കിൽ അർത്തുങ്കൽ എന്ന സ്ഥലത്തു് ഇങ്ങനെ ഒരു സ്കൂൾ ഉള്ളതായിട്ടറിയാമോ?

HON'BLE MR. T. M. VARGHESE : അറിയാം.

MR. EAPEN ARAKKAL : ഡേ സ്കോളേഴ്സിനു് അഡ്മിഷൻ കൊടുത്താൽ അടുത്ത സ്കൂളുകൾ തമ്മിൽ പിണക്കമുണ്ടാകുമെന്നു് വിചാരിക്കുന്നതിനു് പ്രത്യേക കാരണം വല്ലതും ഉണ്ടോ?

HON'BLE MR. T. M. VARGHESE : ഡേ സ്കോളേഴ്സ് ആണു് വേറെ അടുത്തുള്ള സ്കൂളുകളിലും ഉള്ളതു്. ബോർഡിങ്ങ് ഉള്ള സ്കൂളുകളിൽനിന്നും ഡേ സ്കോളേഴ്സ് അവിടെ പ്രവേശിക്കുകയാണെങ്കിൽ രണ്ടും ഒരുപോലെതന്നെ പുരോഗമിക്കുന്നതിനു സംഗതിയാകും. അങ്ങനെ ആ സ്കൂളുകൾ തമ്മിൽ മത്സരിപ്പിനു് ഇടയാകും. അങ്ങനെ പിണക്കമുണ്ടാകുവാൻ ഇടയുണ്ടു എന്നാണു് ഗവണ്മെൻറിൻറെ വിശ്വാസം.

### *Agricultural Income-Tax.*

97. MR. P. T. CHACKO : Will the Honourable Minister for Income-Tax be pleased to state:

(*a*) whether any definite method is resorted to for assessing agricultural income for the purpose of income-tax;

(*b*) whether any responsible officer makes any local investigation for assessing the income;

(*c*) whether at least in cases where the assessed amount is disputed any local investigation is made;

(*d*) whether the Government are aware that at present the assessment is done quite arbitrarily;

(*e*) whether the Government are aware that as a result of the arbitrary assessment of income, many who have not any taxable income are victimised; and

(*f*) do the Government propose to make any improvement in the mode of assessment?

HON'BLE MR. C. KESAVAN: (*a*) Where proper accounts are maintained, the income is computed on the basis of the accounts. In the absence of such regular and correct accounts, the income is fixed with regard to the nature of the land, its fertility, yield per acre conceded by neighbouring cultivators etc. Information is also obtained from the Revenue authorities.

[Hon'ble Mr. C. Kesavan.]

(*b*) Yes. The Income-Tax Officers generally make local enquiries before completing the assessments.

(*c*) Yes.

(*d*) No.

(*e*) No.

(*f*) No change in the method of assessment is now under consideration.

MR. P. T. CHACKO : ഇൻകംടാക്സ് അസ്സെസ് ചെയ്യുമ്പോൾ ചില സ്ഥലങ്ങളിൽ വസ്തുവിൻെറ വിലയേക്കാൾ കൂടുതലായി അസ്സെസ് ചെയ്യുന്നതായിട്ടറിയാമോ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. P. T. CHACKO : അസ്സെസു ചെയ്യുന്ന ആദായത്തെ സംബന്ധിച്ചു പാർശ്വകാരന്മാർ പാർട്ടിയുടെ വസ്തുക്കളെ സംബന്ധിച്ച് രഹസ്യ റിപ്പോർട്ടുകൾ അയയ്ക്കുന്നതിനെപ്പററി ഉള്ള വിവരം അറിയാമോ?

HON'BLE MR. C. KESAVAN : അയയ്ക്കുന്നുണ്ടാവാം. പക്ഷെ ഗവൺമെൻറിന് അറിവില്ല.

MR. P. T. CHACKO : ആ റിപ്പോർട്ടുകളെ ആശ്രയിച്ചാണ് ടാക്സ് അസ്സെസ് ചെയ്യുന്നതെന്ന് അറിയാമോ?

HON'BLE MR. C. KESAVAN : അസ്സെസു ചെയ്യുന്നതിനെപ്പററി ഉള്ള വ്യവസ്ഥകൾ ഞാൻ മുമ്പേ പറഞ്ഞവയാണ്.

MR. P. T. CHACKO : ആദായം അസ്സെസു ചെയ്ത വസ്തുവിന് ഉടമസ്ഥനില്ലെങ്കിൽ ആ വസ്തു വേറെ ആരെ എങ്കിലും ഏൽപ്പിക്കാമോ?

MR. PRESIDENT : ആ ചോദ്യം ഇതിൽനിന്നും ഉൽഭവിക്കുന്നില്ല.

*Communist Leaders.*

98. MR. P. S. MUHAMMED (*Muvattupuzha I—General*)) : Will the Honourable Minister for Law and Order be pleased to state :

(*a*) How long, the communist leaders arrested and kept in jail will be detained without trial :

(*b*) whether communist activities are against the interest of the State ;

(*c*) if the answer to part (b) is in the affirmative, why do Government hesitate to declare the activities of the communists as illegal ?

HON'BLE MR. A. THANU PILLAI : (*a*) As long as the communists are acting in a manner prejudicial to public safety or the maintenance of public order.

(b) Yes; the activities of the communists are against the interest of the State.

(c) Government will consider the desirability of doing so.

MR. P. S. MUHAMMED: കമ്മ്യൂണിസ്റ്റ് ആക്ടിവിറ്റീസ് എന്നു പറയുന്നതു് അവരുടെ പ്രസംഗങ്ങളും ആണോ?

HON'BLE MR. A. THANU PILLAI: പ്രസംഗങ്ങളും ഉൾപ്പെടും.

MR. ABDUL AZIZ: (*Trivandrum I—Muslim*) കമ്മ്യൂണിസ്റ്റും കെ. എസ്. പി. യും തമ്മിൽ എന്തെങ്കിലും സാമ്യമോ വ്യത്യാസമോ ഉണ്ടോ?

MR. PRESIDENT: ആ ചോദ്യം ഇതിൽനിന്നും ഉൽഭവിക്കുന്നില്ല.

MR. A. ABDUL RAZAK (*Nedumangad I—Muslim*); Do the present Government give the same interpretation to the term 'public safety' as the previous regime did?

MR. PRESIDENT: The question does not arise.

MR. MOHAMMED MUSTAFA: കെ. എസ് പി. എന്നു പറയുന്നതു് വാസ്തവത്തിൽ, കമ്മ്യൂണിസ്റ്റുകാരിൽ നിന്നും വിഭിന്നമാണ്. ഗവൺമെൻറിൻെറ നയം അവരെ സംബന്ധിച്ചു് ഉള്ള നടപടികളിൽ—

MR. PRESIDENT: On a former occasion I have pointed out that questions on statement of policy cannot be answered. Therefore no further questions bearing on the Government policy can be asked.

### *Labour Congress.*

99. MR. P. S. MUHAMMED: Will the Honourable Minister for Labour be pleased to state:

(a) whether he knows the working of labour organisation under the name 'Labour Congress';

(b) if so, whether these new unions have any allegiance to any political party?

HON'BLE MR. C KESAVAN: I do not know of any labour organisation by name "Labour Congress."

(b) In view of the answer to (a), the question does not arise.

### *Labour in the State.*

100. MR. P. S. MUHAMMED: Will the Honourable Minister for Labour be pleased to state:

(a) whether he has made any enquiry for finding out the real causes for labour unrest in the State;

(b) if the answer to part (a) is in the affirmative, what are the causes;

[Mr. P. S. Muhammed]

(*c*) whether he had asked the labour leaders to place before the Government their demands and requirements in black and white ?

HON'BLE MR. C. KESAVAN : (*a*) As and when labour disputes arise their real causes are always enquired into and found out by the officers of the Labour Department; but no enquiry has been made into the causes of labour unrest in general in the State.

(*b*) Labour disputes arise from one or other of labour demands. The more common labour demands are the following:

(1) demand for higher wages ;
(2) reinstatement of discharged worker ;
(3) compensation for discharged worker ;
(4) demand for bonus ;
(5) complaints against disciplinary actions taken by the management ;
(6) demands for holidays with pay ;
(7) demand for employment of the unemployed, etc.,

(*c*) Unusually the labour representatives place their demands in writing before the managements and officers of the Department.

*Grievances of Labourers.*

101. MR. P. S. MUHAMMED . Will the Honourable Minister for Labour be pleased to state :

(*a*) whether he has made any attempt for studying the grievances of labourers in the taluks of Shertalai and Ambalapuzha; and

(*b*) if so, the real cause of their complaints and unrest among them ?

HON'BLE MR. C. KESAVAN : (*a*) Yes.

(*b*) One ot the grievances of the workers in Shertalai and Ambalapuzha taluks arises out of their unemployment due to the slump in the coir industry. But much of the present unrest is really due to the subversive activities of a certain political party.

*Unrest among labourers.*

102. MR. P. S. MUHAMMED : Will the Honourable Minister for Labour be pleased to state whether Government made any enquiry into the causes of unrest among the labourers ?

HON'BLE MR. C. KESAVAN : No such general enquiry has been made.

MR. P. S. MUHAMMED : തൊഴിലാളികളുടെ ഇടയിൽ അസംതൃപ്തിയും സമാധാനക്കേടും അവസാനിക്കണമെന്നുവരികിൽ യഥാർത്ഥത്തിൽ ഇന്ന് അവർക്കുണ്ടായിട്ടുള്ള അവശതകൾ എന്തെല്ലാമാണെന്ന് അന്വേഷിക്കേണ്ട ആവശ്യം ഗവണ്മെന്റിന് ഉണ്ടെന്നറിയാമോ?

HON'BLE MR. C. KESAVAN : തൊഴിലാളികളുടെ അവശതകൾ തിരുവിതാംകൂറിനു മാത്രമല്ല, ലോകത്തൊട്ടാകെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. പരിഹരിക്കത്തക്ക അവശതകൾ ആണെന്നു ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടാൽ ഗവണ്മെൻറ് ശ്രദ്ധാപതിപ്പിക്കുന്നതായിരിക്കും.

MR. A. K. PATCHU PILLAI (*Peermade—General*) : തൊഴിലാളികളുടെ ഇടയിൽ അസംതൃപ്തി ഇല്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു ?

HON'BLE MR. C. KESAVAN : അസംതൃപ്തി ഉണ്ടെന്നറിയാം. അതിനെപ്പററി ഇൻഡസ്ട്രിയൽ റിലേഷൻസ് സബ്കമ്മിററി വേണ്ട അന്വേഷണം നടത്തിവരികയും ചെയ്യുകയാണ്.

MR. A. K. PATCHU PILLAI : തൊഴിലാളികളുടെ ഇടയിൽ ഉണ്ടാകുന്ന സൈ്വരക്കേറവിനെ അന്വേഷിക്കുന്നതിനായിട്ട് അനുദ്യോഗസ്ഥന്മാരുടെ ഒരു കമ്മിററി കൂടി വേണമെന്നു ഗവണ്മെൻറിന് ബോദ്ധ്യമായിട്ടില്ലേ?

HON'BLE MR. C. KESAVAN : അങ്ങനെ ഗവണ്മെൻറിനു ബോദ്ധ്യമായിട്ടില്ല.

MR. A. K. PATCHU PILLAI : അങ്ങനെ ഗവണ്മെൻറിന് ബോദ്ധ്യം ഉണ്ടാകുന്നപക്ഷം ഒരു കമ്മിററിയെ നിയമിക്കുന്നതിൽ വല്ല വൈമനസ്യവുമുണ്ടോ?

HON'BLE MR. C. KESAVAN : അതു് അപ്പോൾ ആലോചിക്കാം.

## *Text Book Committee.*

103. MR. PAUL THALIAT (*Parur III—General*) ; Will the Honourable Minister for Education be pleased to state :

(*a*) when the Text book Committee now functioning was constituted;

(*b*) the names of the members of the committee ;

(*c*) whether this committee will be re-constituted in the near future?

HON'BLE MR. T. M. VARGHESE : (എ) നിലവിലിരിക്കുന്ന ഈ ടെക്സ്റ്റ്ബുക്ക കമ്മിററി രൂപീകരിച്ചതു് ൧൧൨൧-ൽ ആണ്.

(ബി) കമ്മിററി അംഗങ്ങളുടെ പേരുകൾ ഡയറക്ടറിയിൽ നോക്കിയാൽ കാണാവുന്നതാണ്. എങ്കിലും അവരുടെ പേരുകൾ ഞാൻ വായിക്കാം.

## എക്സ്ഓഫിഷ്യോ മെമ്പറന്മാർ.

൧. ഡയറക്ടർ

൨. പേഴ്സനൽ അസിസ്റ്റന്റ്.

൩. ഇൻസ്പെക്ട്രസ്സ് (തിരുവനന്തപുരം, കോട്ടയം)

൪. ഡിവിഷൻ ഇൻസ്പെക്ടറന്മാർ (തിരുവനന്തപുരം, കൊല്ലം തിരുവല്ലാ, മൂവാററുപുഴ)

൫. ഫാക്കൽട്ടി ഡീൻ (ആർട്ട്സ്)

൬. ഫാക്കൽട്ടി ഡീൻ (ഫൈൻ ആർട്ട്സ്)

൭. ട്രെയിനിംഗ് കാളേജ് പ്രിൻസിപ്പാൾ

൮. ഇൻസ്പെക്ടർ (മുസ്ലീം എഡ്യുക്കേഷൻ)

## സാധാരണമെമ്പറന്മാർ.

മെസ്സേഴ്സ്:— എം. ഗോവിന്ദൻ
കെ. ജി. നാരായണപ്പണിക്കർ
എം. എൻ. സത്യനേശൻ,
ഷാഹുൽഹമീദ്
ബി. എം. രാമസ്വാമിശാസ്ത്രി
ററി. ററി. കേശവൻ ശാസ്ത്രി
ജേക്കബ് പുന്നൻ
മിസ്സ്. മാർട്ടിൻ
കെ. പി. കൃഷ്ണമേനോൻ
എൻ. ഗോപാലപിള്ള
സി. വി. കണ്ണുരാമൻ
ഡാക്ടർ കെ. ഗോദവർമ്മ
വി. നാരായണകമ്മത്ത്
എം. ചുമ്മാർ
കൈനിക്കര എം. കുമാരപിള്ള
വി. സുന്ദരരാജനായിഡു
എം. രാഘവ അയ്യങ്കാർ
പി. എൻ. കുഞ്ഞൻപിള്ള
എം. കെ. ഗോവിന്ദൻ
ശ്രീമതി ലളിതാംബിക അന്തർജ്ജനം

(സി) വീണ്ടും അംഗങ്ങളെ ചേർത്തു് കമ്മിററി പുതുക്കുന്നതാണ്.

MR. P. T. CHACKO: ഈ സഭയിലെ ഏതോ മെമ്പറന്മാർ ടെക്സ്ററബുക്ക കമ്മററി സംബന്ധിച്ച് കോഴവാങ്ങിയ വിവരം പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതും ആ വിവരം കഴിഞ്ഞ സമ്മേളനത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ആണല്ലോ. എന്നാൽ അതിനെപ്പറ്റി ഗവണ്മെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : പത്രത്തിൽ പ്രസിദ്ധം ചെയ്തിരുന്നതായിട്ടറിയാം. എന്നാൽ ആ സംഗതിയെപ്പറ്റി ഗവണ്മെൻറിന നടപടി നടത്തണമെന്നില്ല.

MR. P. T. CHACKO : ആ പത്ര പ്രസ്താവനയെപ്പററി ഈ സഭയിലെ മെമ്പറന്മാർക്കെല്ലാം അറിവുള്ളതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നിയിട്ടില്ലേ?

HON'BLE MR. T. M. VARGHESE : എല്ലാവക്കും അറിവുണ്ടായിരിക്കാം.

MR. P. T. CHACKO : എല്ലാ മെമ്പറന്മാക്കും അറിവുള്ള സ്ഥിതിക്ക് അതിൻെറ സൂക്ഷ്മാവസ്ഥയെ ഗ്രഹിക്കുന്നതിനുവേണ്ടി ഗവണ്മെൻറ് എന്തെങ്കിലും സ്റ്റെപ്പ് എടുക്കേണ്ടതല്ലേ?

HON'BLE MR. T. M. VARGHESE : ആ സംഗതിയെപ്പററി എന്തെങ്കിലും നടപടി നടത്തണമോ വേണ്ടയോ എന്നുള്ള കാൎയ്യം ഗവണ്മെൻറിൻെറ ആലോചനയ്ക്കു് വിഷയമായിട്ടില്ല.

*Eviction of Verumpattam Kudiyans.*

104. MR. PAUL THALIAT: Will the Honourable Minister for Lands be pleased to state ;

(*a*) whether he is aw re that many jenmies in the Northern Taluks of the state are resorting to urgent steps to evict Verumpattam Kudiyans from their holdings ; and

(*b*) if the answer to part (*a*) is in the affirmative will the Government be pleased to take necessary steps immediately to stop all kinds of eviction proceedings ?

HON'BLE MR. C. KESAVAN:

(*a*) No.

(*b*) Does not arise in veiw of the answer to part (a)

MR. PAUL THALIAT : വടക്കൻ താലൂക്കുകളിൽ നിന്നും കുടിയിറക്കുന്നതിനെ സംബന്ധിച്ചുള്ള പരാതികളെപ്പറ്റി ധാരാളം ഹർജികൾ ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ?

HON'BLE MR. C. KESAVAN : വടക്കൻ താലൂക്കുകളിൽനിന്നും ഏതാനും ഹർജികൾ കിട്ടിയിട്ടുണ്ട്. പക്ഷെ അതു ഭൂമി സംബന്ധിച്ച വളരെ ഗൗരവം അർഹിക്കുന്ന ഒരു കാര്യം ആയതുകൊണ്ടു, തിരുവിതാംകൂർ ഭൂമിയുടെ ടെന്യൂറിന്റെ വിവിധതയും രീതികളും പര്യാലോചിച്ച്, മൊത്തത്തിൽ അതിനൊരു പരിഹാരം ഉണ്ടാക്കാമെന്നല്ലാതെ കുടിയിറക്കിനെപ്പററി വടക്കൻ തിരുവിതാംകൂറിലെ ജന്മിമാരെ സംബന്ധിച്ചിടത്തോളം പെട്ടെന്നൊരു തീരുമാനം ഉണ്ടാക്കാൻ സാദ്ധ്യമല്ല. ഈവക കാര്യങ്ങളെപ്പററി അന്വേഷണം ചെയ്തു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഒരു കമ്മിററിയെ നിയമിക്കേണ്ട കാര്യത്തെപ്പററി ഗവണ്മെന്റ് ആലോചിച്ചു വരികയാണ്.

MR. PAUL THALIAT : നിലവിലിരിക്കുന്ന എവിക്ഷൻ കേസുകളെ സംബന്ധിച്ചുള്ള നടപടികൾ നിറുത്തിവയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : അതിനെപ്പററി ആലോചിക്കാം.

MR. T. K. NARAYANA PILLAI (*Parur II—General*) : അങ്ങനെ ഒരു കമ്മിററി സമീപകാലത്തു തന്നെ ഉണ്ടാകുമെന്നു വിശ്വസിക്കട്ടെയോ?

HON'BLE MR. C. KESAVAN : വിശ്വാസത്തിനുള്ള സമയമായിട്ടില്ല.

MR. A. K. PATCHU PILLAI : ആ കമ്മിററിയെ നിയമിക്കാൻ ഉദ്ദേശം എന്തു കാലതാമസം ഉണ്ടാകുമെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : വിവിധതാൽപര്യങ്ങളെ ബാധിക്കുന്ന പല സംഗതികളും ഇതിൽ ഉൾക്കൊണ്ടിട്ടുള്ളതുകൊണ്ടും, വിവിധതാൽപര്യക്കാർ ഇതിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടും അവയെല്ലാം ആലോചിച്ചതിനു ശേഷമേ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളു.

MR. A. K. PATCHU PILLAI : പല താൽപര്യക്കാരോടും ആലോചിച്ചതിനു ശേഷമേ ഈ കമ്മിററി നിയമിക്കുകയുള്ളു എന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു്?

HON'BLE MR. C. KESAVAN : ആ അർത്ഥത്തിലല്ല ഞാൻ പറഞ്ഞതു്.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*) : കുടിയിറക്കൽ സംബന്ധിച്ച സ്ത്രീകളും കുട്ടികളും ഉള്ള അനേകം കുടുംബങ്ങൾ നിരാധാരരായി പോകുമെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ?

HON'BLE MR. C. KESAVAN : ആരെയും നിരാധാരരാക്കണമെന്ന് ഗവണ്മെന്റിനുദ്ദേശമില്ല.

## ഗ്രാമോദ്ധാരണം.

105. MR. V. MADHAVAN *(Vaikom II—General)* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വില്ലേജ് അപ്ലിഫ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ ചുമതല വഹിക്കുന്ന മന്ത്രി സദയം മറുപടിപറയുമോ?

(എ) ൧൧൨൨-ാമാണ്ടത്തെ ഗ്രാമോദ്ധാരണ കേന്ദ്രത്തിനു വേണ്ടി ബഡ്ജററവാദമുള്ള തുക എന്താണ്?

(ബി) ൧൧൨൨-ൽ എത്രകേന്ദ്രങ്ങൾ എടുത്തിരുന്നു?

(സി) ആ കൊല്ലത്തിൽ ആകെ എന്തുതുക ചെലവായി?

(ഡി) ൧൧൨൨-ൽ എടുത്ത കേന്ദ്രത്തിലെ ജോലികളെല്ലാം ആ വർഷം കൊണ്ടു പൂർത്തിയായിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN :

(എ) ൧൩ ലക്ഷം രൂപാ
(ബി) ൧൩
(സി) ൧,൩൯൨,൨൦൧ രൂപാ
(ഡി) ഇല്ല.

MR. E. K. MADHAVAN (*Parur I—General*) : ഓരോ റവന്യൂഡിവിഷനിലും ഇതുപോലെ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ കൂടുതലായിട്ടു ഉണ്ടാക്കാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : അന്വേഷിച്ചു വേണ്ടതുചെയ്യാം.

MR. PAUL THALIAT : ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഓരോസ്ഥലത്തും കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതു?

HON'BLE MR. G. RAMACHANDRAN : ഏതു സ്ഥലത്താണോ വാസ്തവത്തിൽ ഗ്രാമോദ്ധാരണത്തിൻെറ ആവശ്യകതയുള്ളതു്, ആ സ്ഥലത്തു് ഒരു കേന്ദ്രം ഉണ്ടാക്കുകയെന്നുള്ളതാണ് അതിൻെറ തത്വം.

MR. E. K. MADHAVAN : ഓരോ കേന്ദ്രത്തിലും അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവാക്കിയിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

MR. E. K. MADHAVAN : തുക മുഴുവനും ചിലവാക്കാത്തതിനുള്ള കാരണം എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഈ മാതിരി കാര്യങ്ങളിൽ, അതായത് മരാമത്തുവേലകൾക്കായിട്ട് സാധാരണയായിട്ടുണ്ടാകാറുള്ള സാവകാശംകൊണ്ടും തക്കസമയങ്ങളിൽ സാധനസാമഗ്രികൾ കിട്ടാത്തതുകൊണ്ടുമാണ് മുഴുവൻ തുകയും ചെലവാക്കാതെ വന്നിട്ടുള്ളത്.

MR. P. T. CHACKO : ചില സ്ഥലങ്ങളിൽ ഒന്നു രണ്ടു വ്യക്തികൾ തമ്മിൽ ആലോചിച്ചു ഒരു കേന്ദ്രം സമ്പാദിച്ച് അതിനായി അനുവദിക്കുന്ന പണം അടിച്ചെടുക്കുന്നതിനായി ചില ഉദ്യോഗസ്ഥന്മാരുടെ സഹായം കൊണ്ട് സാധിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : ചോദ്യം മനസ്സിലായില്ല.

MR. P. T. CHACKO : വെറും ഒന്നു രണ്ടാളുകളുടെ പ്രേരണയാൽ വശപ്പെട്ട ഉദ്യോഗസ്ഥൻ ഗ്രാമോദ്ധാരണകേന്ദ്രം സ്ഥാപിച്ചുകൊടുക്കയും പണം മററവർ തട്ടി എടുക്കയും ചെയ്തതായറിയാമോ?

HON'BLE MR. G. RAMACHANDRAN : മെമ്പർ ഈ ചോദ്യം ഒന്നുകൂടി ആവർത്തിച്ചതിൽ ആശയം മുൻപിലത്തേക്കാൾ വ്യത്യസ്തമായിരിക്കുന്നു. ഒന്നുകൂടി ആവർത്തിക്കയാണെങ്കിൽ അർത്ഥത്തിനു സാരമായ വ്യതിയാനം സംഭവിക്കുമായിരുന്നു. ഏതായാലും ഉത്തരം അർഹിക്കാത്ത ഒരു ചോദ്യമായതുകൊണ്ട് ഉത്തരം പറയണമെന്നു വിചാരിക്കുന്നില്ല.

*Detenus.*

106. MR. A. NESAMONY (*Vilavancode S. I. U. C.*): Will the Hon'ble Prime Minister be pleased to state :

(*a*) how many persons have been kept in custody without trial till the end of Chithirai 1123;

(*b*) what is the reason for them being so kept in custody;

(*c*) why they are not tried in courts; and

(*d*) how long do the Government intend to keep them in custody?

HON'BLE MR. A. THANU PILLAI : 1. Twenty-one.

2. For acting in a manner prejudicial to the public safety and the maintenance of public order.

3. The reasons could not be disclosed in public interest.

4. As long as there is reason to believe that they will be acting in a manner prejudicial to public safety and the maintenance of public order.

MR. A. NESAMONY: Are these people detained in the Central Jail at Trivandrum or in the mofussil lock-ups?

HON'BLE MR. A. THANU PILLAI: They are in the Central Jail, Trivandrum, except one who is in the Noornad Leper Hospital.

### *Production of food materials.*

107. MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar*): கண்ணியம் தங்கிய முதல் மந்திரி கீழ் தந்திருக்கும் வினாக்களுக்கு விடைசெய்புவாராக :—

1. உணவுப் பொருள் உற்பத்திக்கென்று நெய்யாற்றின்கரை, விளவங்கோடு, கல்குளம், அகஸ்தீஸ்வரம், தோவாளை தாலுகாக்களில் :—

(a) நெற்பயிர்க்கென்று கொடுக்கப்பட்ட ஏக்கர் எத்தனை ?

(b) மற்ற உணவுப் பொருள் உற்பத்திக்கென்று கொடுக்கப் பட்ட ஏக்கர் எத்தனை ?

(c) வீதப்பள்ளி ரிசர்வில், ஏதாவது உணவுப் பொருள் உற் பத்திக்கென்று கொடுக்கப்பட்டதா ?

(d) கொடுக்கப்பட்டிருந்தால் :—

(i) எவ்வளவு ஸ்தலம் கொடுக்கப்பட்டது ?

(ii) தனி நபர்களுக்கா அல்லது சங்கங்களுக்கா ?

(iii) இப்போது எத்தனை மனுக்கள் அனுமதிக்கப்படா மலிருக்கின்றன ?

(iv) அனுமதிக்கப்படாமலிருந்தால் அதன் நோக்க மென்ன ?

HON'BLE MR. K. M. KORAH:

1. (*a*) **1445 acres 48 cents.**
   (*b*) **649 acres 97 cents.**
   (*c*) **Yes.**
   (*d*) (i) **17 acres 80 cents.**
   (ii) **to individuals.**
   (iii) **three.**
   (iv) **pending enquiry.**

MR. A. CHIDAMBARANATHA NADAR: நெல்கிருஷிக்காகக் கொடுக்கப் பட்டிருக்கும் நிலத்தில் எவ்வளவு கிருஷி செய்யப்பட்டிருக்கிறதென்று சொல்லமுடியுமா ?

HON'BLE MR. K. M. KORAH: That matter is being enquired into by the food production staff.

MR. A. CHIDAMBARANATHA NADAR: மூன்று பேர்களுக்கு கொடுக் கப்பட்டிருப்பதாகச் சொன்னீர்கள். அவர்களது பேர்களைத் தயவுசெய் து கனம் மந்திரி அவர்கள் சொல்வார்களா ?

HON'BLE MR. K. M. KORAH: The 3 individuals to whom Government have leased the lands are (1) Mr. C. Sukumaran Nair, (2) Mr. V. Kunjukrishnan Nair and (3) Mr. Nallathampinesa Nadar.

### *Dispensary at Pampady.*

108. MR. P. T. CHACKO: Will the Honourable Minister for Medicine be pleased to state:

[Mr. P. T. Chacko.]

(a) whether the Government have received any representations regarding the inconvenience caused to the public due to want of accommodation in the present building used for the dispensary of Pampady; and

(b) if so, whether Government have taken any action regarding the matter?

HON'BLE MR. G. RAMACHANDRAN: (a) Yes.

(b) The question is engaging the attention of Government.

MR. P. T. CHACKO: ആ കെട്ടിടം ഏതു സമയവും താഴെപ്പോകാവുന്ന ഒരു രീതിയിലാണു് ഇരിക്കുന്നതെന്നു് ഗവമെൻറിനു് അറിയാമോ?

HON'BLE MR. G. RAMACHANDRAN: അറിവുണ്ടു്. അതുകൊണ്ടുതന്നെയാണു് ആക്കാര്യത്തിൽ ഗവണ്മെൻറു് കാര്യമായി അന്വേഷിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു്.

MR. P. T. CHACKO: ഇങ്ങനെ അന്വേഷിച്ചുകൊണ്ടു നാളും കഴിയുമ്പോൾ കെട്ടിടം താഴെ പോകുകയും തന്നിമിത്തം അനേകം രോഗികൾ മരിക്കാൻ ഇടയാകുകയും ചെയ്യുമെന്നു് അറിയാമോ?

HON'BLE MR. G. RAMACHANDRAN: അന്വേഷിക്കുക മാത്രമല്ല ചെയ്യുന്നതു്. ഉടൻതന്നെ പരിഹാരങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നുണ്ടെന്നാണു് ഞാൻ പറഞ്ഞതു്.

### *Compulsory education scheme.*

109. MR. A. CHIDAMBARANATHA NADAR: Will the honourable Minister for Education be pleased to state:

(1) in which all taluks of Travancore the compulsory education scheme has been introduced till now?

(2) whether the pay of the teachers of the primary schools not brought under the compulsory education scheme has been increased as in the case of teachers of the primary schools brought under compulsory scheme; if not, why?

(3) whether the Government are aware that the pay of the teachers of the compulsory education scheme is insufficient in proportion to their work?

(4) why should the teachers be put to difficulties by transferring them to distant places while there are schools in their own places on divisions where they can earn their livelihood with the pay they get?

(5) on what principle are the Sub-Inspectors appointed? Is it on caste-war basis, if not what other method is being followed?

HON'BLE MR. T. M. VARGHESE : (എ) തിരുവിതാംകൂറിൽ തോവാള, അഗസ്തീശ്വരം, കല്ക്കുളം, വിളവംകോട്, തിരുവനന്തപുരം, കുന്നത്തൂർ, പറവൂർ, പത്തനാപുരം, നെടുമങ്ങാട് എന്നീ താലൂക്കുകളിലാണ് നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) പഠിപ്പിക്കുന്ന വാദ്ധ്യാന്മാരുടെ ശമ്പളം നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലും അല്ലാത്തുള്ളിടത്തും ഒന്നുപോലെയാണ്.

(സി) വാദ്ധ്യാന്മാരുടെ ശമ്പളം കുറവാണെന്ന് ഗവണ്മെന്റിന് ബോദ്ധ്യമായിട്ടില്ല.

(ഡി) സർവ്വീസിന്റെ ആവശ്യം അനുസരിച്ചു കഴിയുന്നതും അവരവരുടെ സ്വന്തസ്ഥലങ്ങളിലും അതിനടുത്തുള്ള സ്ഥലങ്ങളിലും സ്ഥലംമാററുകയെന്നുള്ളതാണ് ഗവണ്മെന്റിന്റെ നയം.

(ഇ) സബ്ബ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതു സീനിയാറിട്ടി നോക്കിയും എന്നാൽ കാര്യക്ഷമതയ്ക്കു ഭംഗംവരാതെയുമാണ്.

MR. A. CHIDAMBARANATHA NADAR : ஒவ்வொரு தாலுகாவில் ஒவ்வொருவாத்தியார் ஜோலி அங்கீகரிக்கத் தேவை இருக்க அவர்களை அடுத்த தாலுகாவிற்கு மாற்றிக்கொண்டிருக்கிறார் என்பது மந்திரி அவர்களுக்குத் தெரியுமா ?

HON'BLE MR. T. M. VARGHESE : അങ്ങിനെ അറിഞ്ഞുകൂടാ.

*Construction of buildings for the compulsory education scheme.*

110. MR. A. CHIDAMBARANATHA NADAR : Will the honourobl Minister for Development answer the following questions:

(1) at what all places have lands been acquired for the construction of buildings for compulsory primary Education ;

(2) whether schools have been constructed at those places ;

(3) why buildings have not yet been put up at Kattadithattu, Dharmapuram pakuthy and Charakkal Vilai, Vadiveeswaram pakuthy, where lands have been acquired for the construction of compulsory primary schools.

HON'BLE MR. T. M. VARGHESE : (എ) സ്ഥലം പൊന്നും വിലയ്ക്ക് എടുത്തിട്ടുള്ളതു ൩൬ സ്ഥലങ്ങളിലാണ്. അതായതു,

[Hon'ble Mr. T. M. Varghese.]

| | | | |
|---|---|---|---|
| 1 | Kannakurichy | 19 | Asaripallom |
| 2 | Ezhakaram | 20 | Soorankudy |
| 3 | Variyoor | 21 | Maravankudiyirappu |
| 4 | Puthoor | 22 | Kumarapuram |
| 5 | Kottar Bazaar | 23 | Arumanalloor |
| 6 | Kodugramam | 24 | Parakkai junction |
| 7 | Mahadanapuram | 25 | Pottakulam |
| 8 | Pillayarvilai | 26 | Nedumgad |
| 9 | Pottiyoor | 27 | Nandavanam |
| 10 | Kurathiara | 28 | Ooolampara |
| 11 | Krishnancoil village | 29 | Kuriathy |
| 12 | Pambanvilai | 30 | Sreekariyam |
| 13 | Amanakkanvilai | 31 | Padivattam |
| 14 | Chiramatom | 32 | Sooranad Naduvil |
| 15 | Aramboly village | 33 | Kuravanconam |
| 16 | Thengomputhoor | 34 | Peruvila East |
| 17 | Chettikulam | 35 | Rajakamangalam |
| 18 | Azhagappapuram | | |

(ഡ) കൊടുഗ്രാമം, ശ്രീകാര്യം, പടിവട്ടം, ശൂരനാട നടുവിൽ, പെരുവിള എന്നീ സ്ഥലങ്ങൾ ഒഴിച്ച് മറ്റെല്ലാടത്തും പള്ളിക്കൂടങ്ങൾ കെട്ടിയിട്ടുണ്ട്.

(ഢ) അവിടെ പൊന്നുംവിലകൊടുത്തു എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. പൂർത്തിയായാൽ ഉടൻതന്നെ ആവശ്യമുള്ള പള്ളിക്കൂടങ്ങൾ കെട്ടുന്നതിനുള്ള നടപടികൾ ഊർജ്ജിതത്തിൽ തുടരുന്നതായിരിക്കും.

MR. A. CHIDAMBARANATHA NADAR : பொன்னுவிலை கொடுத்தெடுத்த இடங்களில் பள்ளிக்கூடம் கட்டுவதற்கு இவ்வளவு தாமதமென்ன ?

HON'BLE MR. T. M. VARGHESE : എത്രയും വേഗം ഒരു പള്ളിക്കൂടം കെട്ടുന്നതിനാവശ്യമുള്ള സമയം മാത്രമേ എടുത്തിട്ടുള്ളൂ.

MR. PONNARA G. SREEDHAR (*Nedumangad II—General*) : ചില താലൂക്കുകളിൽ പൊന്നും വിലയ്ക്കു സ്ഥലങ്ങൾ എടുക്കുകയും മറ്റു ചില സ്ഥലങ്ങളിൽ അങ്ങിനെ എടുക്കാതിരിക്കുകയും ചെയ്യാൻ കാരണം എന്താണ് ?

HON'BLE MR. T. M. VARGHESE : ചില സ്ഥലങ്ങളിൽ അവിടെയുള്ള ആളുകൾതന്നെ സൗജന്യമായി സ്ഥലങ്ങൾ വിട്ടുതന്നിട്ടുണ്ട്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ പൊന്നുംവിലകൊടുത്തു എടുക്കേണ്ട ആവശ്യം വന്നിട്ടില്ല.

*Railway up to Cape*

111 MR. CHELLASWAMI NADAR (*Vilavancode—Hindu Nadar*): Will the Honourable Minister for Finance be pleased to state whether the Government will take steps to extend the railway up to Cape from Trivandrum?

HON'BLE MR. A. THANU PILLAI: The matter has not been considered by Government.

൧൯൩൩-ൽ ഇതു സംബന്ധമായിട്ട് അന്വേഷണം നടത്തിയിട്ടുണ്ട്. എന്നാൽ എക്സ്റ്റെൻഷൻ വേണ്ടാ എന്ന് തീരുമാനിക്കുകയാണ് ചെയ്തത്.

MR. CHELLASWAMI NADAR : *சில வருஷங்களுக்கு முன்னால் திருவனந்தபுரம் நாகர்கோவில் Railway போடுவதற்காக சர்வே முதலியன செய்யப்பட்டதென்ற காரியம் கனம் மந்திரி அவர்களுக்குத் தெரியுமா ?*

HON'BLE MR. A. THANU PILLAI : അതിനെപ്പറ്റി പര്യാലോചിച്ചതിനുശേഷമേ ഉത്തരം പറയാൻ ഒക്കുകയുള്ളൂ.

MR. CHELLASWAMI NADAR : *தற்போதைய நிலைமையில் ஒரு Railway அவசியமாகும் என்பது மந்திரி அவர்களுக்குத் தெரியுமா ?*

HON'BLE MR. A. THANU PILLAI : റെയിൽവേ എവിടെ നീട്ടിയാലും കൂടുതൽ സൗകര്യം ഉണ്ടാകും.

MR. K. R. ELANKATH (*Trivandrum IV—General*) : ഇതു സംബന്ധിച്ച് സർവ്വേ നടത്താൻ എന്തു ചെലവായിട്ടുണ്ട് ?

HON'BLE MR. A. THANU PILLAI : നോട്ടീസു വേണം.

MR. N. P. VARGHIS (*Thodupzha II—General*) : കൊട്ടാരക്കര നിന്നും ആലുവായ്ക്കു ലൈൻ നീട്ടുവാൻ ആലോചനയുണ്ടോ ?

HON'BLE MR. A. THANU PILLAI : അതും ഇതുമായിട്ടു ബന്ധമില്ല.

MR. K. K. CHELLAPPAN PILLAI : എവിടെയെങ്കിലും ലൈൻ നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. A. THANU PILLAI : അതിനും ഇതുമായിട്ടു ബന്ധമില്ല.

MR. ABDUL AZIZ : ലൈൻ നീട്ടാൻ സർവെ ചെയ്യുകയും പിന്നെ അവിടെ വേണ്ടെന്നുവയ്ക്കുകയും ചെയ്യാൻ കാരണമെന്താണ് ?

HON'BLE MR. A. THANU PILLAI : അന്നത്തെ ഗവണ്മെൻറ് അങ്ങനെ ചെയ്തുവെന്നല്ലാതെ മറ്റൊന്നും പറയാനില്ല.

### *Export of tapioca.*

112. MR. CHELLASWAMI NADAR : Will the Honourable Minister for Food be pleased to state :

(*a*) whether the Government are aware of the high cost of tapioca ; and

(*b*) if so, whether the Government will take steps to stop the export of tapioca outside the State ?

HON'BLE MR. K. M. KORAH: (*a*) Yes.

(*b*) The export of tapioca in any form is prohibited by the State except under a permit issued by the Excise Commissioner.

MR. CHELLASWAMI NADAR: தற்போது மரச்சீனி விலே பணத்திற்கு மூன்றரை ராத்தல் தான் உண்டு என்பது கனம் மந்திரி அவர்களுக்குத் தெரியுமா ?

HON'BLE MR. K. M. KORAH: Yes.

MR. P. T. CHACKO: പച്ചക്കപ്പയ്ക്കു വില വളരെ വർദ്ധിച്ചുവരുന്നു എന്നുള്ള വിവരം അറിയാമോ ?

HON'BLE MR. K. M. KORAH: That is clear from the answer to part (a)

MR. A. CHITHAMBARANATHA NADAR: தற்போது சாப்பிடுவதற்கு அரிசி இல்லாது திண்டாடும் இந்தக் காலத்தில் பர்மிட் கொடுத்து மரச்சீனியை ஏன் அனுப்ப வேண்டும் ?

HON'BLE MR. K. M. KORAH: It is not fair that permit is given for the export of tapioca and it is not being given. The only permit that is being given is for tapioca starch under very exceptional circumstances.

MR. P. T. CHACKO: പടിഞ്ഞാറൻഡിക്കിലെ തൊഴിലാളികളുടെ ആവശ്യത്തിനായി പച്ചമരച്ചീനിയുടെ വില കുറയ്ക്കുന്നതിനുവേണ്ട നടപടി എടുക്കുമോ ?

HON'BLE MR. K. M. KORAH: ആലോചിച്ചു വേണ്ടതു ചെയ്യാം.

MR. K. K. CHELLAPPAN PILLAI: ഈ ആണ്ടിൽ എത്ര പെർമിററുകൾ കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

HON'BLE MR. K. M. KORAH: മരച്ചീനിയെ കുറിച്ചാണോ സ്റ്റാർച്ചിനെ കുറിച്ചാണോ ചോദ്യം ?

MR. K. K. CHELLAPPAN PILLAI: രണ്ടുംകൂടി ഉദ്ദേശിച്ചാണു ചോദിച്ചതു.

HON'BLE MR. K. M. KORAH: മരച്ചീനിക്കു കൊടുത്തിട്ടില്ല. സ്റ്റാർച്ചിനു ഒരു പെർമിററു കൊടുത്തിട്ടുണ്ടു.

MR. K. K. CHELLAPPAN PILLAI: എത്ര ടണ്ണിനാണു പെർമിററു കൊടുത്തതെന്നു പറയാമോ ?

HON'BLE MR. K. M. KORAH: നോട്ടീസു വേണം.

MR. P. T. CHACKO: മരച്ചീനി വലിയ തോതിൽ കൃഷിചെയ്യാൻ ആരെങ്കിലും ഗവണ്മെൻറിനെ സമീപിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH: നോട്ടീസുവേണം. പക്ഷെ ആരെങ്കിലും ഗവണ്മെൻറിനെ സമീപിച്ചാൽ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണു.

*K. D. H. P. Company.*

113. MR. P. GOPALAN (*Vaikom III—General*): Will the honourable Minister for Coffee, Rubber etc., be pleased to state:

(*a*) whether the term of the agreement with the Kannan Devan Company has expired;

(*b*) if the answer is in the affirmative whether the Government have entered into any fresh agreement with the Kannan Devan Co., and

(*c*) whether the Government have considered the question of nationalising the Kannan Devan Estate?

HON'BLE MR. C. KESAVAN: (*a*) The agreement is in perpetuity (*Vide* clause 12 of the agreement contained in the Land Revenue Manual Vol. 2.)

(*b*) In view of the above, this question does not arise.

(*c*) There is no such question under the consideration of the Government.

MR. P. GOPALAN: അതു് നാഷണലൈസ് ചെയ്യുന്നതിനെപ്പററി ഗവൺമെൻറു് ആലോചിക്കുമോ ?

HON'BLE MR. C. KESAVAN: ഇപ്പോൾ ആലോചിക്കുകയില്ല.

MR. P. GOPALAN: അതിനുള്ള കാരണം പറയുമോ ?

HON'BLE MR. C. KESAVAN: അങ്ങനെ ആലോചിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടുതന്നെ.

MR. A. ABDUL RAZAAK: Is the agreement irrevocable under all circumstances?

HON'BLE MR. C. KESAVAN: It is a matter for legal opinion. The member may refer to the agreement and to a lawyer. If he so desires, Government will refer the matter to the Legal Remembrancer.

MR. ABDUL AZIZ: Will the Government be pleased to refer the matter to the Advocate-General?

HON'BLE MR. C KESAVAN: Yes, if so required.

*Balance sheet of Food Accounts.*

114. MR. K. S. JOSEPH (*Thiruvella IV—General*): Will the Honourable Minister for Food be pleased to state:

(*a*) whether the balance sheet for the year 1121-1122 of Food Accounts has been prepared;

(*b*) if so, whether it was done after a physical verification of stock; and

(*c*) why yearly balance sheets were not prepared and published?

HON'BLE MR. K. M. KORAH: (*a*) Yes; it was published in the Government Gazette dated 3-3-1948.

(*b*) No.

(*c*) The food transactions relate to both imported foodgrains and local paddy. As the accounts relating to local paddy were not received in time, the balance sheet for 1121 and 1122 had to be published only now.

MR. K. S. JOSEPH: Were they prepared together or separately?

HON'BLE MR. K. M. KORAH: They were prepared together.

MR. K. S. JOSEPH: May I know why they were not prepared annually as the other accounts of Government are done?

HON'BLE MR. K. M. KORAH: I have answered it in part (c). If it is not clear I shall repeat the answer once again.

"(c) The food transactions relate to both imported foodgrains and local paddy. As the accounts relating to local paddy were not received in time, the balance sheet for 1121 and 1122 had to be published only now."

MR. K. S. JOSEPH: My question is different. My question is why the accounts of this year were not prepared separately?

HON'BLE MR. K. M. KORAH: Because the accounts relating to local paddy were not received in time.

*Constitutional position in the University.*

115. MR. V. O. MARKOS (*Kottayam III—General*): Will the Honourable Minister for Education be pleased to state:

(*a*) whether the Honourable Minister for Education has any constitutional place in the administrative bodies of the University of Travancore;

(*b*) whether the Government are aware that in some Universities in India, the Minister for Education has a constitutional place in their administrative bodies; and

(*c*) whether the Government do not feel that in the wider interest of education in the State, the Honourable Minister for Education should have an appropriate constitutional position in the University; and

(*d*) whether the Government will be pleased to take the necessary steps for amending the University Act or making other arrangements with a view to providing the Honourable Minister for Education, a constitutional place in the University?

HON'BLE MR. T. M. VARGHESE: (എ) നിയമപരമായോ കാൺസ്റ്റിട്യൂഷണൽ ആയോ ബന്ധം ഒന്നുമില്ല.

(ബി) മററു ചില യൂണിവേഴ്സിററികളിൽ അങ്ങിനെ ഒരു ബന്ധം ഉണ്ടെന്നറിയാം.

(സി) അങ്ങിനെ ഒരു ബന്ധം ഉണ്ടാക്കേണ്ടതുണ്ടോ എന്നുള്ള കാര്യത്തെപ്പററി ഗവണ്മെൻറ് ഇതുവരെ ആലോചിച്ചിട്ടില്ല.

(ഡി) ആലോചിക്കാം.

MR. V. O. MARKOS: ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇക്കാര്യം ഉടനെ പെടുത്തുമോ എന്നാണ് അറിയേണ്ടത് ?

HON'BLE. MR. T. M VARGHESE: അതിനെപ്പററി ആലോചിക്കാം.

MR. V. O. MARKOS: ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടമോ എന്ന പറയാമോ ?

HON'BLE MR. T. M. VARGHESE: പെട്ടമോ എന്ന നോക്കാം. പെട്ടനാതാണെങ്കിൽ പെടുത്താം.

MR. V. O. MARKOS: ശ്രദ്ധയിൽ പെടുന്നത് വളരെ നല്ലതാണെന്ന പറഞ്ഞാൽ അതു ചെയ്യുമോ ?

HON'BLE MR. T. M. VARGHESE: അതിനെപ്പററിയും ആലോചിക്കാം.

MR. T. K. NARAYANA PILLAI: മററ് ഇൻഡ്യൻ യൂണിവേഴ്സിറ്റികളിൽ അങ്ങിനെ ഒരു ബന്ധം ഉണ്ടെന്ന ഗവണ്മെൻറിന്ന അറിയാവുന്ന സ്ഥിതിക്ക് അതുമാതിരി ഒരു ബന്ധം ഇവിടെയും ആവശ്യമാണെന്ന ഗവണ്മെൻറിന്ന തോന്നിയിട്ടുണ്ടോ ?

HON'BLE MR. T. M. VARGHESE: അതു അർഹിക്കുന്ന ഗൗരവത്തോടുകൂടി ആലോചിക്കാനുള്ള സന്ദർഭം ഉണ്ടായില്ല. ഏതായാലും ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥിതിക്ക അതിനെപ്പററി ആലോചിച്ച് അടുത്ത സമ്മേളനത്തിൽ പറയാം.

MR. K. K. CHELLAPPAN PILLAI: സർ, ഒരു പായിൻറ ആഫ് ആർഡർ. ചോദ്യം ചോദിച്ചുകഴിഞ്ഞാൽ ഉത്തരം പറയുന്നതിന്ന മുമ്പ് വേറൊരു മെമ്പറെ വിളിക്കുന്നതു സങ്കടകരമാല്ലേ ?

MR. PRESIDENT: ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് കുറെക്കൂടി നിയന്ത്രണം വേണ്ടതാണ്. ഒരു ചോദ്യത്തിന്ന ഒരു മണിക്കൂർ വേണമെങ്കിലും ഉപചോദ്യങ്ങൾ ചോദിക്കാൻ കഴിയും. അതു് അനുവദിക്കാവുന്നതല്ല.

*Co-ordination of the working of the Department of Education and that of the University.*

116. MR. V. O. MARKOS: Will the Honourable Minister for Education be pleased to state:

(*a*) what, if any, is the constitutional relation between the department of Education (Public Instruction) and the University of Travancore;

(*b*) whether there is any provision or arrangement for co-ordinating the working of the Department of Education and that of the University of Travancore; and

[Mr. V. O. Markos.]

(c) if the answer to (b) is in the negative, do the Government feel the necessity for such co-ordination and do they intend to set up the necessary machinery therefor?

**HON'BLE MR. T. M. VARGHESE:** (എ) എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറും യൂണിവേഴ്സിറ്റിയും തമ്മിൽ നിയമപരമായി ബന്ധം ഒന്നും തന്നെ നിലവിലില്ല.

(ബി) ഈ രണ്ടു സ്ഥാപനങ്ങളേയും തമ്മിൽ ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഒന്നും നടത്തിയിട്ടില്ല.

(സി) അതിനുവേണ്ടി നടപടികൾ നടത്തുന്നതുതന്നെ ശരിയായിരിക്കുമോ എന്നതു ഒരു വാദവിഷയമാണ്. ഇതേപ്പററി ഗവണ്മെൻറു ചിന്തിച്ചിട്ടില്ല. സന്ദർഭം വരുമ്പോൾ ചിന്തിക്കുന്നതാണ്.

**MR. V. O. MARKOS:** അടുത്തകാലത്തു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുമോ എന്നും ആലോചിക്കുമോ എന്നും അറിഞ്ഞാൽ കൊള്ളാം.

**HON'BLE MR. T. M. VARGHESE:** മെമ്പർ പറഞ്ഞ സ്ഥിതിക്ക് അതു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നതായിരിക്കും.

**MR. EAPAN ARACKAL:** യൂണിവേഴ്സിററിയുടെമേൽ ഗവണ്മെൻറിന് ഏതെങ്കിലും നിയന്ത്രണാധികാരം ഉണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.

**HON'BLE MR. T. M. VARGHESE:** അങ്ങിനെ ഒരു നിയന്ത്രണവുമില്ലെന്നു മുമ്പു പറഞ്ഞു കഴിഞ്ഞു.

*Agricultural Income.*

117. **MR. A. K. PATCHU PILLAI** (*Peermade—General*): Will the Honourable Minister for Finance be pleased to state:

(a) is there any standard rate at present by which agricultural income per acre of cultivation for improvements of different kinds, on crop basis is to be assessed;

(b) if so, does the Government know that the income per acre in different parts of the State is not uniform;

(c) will the Government be pleased to fix some standard rate per acre of income on crop basis of different localities so that the officers concerned may not assess the parties arbitrarily;

(d) does the Government know that the discretion vested at present in the officers and the procedure that is being followed are liable to be abused in favour of parties in some cases and against them in others; and

(e) when there is dispute regarding the amount or extent of cultivation in a particular area, will the Government be pleased to make arrangement for local inspection by responsible officers on the application and at the cost of aggrieved parties?

HON'BLE MR. C. KESAVAN: (a) There is no standard rate.

(b) This question does not arise in view of the answer to part (a).

(c) It is not possible to fix the standard rate per acre since the income will vary from year to year and from holding to holding.

(d) No.

(e) Income Tax Officers are allowed discretion in regard to the enquiries including local inspection at Government cost to be made in deciding assessment cases. No further directions are necessary in conducting inspections.

MR. A. K. PATCHU PILLAI: കായൽ കരങ്ങളിലും മലനാടുകളിലും ഉള്ള തെങ്ങുകളിൽനിന്നു കിട്ടുന്ന ആദായത്തിൽ വലിയ വ്യത്യാസമുണ്ടെന്നു ബഹു. മന്ത്രിക്കറിയാമോ ?

HON'BLE MR. C. KESAVAN: ഉണ്ടെന്നും വരാം, ഇല്ലെന്നും വരാം.

MR. A. K. PATCHU PILLAI: അങ്ങനെ ഉണ്ടെന്നു തോന്നുന്നപക്ഷം വ്യത്യസ്തമായ നിലയിൽ അസ്സസ് ചെയ്യുന്നതിന് ഏർപ്പാടുചെയ്യുമോ ?

HON'BLE MR. C. KESAVAN: അതുതന്നെയാണ് ഉത്തരത്തിൽ പറഞ്ഞിരിക്കുന്നതു്. സമീപസ്ഥലങ്ങളിൽ സമ്മതിക്കപ്പെട്ട റേറ്റ് ഏതെന്നു നോക്കി ആ കണക്കുവച്ചിട്ടാണ് വിലയിടുന്നതു്.

### *Oodukoor Settlement.*

118. MR. D. GNANASIGAMONI (*Kalkulam II—General*): Will the Honourable Minister for Land be pleased to state:

(a) the number of cases stayed relating to Oodukoor holding since the date of the Travancore Oodukoor Settlement Proclamation;

(b) whether any Oodukoor settlement officer has been appointed;

(c) if so, whether the settlement officer has passed any award so far, and if so, how many;

(d) whether any register of Oodukoor holdings has been prepared;

(e) if so, for what all pakuthies; and

(f) the time within which the officer is likely to finish his work?

HON'BLE MR. C. KESAVAN. (a) 546.

(b) Yes.

(c) The Oodukoor Settlement Officer took charge of the appointment only on 20-7-1918, and has not so far passed any award.

(d) No.

(e) This does not arise in view of the answer to part (d)

(f) This cannot be estimated now.

MR. D. GNANASIGAMONI: In view of the possible long delay in the award, will the Government consider the desirability of suspending the operation of the Oodukoor Settlement Proclamation in respect of the cases pending before the courts?

HON'BLE MR. C. KESAVAN The Officer has just been appointed. He is going to begin the work in right earnest. I do not think there is any necessity of interfering with the work of the courts.

MR. A. NESAMONY: Does the Hon'ble Member know that suits have been delayed for 3 years and more?

HON'BLE MR. C. KESAVAN I claim notice. Government will see that no delay is caused.

MR. A. NESAMONY. May I know where the office of this Officer is situated?

HON'BLE MR C. KESAVAN: The Officer is here. He has only just taken charge and he will be having his office at Kuzhithurai, preferably.

MR. S. KUTTAN (*Neyyattinkara I - General*): ഊട്ടുക്കൂർ സെററിൽമെൻറു പ്രാക്ലമേഷൻ നം ൦-ാംവകുപ്പുപ്രകാരം അതിരുതിരിച്ചു ഓർച്ചു തീരുമ്പോൾ ഉണ്ടായിട്ടുള്ള കേസുകളിൽ ഇപ്പോഴും നടപടി നിറുത്തിവച്ചിരിക്കുന്ന കേസുകളെ സംബന്ധിച്ചെങ്കിലും ഒരു വ്യവസ്ഥ ചെയ്യാൻ ഗവമെൻറു ശ്രദ്ധിക്കുമോ ?

HON'BLE MR. C KESAVAN: ഊട്ടുക്കൂർ സ്പെഷ്യൽ ആഫീസർ അത്യാവശ്യമുള്ള കേസ്സുകളിൽ ആയിരിക്കും ആദ്യം ഇടപെട്ടു് തീരുമാനങ്ങൾ ചെയ്യുന്നതു്.

### *Construction of a Pier in the Colachal Port.*

119. MR. D. GNANASIGAMONI: Will the Hon'ble Minister for Marine be pleased to state:

(a) whether any representation had been made as regards the construction of a Pier in the Colachel Port; and

(b) if so, whether the matter has been considered by Government?

HON'BLE MR. T. M. VARGHESE: (എ) കളച്ചൽ പിയറിനെപ്പററി റിപ്രസൻറേഷൻ കിട്ടിയിട്ടുണ്ട്.

(ബി) ഗവണ്മെൻറ് അക്കാര്യത്തെപ്പററി പര്യാലോചിക്കുകയും തൽക്കാലം അതു വേണ്ടെന്നുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

MR. D. GNANASIGAMONI: Are the Government aware that it is a long felt need?

HON'BLE MR. T. M. VARGHESE: ൧൯൩൭-ൽ ഇതേപ്പററിയുള്ള പരിഗണനകൾ ഉണ്ടായിട്ടുണ്ട്. അതു് ഉണ്ടാക്കേണ്ടതിൻെറ ആവശ്യം ഗവണ്മെൻറിനു ബോദ്ധ്യംവന്നിട്ടില്ല.

MR. A. KESAMONY: Is the Government aware that monazite and other sands are being exported through Colachel?

HON'BLE MR. T. M. VARGHESE: Yes, Government are aware of the fact that monazite and allied minerals are being exported through Colachel. At present the details of the export Government are not aware of.

*Revision of pay of Staff in the Government Press.*

120. MR. D. GNANASIGAMONI: Will the Honourable Minister for Stationery and Printing be pleased to state:

(*a*) whether the Controller of Stationery and Printing has made any submission for a general revision of the various scales of pay as regards the establishment staff in the Government Press; and

(*b*) if so, the action taken by Government on such submission.

HON'BLE MR. T. M. VARGHESE;

(എ) അങ്ങനെ റിപ്രസൻറേഷൻ കിട്ടിയിട്ടുണ്ട്.

(ബി) പൊതുവിൽ ശമ്പളം കൂട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ ഗവണ്മെൻറ് സ്വീകരിച്ചുകൊണ്ടു് ഇതിലേക്കു വേണ്ട നടപടികൾ നടത്തുന്നതാണ്. അതുകൊണ്ടു് സ്റ്റേഷനറിയും പ്രിൻറിംഗും വകുപ്പുകളിലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം പ്രത്യേകം പരിഗണിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR. D. GNANASIGAMONI: May I know the date on which this submission is made?

HON'BLE MR. T. M. VARGHESE: The submission was made in March 1947.

HON'BLE MR. T. M. VARGHESE: ൧൯൪൭ മാർച്ചിലാണ്.

MR. T. K. NARAYANA PILLAI : പൊതുവേ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ ? അതുസംബന്ധമായി എന്തെങ്കിലും നടപടികൾ നടത്തിയിയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

HON'BLE MR. T. M. VARGHESE : കുറഞ്ഞ ശമ്പളക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന വിഷയത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ പണ്ടു മുതൽതന്നെ പതിഞ്ഞിട്ടുണ്ട്. ചില ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മററു ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തോട് അടുത്തുവരത്തക്കവണ്ണം ഒരു സ്ഥിരീകരണം നടത്തുന്നതായിരിക്കും.

MR. T. K. NARAYANA PILLAI: അതിനുള്ള നടപടികൾ നടത്തുന്നതിന് എത്ര താമസം വേണ്ടിവരുമെന്നു പറയാമോ ?

HON'BLE MR. T. M. VARGHESE: മററു എല്ലാ സംഗതികളുടേയും പ്രാധാന്യത്തെ പരിഗണിച്ചു മാത്രമേ അതു നിശ്ചയിക്കാൻ നിവൃത്തിയുള്ളു.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*): വലിയ ശമ്പളക്കാരുടെ ശമ്പളം കുറയ്ക്കുന്നതിനുകൂടി ആലോചിക്കുമോ ?

HON'BLE MR. T. M. VARGHESE : അമിതമായി ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവരുടെ ശമ്പളം തീർച്ചയായും കുറയ്ക്കുന്നതായിരിക്കും.

MISS. ANNIE MASCARENE : ഏററവും കുറഞ്ഞ ശമ്പളം എത്രയായിരിക്കണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നതെന്നു പറയാമോ ?

HON'BLE MR. T. M. VARGHESE : അതു പലതും ആലോചിച്ചേ പറയാൻ നിവൃത്തിയുള്ളു.

MR. ABDUL AZIZ : അമിതമായ ശമ്പളം എന്നു പറഞ്ഞാൽ എത്ര രൂപായ്ക്കുമേൽ എന്നാണു അർത്ഥമാക്കേണ്ടതു് ?

HON'BLE MR. T. M. VARGHESE : സാധാരണ ചെലവിനും കുറച്ചു സുഖസൗകര്യങ്ങൾക്കും മതിയാകത്തക്ക സംഖ്യയ്ക്കുമേലുള്ളതെല്ലാം അമിതമാണ്.

MR. MOHAMMED MUSTAFA: അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാർ ഗവണ്മെൻറിൻെറ കീഴിൽ ഉണ്ടോ എന്നു പറയാമോ ?

HON'BLE MR. T. M. VARGHESE : കണ്ടേയ്ക്കും.

*Decontrol of paddy and other Food Stuffs.*

121. MR. D. GNANASIGAMONI : Will the Honourable Minister for Food be pleased to state:

(a) whether Government have any definite plan as regards the decontrol of paddy and other essential foodstuffs; and

(b) if so, what?

HON'BLE MR. K. M. KORAH: (a) and (b) The question of introducing decontrol and derationing of foodgrains in certain paddy producing taluks in the State is under the consideration of Government.

*Permit for the transport of tapioca.*

122. MR. PAUL THALIATH: Will the Hon'ble Minister for Excise be pleased to state:

(a) whether he has received any complaint against any member of this Assembly, representing Parur Taluk, regarding the issue of permits for the transport of tapioca from Changanacherry to Parur through water route;

(b) if the answer to part (a) is in the affirmative whether any enquiry has been conducted;

(c) if the answer to part (b) is in the affirmative, the names of those officers, who conducted such an enquiry;

(d) whether they have submitted any report;

(e) if the answer to part (d) is in the affirmative, will he be pleased to place them on the table?

HON'BLE MR. K. M. KORAH: (a) No.

(b)<br>(c)<br>(d) In view of answer to (a) these questions do not arise.<br>(e)

*Shop Assistants' Bill.*

123. MR. N. DANIEL JOSE (*Neyyattinkara III—S. I. U. C.*): Will the Hon'ble Minister for Labour be pleased to state:

(a) Whether the Government propose to bring before the Legislature a Shop Assistants' Bill similar to the one passed by the Madras Assembly; and

(b) if so, when?

HON'BLE MR. C. KESAVAN: (a) and (b) The question of legislation in the matter is under consideration of Government.

*Land Tax Problem in the Kalloopara Pakuthy.*

124. MR. P. CHACKO (*Thiruvella V—General*): Will the Hon'ble Minister for Land be pleased to state:

(a) whether basic tax has been introduced to Kalloopara Pakuthy of Thiruvella Taluk and if it has not been introduced, the reason for the same;

(b) whether Agricultural tax has been levied in the Kalloopara Pakuthy; and

(c) Will the Government be pleased to remove this inequality of the citizens of Kalloopara Pakuthy at an early date?

HON'BLE MR. C. KESAVAN: (*a*) No. Because the Land Tax Proclamation which introduced the basic tax is not applicable to Edavagai lands.

(*b*) Yes.

(*c*) Will be considered.

*'Chitta' of the Kalloopara Pakuthy.*

125. MR. P. CHACKO: Will the Hon'ble Minister for land be pleased to state:

(*a*) whether the Government are aware that the 'Chitta' of the Kalloopara pakuthy is not kept in the Thiruvella taluk office and to obtain a copy of a Chitta of a particular survey number, people have to apply to the Edapally Chief; and

(*b*) Will the Government be pleased to direct to keep the 'Chitta' of the Kalloopara pakuthy in the Thiruvella taluk office to remove difficulty of the litigant public?

HON'BLE MR. C. KESAVAN: (*a*) Yes.

(*b*) The Chitta and other records now kept in the Edappalli Cutcherry are required for reference by the Edavagai authorities in connection with collection work etc., and as such cannot be removed to the Taluk Office.

*Manure Depots.*

126. MR. N. V. CHACKO (*Kunnathunad III—General*): Will the Hon'ble Minister for Agriculture be pleased to state whether the Government will be pleased to open manure depots, depots for selling implements, and wood and metal for making implements, of husbandry?

HON'BLE MR. K. M. KORAH: Twenty-five Agricultural Departmental depots and 214 agency depots are already functioning in the State for the purpose. Arrangements will be made for opening more depots.

*Public Call Telephone Office.*

127. DR. M. O. CHERIYAN (*Devicolam—General*): Will the Hon'ble Minister for Electricity be pleased to state whether in view of the fact that the nearest telephone or telegraph office to Marayoor in Devicolam taluk is about 26 miles from the place he will kindly go into the question of installing a public call telephone office at the local Anchal Office?

HON'BLE MR. A. ATCHUTHAN: A seven year programme for the extension of telephone throughout the State has been chalked out and in this programme the installation of this public call office is not included. So the question of installing a public call office at Marayoor can be taken up only after the execution of the works already sanctioned and after sufficient telephone materials become available.

*Mining and shipping of the mineral sands.*

128. MR. K. A. MUHAMMED (*Quilon IV—Muslim*): Will the Hon'ble Minister for Industries be pleased to state whether there is and settled policy on the part of Government regarding the mining any shipping of the mineral sands of the State?

HON'BLE MR. T. M. VARGHESE: Yes.

*Paddy fields.*

129. MR. N. V. CHACKO : Will the Honourable Minister for Agriculture be pleased to state the total extent of paddy fields, including single, double and treble crop, in the Kunnathunad taluk ;

(*b*) whether the extent of paddy cultivating area in that taluk does not exceed that of any other taluk in the State?

HON'BLE MR. K. M. KORAH: (*a*) Total extent of paddy fields 61,017 acres 80·794 cents. (the extent of single, double and treble crop lands—information not available).

(*b*) Yes.

വില്ലേജ് അപ്ലിഫ്റ്റ് കേന്ദ്രങ്ങൾ.

---

130. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടിപറയുമോ?

ഗവർമെൻറിൽനിന്ന് സംസ്ഥാനത്തു സംഘടിപ്പിച്ചിട്ടുള്ള അപ്‌ലിഫ്റ്റു കേന്ദ്രങ്ങൾ ആകെ എത്ര എന്ന്, അവ ഏതെല്ലാമെന്ന് ഇതുവരെക്കായി അവയ്ക്കു ചിലവായിട്ടുള്ള തുക എത്ര എന്ന് പറയാൻ ദയവുണ്ടാകുമോ?

HON'BLE MR G. RAMACHANDRAN : No. of Centres constituted—62

* A list is placed on the table. The expenditure incurred is Rs. 6,02,239.

*Labour in Travancore.*

131. MISS ANNIE MASCARENE (*Trivandrum I—Lattin Catholic*) : Will the Hon'ble Minister for Labour be pleased to state:

(*a*) what is the total population of labour in Travancore and in particular at Alleppey; and

(*b*) what is the percentage of unemployment of labour?

HON'BLE MR. C. KESAVAN : (*a*) No reliable data on this point is available. Statistics have not yet been collected on a scientific basis.

(*b*) Does not arise in view of the answer to (a) above.

വെറും പാട്ടകുടിയാന്മാർക്കുള്ള ദേഹണ്ഡവില.

---

132. MR. KRISHNAN AIYAPPAN (*Shearthalai III—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭൂമികൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തെങ്ങുകൃഷിക്കുവേണ്ടി ഈ രാജ്യത്തു മറ്റെങ്ങുമില്ലാത്ത രീതിയിൽ കഠിനാദ്ധ്വാനവും, കൂടുതൽ ചെലവും വഹിക്കേണ്ടിവരുന്ന ചേർത്തലതാലൂക്കിലെ വെറുംപാട്ട, കാണപ്പാട്ട കുടിയാന്മാർക്ക് വസ്തു

---

* Vide Appendix.

ഉടമസ്ഥരിൽനിന്നും ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്ന നടപ്പനുസരിച്ചുള്ള ദേഹണ്ഡവില തിരുവിതാംകൂറിൽ മററാരെടത്തും പതിവില്ലാത്തവിധം അത്രകണ്ടു കുറവാണെന്നും, അതു ആ ഭാഗ്യഹീനരായ കർഷകരുടെ ഇടയ്ക്കു വലുതായ അസംതൃപ്തിക്കും, അസ്വസ്ഥതയ്ക്കും ഇടയാക്കിക്കൊണ്ടിരിക്കുന്നുവെന്നുമുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പ്രസ്താവിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കു ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ ഈ പരിതാപകരമായ അവസ്ഥയ്ക്കു പരിഹാരമുണ്ടാക്കുവാൻ ഗവൺമെൻറിൽനിന്നും ആവശ്യമായ നടപടികൾ എടുക്കുന്നതിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: (*a*) No.

(*b*) This does not arise in view of the answer to (*a*) above,

## പാറക്കോട്ടു ചന്ത

133. MR. PHILIPPOSE MUTALALI (*Kunnathur I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലാൻഡ് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) അനന്തരാമപുരം പാറക്കോട്ടുചന്തയിൽനിന്നു ആണ്ടിൽ ഗവൺമെൻറിന് എന്തു വരവുണ്ട്?

(ബി) ടി ചന്തയിൽ പൊതുജനാരോഗ്യപരമായ യാതൊരു സൗകര്യവുമില്ലാത്തതിനാൽ പൊതുജനങ്ങൾ വിഷമിക്കുന്നതായി ഗവൺമെൻറിനറിയാമോ?

(സി) ചന്തയുടെ വണ്ടിപ്പേട്ട ഉപയോഗശൂന്യമായി കിടക്കുന്ന വിവരം അറിവുണ്ടോ?

(ഡി) ചന്തയിൽ യാതൊരു ശൗചത്തിനു് സൗകര്യവും ഇല്ലെന്നുള്ള വിവരം ഗവൺമെൻറിനറിവുണ്ടോ?

(ഇ) മധ്യതിരുവിതാംകൂറിൽ ടി ചന്തയുടെ പ്രാധാന്യവും പൊതുജനാരോഗ്യവും ലാക്കാക്കി വേണ്ടതു പ്രവർത്തിക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN: (*a*) Rs. 7,862 chs. 26 cash 8 for the year 1123.

(*b*) No.
(*c*) No.
(*d*) No.
(*e*) Yes. The matter will be enquired into.

*Settlement of accounts by the Food Department.*

134. MR MAJEED MARIKAR *(Kunnathnad I—Muslim)*: Will the Honourable Minister for Food be pleased to state:

(*a*) whether the Government is aware that there is inordinate delay in settlement of accounts by the Food Department with merchants and contractors on account of excess remittances made in favour of and bills drawn against that Department; whether any complaint has been received of such delay; and if there has been any delay what are the reasons for the same; and

(*b*) whether the Government will make enqniries regarding such delays for payments and see that the settlement of accounts are not delayed beyond three months at the most after receipts of bills and claims?

HON'BLE MR. K. M. KORAH: (*a*) No. avoidable delay is caused by the Food Department in the matter of settlement of accounts of the merchants and contractors. The refund of excess remittances and settlement of bills require verification not only by the Food Department but also by the Audit Department. In most of the cases Government sanction is also required.

(*b*) Specific instances of delay which are brought to the notice of Government will be duly enquired into. Settlement of accounts will be arranged to be made as early as practicable.

*Pests affecting cardamom cultivation.*

135. MR. MAJEED MARIKAR: Will the Honourable Minister for Agriculture be pleased to state:

(*a*) whether he is aware of the prevalence of any diseases or pests affecting cardamom cultivation in the State and if so will he be pleased to mention the different kind of such diseases and pests affecting the said cultivation; and

(*b*) whether the Department of Agriculture has taken on hand the question of prevention and cure of the said diseases and pests?

HON'BLE MR. K. M. KORAH: (*a*) Yes. Chiefly "Thrips" which cause berry disease and "Hairy Caterpillar" eating the leaves of the cardamom plant.

(*b*) Yes. The Department has published certain leaflets on the methods to be adopted for the prevention and control of the pests (placed below).

*Supply of chemical manure.*

136. MR. K. R. ELANKATH: Will the Honourable Minister for Agriculture be pleased to state:

(*a*) whether Government are aware that chemical manure supplied through Government depots and co-operative societies or other organisations in the State are sold to bonafide agriculturists at blackmarket rates; and

(*b*) if so, what steps do they propose to take to put a stop to this practice?

HON'BLE MR. K. M. KORAH: (*a*) Government are not aware.

(*b*) Does not arise in view of the answer to (*a*).

### ഹോസ്റ്റലുകൾ.

137. MR. K. K. CHELLAPPAN PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

കാളേജുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കു താമസിക്കുന്നതിന് അതാതു കാളേജുകളുടെ മേൽനോട്ടത്തിൽ ആവശ്യമുള്ളിടത്തോളം ഹോസ്റ്റലുകൾ ഉണ്ടോ?

HON'BLE MR. T. M. VARGHESE: The accommodation now provided in Trivandrum is not adequate. Steps are being taken to provide additional facilities.

### ഭക്ഷ്യധാന്യവിതരണം.

138. MR. K. K. CHELLAPPAN PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഗവർമെന്റിന് ഇതുവരെയും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത വകയിൽ എന്തു നഷ്ടം സംഭവിച്ചിട്ടുണ്ട്.

(എ) ശരാശരി ഒരു റേഷൻകാർഡിന് എത്ര യൂണിറ്റുകൾ ഉണ്ട്?

(ബി) ഇപ്പോൾ നിശ്ചയപ്പെടുത്തിയിട്ടുള്ള വിലയുടെ ക്രമമനുസരിച്ച് മേൽ കാണിച്ചിട്ടുള്ള ൧-ാം ചോദ്യത്തിലെ ഒരു കാർഡിനു റേഷൻ വാങ്ങുന്നതിന് ഒരു മാസത്തിൽ എന്തു തുക ആവശ്യമുണ്ട്?

(സി) ഭക്ഷ്യസാധനങ്ങളുടെ വില ഉയർത്തിയതോടുകൂടി സർക്കാർ സർവീസിലെ ൩൦ രൂപയിൽ താഴെയുള്ള ശമ്പളം വാങ്ങുന്നവർക്ക് പ്രത്യേകാനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ?

(ഡി) കരിഞ്ചന്ത വ്യാപാരം മൂലം അമിതമായി ധനമാർജ്ജിച്ചിട്ടുള്ളവരുടെ യഥാർത്ഥ സാമ്പത്തികനില തിട്ടപ്പെടുത്തുന്നതിനു ഗവർമെന്റിൽനിന്നും വല്ല നടപടിയും നടത്തിട്ടുണ്ടോ?

(ഇ) ൧൧൨൩-ൽ ഭക്ഷ്യധാന്യവകുപ്പിൽ ഇതുവരെയെല്ലാം ഉദ്യോഗസ്ഥന്മാർ ക്രമക്കേടുകൾ റേഷൻ വിതരണത്തിൽ കണ്ടുപിടിച്ചു എന്തു തുക ഫൈൻ ഇനത്തിലും മറ്റും ഗവർമെന്റിനു മുതൽ കൂട്ടിയിട്ടുണ്ട്?

HON'BLE MR. K. M. KORAH: The aggregate loss incurred by Government in the purchase and sale of foodgrains from 115 to 1-10-123 is estimated at Rs. 2,76,28,231-4-8.

1. On an average there will be 9 units in a ration card.

2. The cost slightly varies in different localities according to the distance for transport from the issuing depot. The price for 36 units will be between Rs. 16/—and Rs. 17/—

3. No.

4. No.

5. The figures are being collected.

*Export permit for fish.*

139. MR. P. THANULINGOM NADAR : Will the Hon'ble Minister for Excise answer the following question :

1. Whether a fish permit No. 80/8 dated 9-4-1123 has been granted to Mr. M. C. Mathai, Changanacherry to export fish from Travancore through the Customs House at Aramboly and Anchugramam?

HON'BLE MR. K. M. KORAH : No.

റേഷൻ വിതരണം.

140. MR. P. K. KUMARAN ASARI (*Meenachil* I—*Kammala*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) കഴിഞ്ഞ വെള്ളപ്പൊക്കംമൂലം വളരെ കഷ്ടതകളും ദുരിതങ്ങളും അനുഭവിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഗ്രാമവാസികൾക്കും ടൗണിന്റെ പല പരിസരങ്ങളിൽ താമസിച്ചുവരുന്നവർക്കും റേഷൻ നെല്ലായിട്ടും, ടൗണിൽ താമസിക്കുന്നവർക്ക് റേഷൻ അരിയായിട്ടും വിതരണം ചെയ്തു ഗ്രാമവാസികളായ സാധുജനങ്ങളെ കൂടുതൽ കഷ്ടപ്പെടുത്തിയതിന്റെ കാരണം വിശദീകരിക്കുന്നതിന് ദയവുണ്ടാകുമോ?

(ബി) ഗ്രാമവാസികൾ തട്ടിന്റെ മുകളിലും ഈറം പിടിച്ച തറയിലും ഉഴന്ന് ദുരിതമനുഭവിച്ചുകൊണ്ടിരുന്ന അവസരത്തിൽ, ജനകീയഭരണം തുടങ്ങിയിട്ടും, കഴിഞ്ഞ കാലങ്ങളിലെ പതിവുപോലെ കഷ്ടത അനുഭവിക്കുന്ന സാധുജനതയെ വീണ്ടും കഷ്ടപ്പെടുത്തത്തക്കവണ്ണം റേഷൻ നെല്ലായി വിതരണം ചെയ്തതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മേൽ വേണ്ട നടപടികൾ നടത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് ദയവുണ്ടാകുമോ?

(സി) ഇതുസംബന്ധിച്ച പരാതികളും പത്രറിപ്പോർട്ടുകളും ഉണ്ടായിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH: (എ) നാട്ടിലുള്ള ഡിപ്പോകളിലും താലൂക്കുകളിലും സംഭരിച്ചിട്ടുള്ള ഇറക്കുമതി ചെയ്തിട്ടുള്ള നെല്ലിന്റെയും സ്റ്റാക്ക് അനുസരിച്ച് റേഷനിംഗ് പ്രദേശങ്ങളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വീതിച്ചുകൊടുക്കുന്നു. നഗരപ്രദേശങ്ങളിൽ നിരവധിയുള്ള ആശുപത്രികൾ വിദ്യാർത്ഥിമന്ദിരങ്ങൾ, താമസസ്ഥലങ്ങൾ, ഭോജനശാലകൾ, പോലീസ് ക്യാമ്പുകൾ മുതലായ സ്ഥാപനങ്ങളുടെ ആവശ്യം കൂടുതലാകകൊണ്ടും റൈസ് മില്ലുകളുടെ അഭാവത്തിൽ ആവശ്യങ്ങളിൽ വലിയ അളവിൽ നെല്ലുകുത്തി എടുക്കുന്നതിനു സൗകര്യമില്ലായ്കകൊണ്ടും, കഴിവുള്ളിടത്തോളം അരിതന്നെ വിതരണം ചെയ്യുന്നു. റേഷൻ ഇതു സംബന്ധിച്ച് അതാതു സ്ഥലത്തുള്ള റേഷനിംഗ് ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ യാതൊന്നും നൽകീട്ടില്ല. ഡിപ്പോകളിലെ സ്റ്റോക്ക് തീർന്നുപോകയാൽ ഇറക്കുമതി ചെയ്തിട്ടുള്ള അരിയോടൊപ്പം അതതുസ്ഥലത്തുള്ള നെല്ലും, ചില താലൂക്കുകളിൽ മുഴുവനായും കൂടി നൽകേണ്ടിവന്നു. സ്പെഷ്യൽ പാർട്ട്ടൈം ഉദ്യോഗം നിറുത്തലാക്കിയതുമൂലം ഉണ്ടായിട്ടുള്ള അവരുടെ സ്ഥലംമാറ്റങ്ങളും കാരണം അവരുടെ കൈവശം ഇരിപ്പുള്ള നെല്ലുമുഴുവനും ഉടൻതന്നെ വിതരണം ചെയ്യേണ്ടതായ ആവശ്യം നേരിടുകയും ചെയ്തു. റേഷൻ നെല്ല് വിതരണംമൂലമുണ്ടായ വിഷമതകളെപ്പറ്റി ഗവൺമെന്റിന് എല്ലാ ഭാഗത്തുനിന്നും പരാതി കിട്ടീട്ടുണ്ട്. അതുകൊണ്ടു, സംബന്ധപ്പെട്ട പ്രദേശങ്ങളിൽ നെല്ലിനു പകരം കാർഡുടമസ്ഥന്മാർക്ക് അരിതന്നെ വിതരണം ചെയ്യുന്നതിന് ഉടനടി ഏർപ്പാട് ചെയ്തിട്ടുണ്ട്.

(ബി) മുകളിൽ കൊടുത്തിരിക്കുന്ന (എ) ഉത്തരം നോക്കുക.

(സി) ഉണ്ട്. (എ) ഭാഗത്തിൽ വിവരിച്ചിരിക്കുന്ന മാതിരി, ആവശ്യമുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കയുണ്ടായി.

### *Accounts of the Food Department.*

141. MR. K. A. MOHAMMED: Will the Honourable Minister for Food be pleased to state:

The profit and loss account of the Food Department for 120, 121 and 122?

HON'BLE MR. K. M. KORAH:

| | Rs. | Chs. | C. |
|---|---|---|---|
| The profit for the period from 1115 to 1120 was ... | 41,29,170 | 24 | 11 |
| and | | | |
| The loss for 1121 and 1122 being ... | 1,37,57,402 | 1 | 3. |

## APPENDIX—(VIDE ANSWER TO QUESTIONS 130)

### LIST OF VILLAGE UPLIFT CENTRES.

#### *Trivandrum Division.*

| | |
|---|---|
| Thovala Taluk | 1. Arumboly and Thovala together.<br>2. Azhakiapandipuram and Kadukkarai Villages together. |
| Agastheeswaram Taluk | 1. Paraikkai and Thengumputhoor together.<br>2. Marungoor and Eraviputhoor with Myladi as centre. |
| Kalkulam Taluk | 1. Thalakkulam.<br>2. Thiruvattar. |
| Vilavancode Taluk | 1. Nattalam.<br>2. Midalam. |
| Neyyattinkara Taluk | 1. Karinkulam including Poovar.<br>2. Panachamood and Karakonam. |
| Trivandrum Taluk | 1. Menamkulam.<br>2. Attipra. |
| Nedumangad Taluk | 1. Kallara<br>2. Aryanad and Vellanad together. |
| Chirayinkil Taluk | 1. Vakkom Kayikkara and Nedunganda.<br>2. Kilimanoor. |
| Coastal Centres specially selected for uplift. | 1. Kadiapatanam Pakuthy with Muttom as centre (Kalkulam Taluk).<br>2. Poonthura (Trivandrum Taluk).<br>3. Perungazhi (Chirayinkil Taluk. |

#### *Quilon Division.*

| | |
|---|---|
| Quilon Taluk | 1. East Kallada and Munroe Island.<br>2- Iravipuram Pakuthy with Mayyanad as centre. |
| Kottarakara Taluk | 1. Ezhukone Pakuthy with Pangode as centre<br>2. Veliyam Pakuthy with Pooyappalli as centre. |
| Pathanapuram Taluk | 1- Anchal.<br>2, Thalavoor |
| Shencottah Taluk | 1. Puliyara and Bhagavathipuram pakuthies with Puliyara as centre.<br>2. Samboorvadakara Pakuthy. |
| Karunagappalli Taluk | 1. Thevalakkara and Mynagappalli pakuthies together.<br>2. Thazhava Pakuthy. |
| Karthigappalli Taluk | 1. Kumarapuram and Karthigappalli pakuthy with Karthigappalli as centre.<br>2. Arattupuzha and Thrikkunnapuzha. |
| Mavelikara Taluk | 1. Peringala-Kannamangalam.<br>2, Thazhakkara Pakuthy. |

*Quilon Division* (contd.)

| | |
|---|---|
| Kunnathur Taluk | 1. Kunnathur centre.<br>2. Poruvazhi centre. |
| Pathanamthitta Taluk | 1. Elanthur.<br>2. Omalloor, Village Union area. |
| Thiruvalla Taluk | 1. Mannar centre.<br>2. Eraviperoor Pakuthy with Vallamkulam as centre. |
| Ambalapuzha Taluk | 1. Nedumudi Champakulam centre.<br>2. Thalavadi with Anaprambal South as centre. |
| Shertallai Taluk | 1. Vayalar centre.<br>2. Aroor Village Union area. |
| Coastal Centres. | 1. Sakthikulangara-Neendakara- Kozhithottam.<br>2. Kozhithottam to Azheekkal.<br>3. Thottappally to Vandanam. |

*Kottayam Division.*

| | |
|---|---|
| Changanacherry Taluk | 1. Thottakkad and Pariyaram in Puthuppalli Pakuthy.<br>2. Ramankari. |
| Kottayam Taluk | 1. Onamthuruthu centre.<br>2. Lakkattor in Pampady Pakuthy and Ayarkunnam and Amayannur in Vijayapuram Pakuthy as one centre. |
| Vaikom Taluk | 1. Moothedathukavu centre.<br>2. Maravanthuruthu Padinjarekara and Kulasekharamangalam pakuthies together as one centre. |
| Meenachil Taluk | 1. Veliyannur and Areekara Karas in Uzhava Pakuthy.<br>2. Vayala, Andoor and Elakat in Elakat Pakuthy. |
| Moovattupuzha Taluk | 1. Moovattupuzha Pakuthy.<br>2. Arakuzha, Keezhmadangu, Perumpalloor, Meenkunnam, Pandapalli and Thottakad Karas with Arakuzha as centre. |
| Thodupuzha Taluk | 1. Karimkunnam and Ottallur Karas.<br>2. Thodupuzha Village Union area minus Karimkunnam and Ottallur Karas. |
| Kunnathunad Taluk | 1. Keezhmad Kara.<br>2. Rayamangalam Pakuthy. |
| Parur Taluk | 1. Vadakkekara Pakuthy.<br>2. Parakkadavu Village Union area.<br>3. Puthenchira Pakuthy. (coastal). |

## SHORT NOTICE QUESTION.

*Pay of teachers in grant-in-aid schools.*

1. MR. K. S. JOSEPH : Will the Honourable Minister for Education be pleased to state:

(*a*) whether Government has decided to raise the grant-in-aid to the private primary school teacher to Rs. 15 pay with an allowance of Rs. 12 per month ;

(*b*) if so, whether such payment till the end of Mithunam 1123 has been made ; and

(*c*) if not, whether they will be pleased to see that before the year is out, such payment is made?

HON'BLE MR. T. M. VARGHESE : (എ) ഉണ്ട്.

(ബി) ഇക്കൊല്ലം അവസാനിക്കുന്നതിനുമുമ്പു തന്നെ ശമ്പളം കൊടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉത്തരവുണ്ട്. അവസാനത്തിനുമുമ്പുതന്നെ കൊടുക്കുന്നതായിരിക്കും.

MR. K. K. CHELLAPPAN PILLAI : ഈ ഓർഡർ ഉണ്ടായതിനുശേഷം ഗ്രാൻറു സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു ശമ്പളമേ കിട്ടിയിട്ടില്ലെന്നറിയാമോ?

HON'BLE MR. T. M. VARGHESE : കിട്ടാതിരിക്കാൻ ഇടയുണ്ട്. കിട്ടാത്തതെല്ലാം കുടിശ്ശിക ചേർത്ത് ഈ മാസത്തിൽതന്നെ കൊടുക്കും.

MR. EAPEN ARAKAL : എന്നുമുതലാണ് വാദ്ധ്യാന്മാർക്ക് ശമ്പളക്കൂടുതൽ കൊടുക്കുന്നതെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : ഇടവമാസം ൧-ാം തീയതി മുതൽ ആണ്.

MR. K. A. MATHEW : എല്ലാ സ്കൂളുകളേയും ഇതു സംബന്ധിക്കുമോ?

HON'BLE MR. T. M. VARGHESE : സംബന്ധിക്കും.

MR. K. A. MATHEW : ഡിനോമിനേഷൻ സ്കൂളുകളേയും ഇതു സംബന്ധിക്കുമോ?

HON'BLE MR. T. M. VARGHESE : അവർ ഗവണ്മെൻറുമായിട്ടു ചില കരാറുകൾ ചെയ്തിട്ടുണ്ട്. അതിനെപ്പററിയെല്ലാം ഗവണ്മെൻറിന് ആലോചിക്കേണ്ടതുണ്ട്. ആ സ്ഥിതിക്ക് ഗവണ്മെൻറ് ഇപ്പോൾ അക്കാര്യത്തെപ്പററി ആലോചിക്കേണ്ട ആവശ്യമില്ല.

## GENERAL DISCUSSION ON THE BUDGET.

MR. PRESIDENT : ഇന്നുകാലത്തു് ബഡ്ജറ്റുസംബന്ധിച്ചുള്ള വിമർശന പ്രസംഗങ്ങൾ കഴിഞ്ഞ്, പല അംഗങ്ങൾ എന്റെ അടുക്കൽ പേരു തന്നിട്ടുണ്ടു. ഈ സഭ കൂടുതൽ സമ്മേളിക്കുന്നതിനുള്ള സമയമില്ലെന്നു് സദസ്യന്മാർ അറിയാവുന്നതാണു്. അതുകൊണ്ടു കഴിവുള്ളിടത്തോളം കൂടുതൽ അംഗങ്ങൾ സംസാരിക്കുന്നതിനു സന്ദർഭം കൊടുക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിലേക്കു് പതിവിൻപ്രകാരമുള്ള സമയക്രമം വ്യത്യാസപ്പെടുത്തണമെന്നു വിചാരിക്കുന്നു. അതിനാൽ ഒരു പാർട്ടി ലീഡറന്മാർക്കു് ൨൦ മിനിട്ടും, ബാക്കിയുള്ള അംഗങ്ങൾക്കു് ൧൦ മിനിട്ടിൽ താഴെയും പ്രസംഗിക്കുവാൻ സമയം അനുവദിക്കുന്നതാണു്.

MR. A. NESAMONY : Sir, the considered opinion of my party on this Budget has been ably put forward by the Deputy Leader and I have yet to hear from the members of the party in power that the opinion he expressed is wrong. Member after member of the State Cong'ess party welcome this budget as the first budget of the people's Government. Whether this is a surplus budget or a deficit budget it is quite immaterial. Honourable member Mr. T. K. Narayana Pillai seemed to insinuate that we have been trying to prove that this budget is a deficit budget, to shake the credit of this State in the open money market. Those who make up their minds to lend money, or better financiers or experts of Public finance who look after the soundness of the securities may think so. They never consider it as a surplus budget though it is so written on paper. They know well that the credit of the State depends on the stability of the Government and the strength of its resources and revenue. On every ninetieth day we are faced with the Cabinet crisis. The budgetted revenue for 1123 is 9·34 crores but the expenditure is 9·07 crores ; but the budgetted revenue for the year 1124 is Rs. 8·54 crores and the expenditure, Rs. 8·53 crores of rupees. One who lends money, would think twice before he lends money to this State. This Government had not the courage of foresight to avail itself of the loan of Rs. 3 crores offered by the Dominion Government. Is it not because the revenues of this State are so unstable and uncertain, that this Government is unwilling to avail itself of the opportunity? Besides the liabilities of the State which exceeds assets by 2·5 crores, the two major items of our income *viz*, customs and income tax proper would soon be the Union financial matters.

HON'BLE MR. A. THANU PILLAI : May I know on what basis he makes this statement, that the Government of India offered a loan of 3 crores?

MR. A. NESAMONY: I understand this from a question I put to the Honourable Minister for Labour. I got the reply that this amount was made available.

HON'BLE MR. A. THANU PILLAI: It is a very serious matter and may I inform the House that there is absolutely no foundation for that statement.

MR. A. NESAMONY: I base my observations on this matter. According to the budgetted figures, these items will cost about 2·3 crores of rupees. If this big slice of income is out what is it that remains for the State to survive as a separate State with a separate entity of its own? Perhaps this State might look forward for any help from the Centre for a grant. If we are to be treated in the same way as we treat our municipalities by giving them a grant in lieu of the Vehicles tax it is a mere pittance, and it is impossible to keep the state machinery going on unless we impose some heavy tax. The question that arises is whether this State will go in for additional taxation like the sales tax which is now sought to be introduced to meet the cost of prohibition and the cost of executing and enforcing that scheme, and that is why, in our opinion the financial position of the State whether it is a surplus budget or a deficit budget, is rather gloomy. It is our duty to point out that it is our considered view and that we hold on to that opinion. In this connection it may be remembered that, as Mr. Thariath Kunjithommen stated, it looks like the budget of a democratic Government, and I would like to quote a passage from the speech of an expert on public finance.

> "A budget is at once a report, an estimate and a proposal. It is the instrument by which all the process of a financial administration are corrected compared with each other and co-ordinated into a complete whole. The budget system must provide for unity and centralisation for control at all stages of budget procedure, for simplicity, promptness and regularity, and efficiency of functioning and for trained capable and reliable personnel to work the system in the right spirit and to the best advantage. The budget should have the essential characteristics of comprehensiveness and unity, eqilibrium, economy and accuracy. Unless the estimate is fairly correct, it ceases to be an estimate and degenerates into mere guess."

The budget is wanting in equilibrium and accuracy. In my opinion it exhibits all the characteristics of a democratic budget.

With a view to working out a comprehensive plan of Rural development, Medical and Public Health improvements, Public Works including the Perunchani Scheme, a considerable amount is provided in this budget. It lays the corner-stone for an extensive village uplift scheme. It has been pointed out that the liabilities of this Government exceed its assets by 2·5 crores. The sums alloted for the various schemes are, Medical and Ayurveda—49 lakhs, Public Health and Sanitation—10 lakhs, Village Unions and Village Panchayats—35lakhs, Public Works—100lakhs, and the total amount allotted comes to 93·5 lakhs of Rupees. Of this amount 15 lakhs are taken out of the Village Uplift Fund and the rest from the Post War Reconstruction Fund. These two funds had not existed as separate funds to be withdrawn by the Government when the

[Mr A. Nesamony.]

Government deemed it necessary to draw on them. It is found from the pages of the budget that they are invested in shares and companies and productive works. These amounts have to be withdrawn from the assets of the Government, which are less than the liabilities by 2·5 crores.

The finance Minister, in his speach, while dealing with the debt position stated " A statement of our assets and liabilities is furnished on pages 16 and 17 of the budget estimates. It will be seen therefrom that the liabilities at the close of 1124 including the balances on credit and some of the funds such as the General Reserve Fund, Revenue Recovery Fund, Post War Reconstruction Fund etc., which are not repayable in aggregate, come to Rs, 27·4 crores." It is a mystery then how a sum of 112 lakhs could be taken out of these funds. So this corner-stone is laid on the shifting quick sand of uncertainty and not on the solid rock of reality.

A perusal of the budget shows that it is a war time budget and not a peace time budget. All the resources of this State are marshalled towards the strengthening of Police and Military. More than 103 lakhs is budgetted for those items including the doubling of the armed reserve. An eighth of our income is spent towards it. The expenditure on Police has risen from 9 1/2 lakhs in 1118 to 39 lakhs in 1124 and that on the army from 24 lakhs in 1118 to 64 lakhs in 1124. The excess of expenditure in 1124 over that of 1123 is 21 lakhs. The defence is now a central subject and the expenditure on it is considerably increasing. We have no commitment, except paying out the customs and the income tax proper. We have not made provision for a navy to guard our coast line and we have left it to better hands. While colossal expenditure on war is over and we are free from external aggression the axe has to be applied here and here alone if this Government is based on popular will than on the good will of the people. To effect retrenchment on the Police and Military is an investment in stability and wants to be supported by armed might. No expenditure has risen so high between the years 1118 and 1124 as the expenditure on the military and the police. I may give figures for 1118 and 1124 showing the expenditure on education. In 1118 the amount was 63·95 lakhs, and 193·5 lakhs in 1124. For Public Health the amount allotted is Rs. 3·21, and for Medical and Ayurveda Rs. 12·8 lakhs. While the expenditure on other heads has risen only by 3 or 3 1/2 times it has risen 4 times for military. One question I may ask, against whom are these preparations, training and equipment of these forces made? Is it to wage war? Is it against the sickle and hammer plough and the water wheel, the N. G. Os., the minority, and the last but not least the Travancore Tamil Nad Congress? Is it to re-enact the battles of Vayalar, Punnapra and Pettah? If it were so, the fate that over-came the Government that fought those battles are in store for this Government who follow such a path. We agitate for our civil liberties, we fight for freedom of association and freedom of speech. Why this discrimination is shown against " Bharathi and Thyaganad " and " Travancore Times " by refusing them a seat in the press gallery during

this session ? Is it because their editors are all Tamilians ? Why this war against those who are N. G. Os. ? A loyal and a contented service is the strength of any administration. Why not set up a pay commission and try to meet their demands as far as possible. With power in the hands of a party, every power it could command can be requisitioned to suppress the freedom of association and the freedom of speech. That suppression leaves behind a control which might one day sweep that power off its feet. But consider what effect it would have produced, if at least these 21 lakhs of rupees had been made for a housing scheme in Alleppey Quilon and other places. It would have been much better if these amounts have been spent on more humane matters. (bell).

Lastly though I have a lot to say on the matters, now that the bell has rung it is my duty to respond to the call which has been so personally made by my friend Mr. John Philipose. We assure him that we would not fail to respond to any such genuine call, and I must confess with sadness that no such genuine call was made this morning.

**MR. MANNATHU PADMANABHA PILLAI:** സർ, ഇതു് ഒരു മാതൃകാപരമായ ബഡ്ജററാണെന്നു് എനിക്കും അഭിപ്രായമില്ല. എന്നാൽ ദോഷൈകദൃഷ്ടിയോടുകൂടി ഇതിൽ കാണുന്നതെല്ലാം സർവ്വന്യൂനതകളുടെയും സംപൂർണ്ണമാണെന്നു പറയുന്നതിനോടും ഞാൻ യോജിക്കുന്നില്ല. തെററുകൾ മാത്രം ഭൂതക്കണ്ണാടിയിൽകൂടി നോക്കിക്കണ്ടു് നിരൂപണം ചെയ്യുന്നവർ ഇന്നത്തെ പരിതഃസ്ഥിതികളെയും നമ്മുടെ കഴിവുകളെയും പററി വേണ്ടവണ്ണം ആലോചിക്കുന്നുണ്ടോ എന്നു സംശയമാണു്. ഈ ബഡ്ജററു സാധാരണനെയും, സാധുവിനെയും സ്പർശിക്കുന്നതല്ല എന്നു ബഹുമാന്യന്മാരായ ചില മെംബറന്മാർ പ്രസ്താവിച്ചുകേട്ടു. ഈ ബഡ്ജററു സാധാരണനും, സാധുവിനും വേണ്ടിയുള്ളതല്ലെങ്കിൽ പിന്നെ ആരെയാണു് ഇതു ബന്ധിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. അസാധാരണനും, അസാധുവിനുംമാത്രമുള്ള ഒരു ഭാഗവും ഞാൻ ഈ ബഡ്ജററിൽ കണ്ടില്ല. സഞ്ചാരസൗകര്യത്തിനുവേണ്ടി, തൽസംബന്ധമായ എല്ലാ കാര്യങ്ങൾക്കുംവേണ്ടി, പി. ഡബ്ലിയു. ഡി.-ക്കു ഒരു കോടിഎൺപത്തൊൻപതുലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. നല്ല വഴിയും പാലവും ഉണ്ടായാൽ അവയിൽകൂടി സാധാരണനും സാധുവിനും സുഖമായി, നല്ലവണ്ണം സഞ്ചരിക്കാമെന്നാണു് എന്റെ വിശ്വാസം. ഈ രാജ്യത്തു് ആയിരം പേർക്കു് ഒരു ധനവാനെങ്കിലും ഉണ്ടോ എന്നു സംശയമാണു്. ഒരു നല്ല റോഡുണ്ടായാൽ ഒരു ധനവാന്റെ കാർ ഒരു പ്രാവശ്യം ആ റോഡിൽകൂടി പോകുന്നതിനു സൗകര്യപ്പെടുന്നസമയംകൊണ്ടു ആയിരം സാധുക്കൾക്കും സാധാരണന്മാർക്കും അതേ റോഡിൽകൂടി സുഖമായി നടക്കുവാനുള്ള സൗകര്യവും ലഭിക്കുന്നതാണു്.

[Mr. Maunathu Padmanabha Pillai.]

അതുപോലെ തന്നെ രണ്ടുകോടിരൂപാ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ട്. ഈ ഇനത്തിലും, കൂടുതൽ സൗകര്യമുണ്ടാകുന്നതു സാധുവിനും സാധാരണനുമാണ്. വൈദ്യസഹായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയും കൂടുതൽ ഉപയോഗപ്പെടുന്നതു സാധാരണനും സാധുവിനും ആയിരിക്കുമെന്നു വിശ്വസിക്കാം. ഇതിനെല്ലാം പുറമെ ഗ്രാമോദ്ധാരണത്തിനായി ഒരു നല്ല സംഖ്യ നീക്കിവച്ചിരിക്കുന്നതായും കാണാം. സാധാരണനും സാധുവും ഗ്രാമത്തിൽ കാണുമെന്നുള്ളതു തീർച്ചയാണ്. അവരെ വർഗ്ഗഭേദമില്ലാതെ സംഘടിപ്പിക്കുവാനും, സാമാന്യവിദ്യാഭ്യാസം ചെയ്യിക്കുവാനും സ്വയംഭരണംപരിശീലിപ്പിക്കുവാനും തക്കവണ്ണമുള്ള ഗ്രാമീണസ്വരാജ്യങ്ങൾ ഉണ്ടാക്കണമെന്നുള്ള മഹാത്മജിയുടെ ആദർശം കഴിവുള്ളിടത്തോളം നടപ്പിലാക്കുവാൻ ആവശ്യമുള്ള പണം ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാം. അതിന് ആവശ്യപ്പെട്ട നിയമം സൃഷ്ടിക്കുവാൻ പോകുന്നതായും നാം അറിയുന്നു. അതെല്ലാം നടത്തുന്നതിന് മന്ത്രിമാരിൽ, ഗാന്ധിയുടെ ശിഷ്യനായ ഒരു മന്ത്രിയെത്തന്നെ ചുമതലപ്പെടുത്തിട്ടുമുണ്ട്. ഇതെല്ലാം ഉൾപ്പെടെ പറഞ്ഞാൽ സാധാരണനും സാധുവിനും ഈ ബഡ്ജററിൽ സ്ഥാനമില്ലെന്നു പറയുന്നതു ശരിയല്ലെന്നു കാണാൻ കഴിയും.

അതുകൊണ്ടു വിനാശകരമായ ഒരു നിരൂപണം ചെയ്യാതെ കാൺഗ്രസ്സ് ഗവണ്മെൻറു ഹാജരാക്കിയ ഈ ബഡ്ജററിനെപ്പററി ആ പാർട്ടിയിലുള്ളവർതന്നെ ആത്മഹത്യാപരമായി, ഇരിക്കുന്ന കമ്പിൻെറ ചുവടുമുറിക്കാൻ ശ്രമിക്കാതെ, നിരൂപണംചെയ്യാൻ ശ്രമിക്കണമെന്നാണു എൻെറ വിനീതമായ അഭിപ്രായം.

സർ, ഈ ബഡ്ജററിൽ ചില ന്യൂനതകൾ ഉണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ശത്രുക്കളുടേക്കാൾ, സ്നേഹിതന്മാരുടേയും ബന്ധുക്കളുടെയും ഉപദ്രവങ്ങൾകൊണ്ടു വിഷമിക്കുന്ന മന്ത്രിമാർ, രാജ്യഭരണകാര്യത്തിൽ അത്രവലരെ പരിചയം സമ്പാദിച്ചിട്ടില്ലാത്ത നമ്മുടെ മന്ത്രിമാർ, ഈ ചെറിയ കാലഘട്ടത്തിനകത്ത് ഇത്രയും ഗുണപ്രദമായ ഒരു ബഡ്ജററു തയ്യാറാക്കിയതിൽ ഞാൻ സന്തോഷിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു. ഈയവസരത്തിൽ രണ്ടുമൂന്നു നിർദ്ദേശങ്ങൾ ഈ അസംബ്ലിയുടെയും മന്ത്രിസഭയുടെയും ശ്രദ്ധയിൽ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നുള്ളു. ബഡ്ജററിൽ ഏററവും കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുള്ളതു വിദ്യാഭ്യാസത്തിനാണ്. ഏകദേശം രണ്ടുകോടി രൂപയോളം അതിലേക്കു നീക്കിവച്ചിട്ടുണ്ട്. നമ്മുടെ

രാജ്യത്തിന്റെ മുതല്പെടുപ്പിന്റെ ഏകദേശം നാലിലൊരു ഭാഗം ഈ സംഗതിക്കുവേണ്ടി മാററിവച്ചിരിക്കുന്നു. ഈ ഒരൊററ സംഗതിനോക്കിയാൽ നമ്മുടെ ബഡ്ജററ പുരോഗമനപരമായ ഒന്നാണെന്ന് ആരെയും ബോദ്ധ്യപ്പെടുത്താൻ സാധിക്കും. സാമാന്യജനങ്ങൾക്കെല്ലാം വേണ്ടവണ്ണം വിദ്യാഭ്യാസം സിദ്ധിക്കണമെന്നുള്ള കാര്യത്തിൽ ഈ ഗവണ്മെന്റു കൂടുതൽ ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇതുകൊണ്ടു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അങ്ങനെ ജനസാമാന്യത്തിനു ധാരാളമായി വിദ്യാഭ്യാസം ഉണ്ടാകുമ്പോൾ സാധുത്വവും സാധാരണത്വവും മാറുന്നതാണ്. തന്നിമിത്തം ഇതിനേക്കാൾ കൂടുതൽ നല്ലവരായ മെംബറന്മാരെ ഇവിടത്തേക്കു തിരഞ്ഞെടുത്തയക്കാനും കഴിയുന്നതാണ്. എന്നാൽ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുള്ള ഈ പണം, വേണ്ടവണ്ണം വിനിയോഗിക്കുവാനും വിദ്യാഭ്യാസപദ്ധതികളെ ശരിക്കു നയിക്കുവാനും മന്ത്രിമാർ ശ്രദ്ധ പതിപ്പിക്കേണ്ടതത്യാവശ്യം. ഇന്നത്തെ വിദ്യാഭ്യാസം ആകെ അടിമുതൽ മുടിവരെ കുഴഞ്ഞുകിടക്കുന്നുവെന്ന് പറയാതെ നിവൃത്തിയില്ല. ഇപ്പോൾ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയിട്ടുണ്ടെങ്കിലും, ഒരു ദേശീയമായ അടിസ്ഥാനത്തിൽ ഏററവും വ്യാപകമായ രീതിയിൽ തന്നെ ഇവിടെ വിദ്യാഭ്യാസം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും, ആ ദേശീയമായ മനോഭാവത്തിനടിയിൽ, അതിന്റെ നടത്തിപ്പിനു പ്രതിബന്ധം ഉണ്ടാകുന്നതക്കനിലയിൽ ചില ശിഥിലീകരണ സംപ്രദായങ്ങൾ ഒളിച്ചു കിടപ്പുണ്ടെന്നുള്ള വിവരം മറച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല. അതുപോലെതന്നെ പഠിപ്പിക്കുന്ന കാര്യത്തിലും ഇപ്പോൾ ഒരു വിഷമം നേരിടുന്നുണ്ട്. ഇംഗ്ലീഷുപള്ളിക്കൂടങ്ങളിൽ മലയാളത്തിൽകൂടിവേണം വിഷയങ്ങൾ പഠിപ്പിക്കുവാനെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും, (ഈ ഘട്ടത്തിൽ പ്രസിഡന്റ ബെല്ലടിച്ചു).

സർ, ഞാൻ പതിനഞ്ചുമിനിട്ടുനേരത്തേക്കു കരുതി വന്നവനാണ്. എനിക്കു രണ്ടു മിനിട്ടുകൂടി തരണം.

അങ്ങനെ എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും അതു മലയാളത്തിലാണോ പഠിപ്പിക്കേണ്ടതു്, അതോ ഇംഗ്ലീഷിൽതന്നെവേണമോ എന്ന കാര്യം വിവാദവിഷയമായിത്തന്നെ ശേഷിക്കുന്നു.

അടുത്തതു പ്രിയൂണിവേഴ്സിററിക്ലാസിന്റെ കാര്യമാണ്. പ്രിയൂണിവേഴ്സിറ്റിക്ലാസ്—ഞാനും അതു് ഇംഗ്ലീഷിൽതന്നെ പറയുകയാണ്. വേണമെന്നു തീവ്രമായി വാദിക്കുന്നവർ ഒരു ഭാഗത്തു്, അതല്ല, ഇന്റർമീഡിയററും, പഴഞ്ചൻ ബി. ഏ.-യുംതന്നെ വേണമെന്നു വാദിക്കുന്നവർ മറെറാരുഭാഗത്തു്; ഇങ്ങനെ രണ്ടുപക്ഷക്കാരായി നിന്ന് അവരുടെ

[Mr. Mannathu Padmanabha Pillai.]

വാദങ്ങൾ മുറുകി നടത്തിക്കൊണ്ടുവരികയാണ്. ഇതിനെല്ലാം ശരിയായ പരിഹാരം ഉണ്ടാക്കുകയും ഏതു കോഴ്സാണ് വേണ്ടതെന്ന് എത്രയും വേഗത്തിൽ തീരുമാനിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു. ഇങ്ങനെയുള്ള നിശ്ചിതമായ പദ്ധതികളൊന്നുമില്ലാതെ രണ്ടുകോടി രൂപാ നീക്കിവച്ചതുകൊണ്ടുമാത്രം കാര്യമൊന്നുമായില്ല.

മറ്റൊരു കാര്യം, പുതുതായി സ്കൂളുകൾ അനുവദിക്കുന്നതിനെ സംബന്ധിച്ചാണ്. ഇപ്പോൾ പഴയ വിദ്യാഭ്യാസസമ്പ്രദായം മാറി പുതിയ വിദ്യാഭ്യാസസമ്പ്രദായം തുടങ്ങിയിരിക്കുകയാണ്. മുൻപ് പ്രാഥമിക വിദ്യാലയങ്ങളിൽ പഠിച്ചതിനുശേഷം, മലയാളം മിഡിൽ സ്കൂൾ, മലയാളം ഹൈസ്കൂൾ എന്നീ സ്കൂളുകളിലേക്കും, ഇംഗ്ലീഷ് സ്കൂളുകളിലേക്കും പോയി തുടർന്നു വിദ്യാഭ്യാസം ചെയ്യുകയായിരുന്നു പതിവ്. ഇപ്പോൾ ഉയർന്നതരം മലയാളം സ്കൂളുകൾ നിറുത്തി. പ്രഥമിക വിദ്യാലയങ്ങൾ കഴിഞ്ഞാൽ, പിന്നെ ഇംഗ്ലീഷുസ്കൂളുകൾ മാത്രമാണിപ്പോഴുള്ളതു്. ഇങ്ങനെ പുതിയ സമ്പ്രദായം നടപ്പിൽവരുത്തിയതുകൊണ്ടു മലയാളമിഡിൽസ്കൂളുകൾകൂടി ഇംഗ്ലീഷുസ്കൂളുകളാക്കിത്തീർക്കുന്നതിനാലും, ഒരു ക്ലിപ്തവുമില്ലാതെ പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിനാലും പള്ളിക്കൂടങ്ങൾ തമ്മിൽ ചില കുട്ടിമുട്ടലുകൾ നടക്കുന്നുണ്ടു്. പഴയ ഇംഗ്ലീഷുസ്കൂളിന്റെ മടിയിൽ പുതിയ ഇംഗ്ലീഷുവിദ്യാലയം ചെന്നുവീണു ആ തള്ളയെ കരയിക്കുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിൽ എവിടെയാണ് പുതുതായി പള്ളിക്കൂടങ്ങൾ സ്ഥാപിക്കേണ്ടതു്? എവിടെയാണ് ആവശ്യമില്ലാത്തതു് എന്നു് രാജ്യമൊട്ടുക്കു വേണ്ട അന്വേഷണം നടത്തി ഒരു റിപ്പോർട്ടു സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ, പുതിയ പള്ളിക്കൂടങ്ങൾക്ക് അനുവാദം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റിനു ഒരു സ്ഥിരമായ നയം ഉണ്ടായിരിക്കേണ്ടതാണ്. ഓരോ മിഡിൽസ്കൂളും ഹൈസ്കൂളും സ്ഥാപിക്കേണ്ടതു് ഇന്നവിധത്തിലായിരിക്കണമെന്നും, അവയുതമ്മിൽ കുറഞ്ഞതു് ഇത്ര അകലമെങ്കിലും വേണമെന്നുമുള്ള നയമത്തെ ഇന്നത്തെ വിദ്യാഭ്യാസമന്ത്രി അവഗണിച്ചുകൊണ്ടു, പുതിയ പള്ളിക്കൂടങ്ങൾക്കുള്ള അനുവാദം കൊടുത്തതിനു് എത്ര ദൃഷ്ടാന്തം വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. ഇതിനു സ്വാഭാവികമായി ചില പ്രത്യാഘാതങ്ങൾ ഉണ്ടാകാവുന്നതാണ്. കുറച്ചു പള്ളിക്കൂടങ്ങൾമാത്രം സ്ഥാപിക്കപ്പെട്ടിട്ടുള്ള ചില സമുദായക്കാരുടെ സ്ഥാപനങ്ങൾക്കു ക്ഷീണം വരത്തക്കവണ്ണം ജനനംഖ്യാനുപാതികമായി കൂടുതൽ പള്ളിക്കൂടങ്ങൾ കരസ്ഥമായിരിക്കുന്നവരെ സഹായിക്കത്തക്കവിധ

ത്തിലുള്ള ഈ അനുവാദം അപകടകരമായ ഒന്നാണെന്നും, രാജ്യത്തെ വർഗ്ഗീയസൗഹാർദ്ദത്തിനും, ദേശീയ മനോഭാവത്തിനും ഈ നയം ബാധക മായിരിക്കുമെന്നും അതുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസമന്ത്രി ആ കാര്യ ത്തിൽ കുറെക്കൂടി ശ്രദ്ധിക്കേണ്ടതാണെന്നും ഞാൻ ഈയവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. സർ, ഇങ്ങനെയുള്ള കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുവാൻ ഒരു പക്ഷെ ഇന്നത്തെ വിദ്യാഭ്യാസമന്ത്രിക്കു കഴി യുന്നില്ലായിരിക്കാം. അത് അദ്ദേഹത്തിന്റെ ജോലിത്തിരക്കുമൂലവുമാ യിരിക്കാം. രണ്ടുകോടിരൂപയുടെ ചെലവു വഹിക്കേണ്ടിവരുന്ന ഒരു കാര്യമാണ് ഈ രാജ്യത്തെ വിദ്യാഭ്യാസകാര്യം. സമൂലപരിവർത്തനം വരുത്തേണ്ട ഒരു ഡിപ്പാർട്ടുമെന്റുമാണ് അത്. അതുപോലെ വളരെ പ്രാധാന്യമുള്ള ഒന്നാണു വ്യവസായവകുപ്പ്. ഈ രണ്ടു വകുപ്പുകളും ശരിയായി നോക്കിക്കൊണ്ടുപോകുവാൻ ഒരു മന്ത്രിയെക്കൊണ്ടു മാത്രം സാദ്ധ്യമാകുമോ എന്നു ഞാൻ സംശയിക്കുന്നു. അതുകൊണ്ടു വിദ്യാഭ്യാ സത്തിനു പ്രത്യേകം ഒരു മന്ത്രിയെ ചുമതലപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി ഒരു പുതിയ മന്ത്രിയെ സൃഷ്ടി ച്ചാലും അതൊട്ടും അധികമല്ല.

ഇനി ഒരു കാര്യംകൂടി എനിക്കു പറയുവാനുണ്ട്. അത് ഈ രാജ്യത്തെ ഭക്ഷണകാര്യമാണ്. ഈ കാര്യം ആദ്യമെ പറയേണ്ടതായി രുന്നു. അത്ര പ്രാധാന്യമുള്ള കാര്യമാണത്. അരിവില വർദ്ധിപ്പി ച്ചതുനിമിത്തം നാട്ടിലെ സാമാന്യജനങ്ങൾക്കു വളരെ അതൃപ്തിയുണ്ടെ ന്നറിയാം. അരിവില കൂട്ടിയതു ശരിയായി എന്നു മന്ത്രിസഭയും, തെററായി എന്നു ജനങ്ങളും പറയുന്നുണ്ട്. ജനങ്ങളും ഗവൺമെൻറും ഒന്നാണെങ്കിൽ എന്തുപറയുമെന്ന് എനിക്കു നിശ്ചയമില്ല. എന്നാൽ ഒരു കാര്യം തീർച്ചയാണ്. ഇതു ശരിയാണ് അല്ലെങ്കിൽ തെററാണ് എന്നു പറഞ്ഞതുകൊണ്ടു മാത്രമായില്ല. രാജ്യത്തിലെ ജനങ്ങൾക്ക് ആഹാരം കൊടുക്കുന്നതിനുവേണ്ടി രാജ്യം മൂന്നുകോടിരൂപയുടെ കടം വഹിക്കണമെന്നു ജീവനെക്കാൾ രാജ്യത്തെ സ്നേഹിക്കാൻ ബാദ്ധ്യത യുള്ളവരാരും പറയുകയില്ല. ഇതിന് ഏതെങ്കിലും തരത്തിൽ പരി ഹാരം ഉണ്ടാക്കേണ്ടതാണാവശ്യം. നമ്മുടെ ആഹാരകാര്യത്തിനുവേണ്ടി എത്ര കുറച്ചുമാത്രം നാം അന്യരാജ്യക്കാരെ ആശ്രയിക്കുമോ അത്രയും നാം ഈ പ്രശ്നത്തിനു പരിഹാരം കണ്ടുപിടിച്ചുവെന്നു പറയാം. കഴിവുള്ളിടത്തോളം നെല്ല് ഈ രാജ്യത്തുതന്നെ ഉണ്ടാക്കുകയാണു വേണ്ടത്. ഇതിലേക്കു ചില പദ്ധതികൾ ഇന്നത്തെ മന്ത്രിസഭ ആരം ഭിച്ചിട്ടുണ്ടെന്നു കാണുന്നത് ആശ്വാസകരമാണ്. ചെറിഞ്ചാണി

[Mr. Mannathu Padmanabha Pillai.]

അണയുടെ പണി ഗവണ്മെൻറാരംഭിച്ചിട്ടുണ്ട്. അതുപോലെയാ, ഭൗതിനേക്കാൾ പ്രധാനപ്പെട്ടതായ ഒരണയാണ്, ഭൂതത്താൻ കെട്ടണ. ഇതു ഞാൻ പറയുമ്പോൾ, എൻെറ ബഹുമാന്യസ്നേഹിതൻ മി. തയ്യിൽ കുഞ്ഞിത്തൊമ്മന് വിരോധമുണ്ടാകുമോ എന്നറിഞ്ഞില്ല. പക്ഷെ അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ലെന്നുള്ളതു് ആശ്വാസകരം തന്നെ. ഏകദേശം ഏഴുലക്ഷംരൂപയുടെ ചെലവേ ഈ അണ കെട്ടുന്നതിനു വേണ്ടിവരൂ എന്നറിയുന്നു. തോടുകീറാനാണ് വലിയ ചെലവ്. അതിനു രണ്ടു കോടിരൂപ വേണം. ഇത്രയുംരൂപ ചെലവാക്കി ഈ അണകെട്ടിയാൽ അതുകൊണ്ടു രണ്ടു കോടിപ്പറ നെല്ലു ആണ്ടുതോറും ഇവിടെ കൂടുതലായി വിളയിക്കാൻ കഴിയുമെന്നു കാണുന്നു. ഒരു കോടിപ്പറ നെല്ലു ഉണ്ടാകുന്നുള്ള എങ്കിൽതന്നെ അതു ചെറുതല്ല. ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ സത്വരമായ ശ്രദ്ധ പതിയണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇവിടത്തെ ഭക്ഷണക്ഷാമത്തിനു് ഇതു കുറെയൊക്കെ പരിഹാരമുണ്ടാക്കുമെന്നുള്ളതിനു് സംശയമില്ല. ആഹാരകാര്യത്തിൽ ജനങ്ങൾക്കു ഇപ്പോഴുണ്ടായിരിക്കുന്ന അതൃപ്തിയും അതു കുറെയൊക്കെ മാററും. ബഹുമാനപ്പെട്ട മന്ത്രിസഭയും അസംബ്ലിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ടു സമയമില്ലെന്നുള്ള വ്യസനത്തോടുകൂടി വിരമിക്കുന്നു.

MR. P. T. CHACKO: സർ, ആത്മഹത്യാപരമായ ഒരു വിമർശനത്തിനുവേണ്ടി ഞാനും തയ്യാറാകുന്നില്ല. എന്നാൽ എൻെറ നിയോജകമണ്ഡലത്തിലെ ആളുകളെ പ്രതിനിധീകരിക്കുന്ന ഒരു മെമ്പർ എന്ന നിലയിലും തിരുവിതാംകൂറിൻെറ ഭാവിയെ സംബന്ധിച്ച് എൻെറ കഴിവ് അനുസരിച്ചുള്ള നന്മ ചെയ്യുന്നതിനുള്ള അവസരം ഉപയോഗിക്കേണ്ടതു് എൻെറ ചുമതലയാണെന്ന ധാരണവച്ചുകൊണ്ടും ഈ ബഡ്ജററിലെ ചില ന്യൂനതകൾ ചൂണ്ടികാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജീവത്യാഗങ്ങളും കഷ്ടതകളും ധാരാളം ഹൃദയരക്തം ചിന്തിയും സമ്പാദിച്ച ജനകീയഗവണ്മെൻറിൻെറ ആദ്യത്തെ ബഡ്ജററ് അവതരിപ്പിക്കുവാൻ ഭാഗ്യം ലഭിച്ച ഒരു റെവല്യൂഷനറി പാർട്ടിയുടെ ഫൈനാൻസ മിനിസ്റ്ററെ ഞാൻ അനുമോദിക്കുന്നു. നാം ഈ ബഡ്ജററിനെപ്പററി വിമർശനം നടത്തിക്കൊണ്ടിരിക്കുമ്പോൾ തിരുവിതാംകൂറിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ ഇറങ്ങി ജീവത്യാഗം ചെയ്ത നെയ്യാററിൻകര രാഘവൻ, പുതുപ്പള്ളി കുഞ്ഞപ്പൻ തുടങ്ങിയവരുടെ ഓർമ്മയും അവരുടെ കുട്ടികളും അവരുടെ വീട്ടുക

ളിലെ ചെറിയ ചെറിയ ബഡ്ജററുകളെ Balance ചെയ്യുന്നതിനു കഷ്ടപ്പെട്ട് ആലോചിക്കുകയായിരിക്കണം. കഴിഞ്ഞ കാലും ഈ രാജ്യത്തു് ഒരു ജനകീയഭരണം കൈവരുത്തുവാൻ വേണ്ടി, ഈ രാജ്യത്തിലെ ജനങ്ങൾക്കു വിശ്വാസമുള്ള അവരുടെ നേതാവിന്റെ ആഹ്വാനം അനുസരിച്ചു സമരാങ്കണത്തിലേക്ക് ഇറങ്ങിത്തിരിച്ചവർ ഇന്ന് ഒരു പക്ഷേ പട്ടിണിയിൽ നിമഗ്നരായിരിക്കണം. സർ, അങ്ങ് ഇന്ന് ആ മഹനീയസ്ഥാനത്തിൽ ഇരിക്കുന്നതും "The Big three and the chosen three" എന്നും അറിയപ്പെടുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ചുവന്ന നാടകളോടുകൂടിയ ഫയൽ കൂമ്പാരങ്ങളുടെ പിമ്പിൽ redtapism-ത്തിൽ നിന്നും മാററം വന്നിട്ടില്ലാത്ത ഉദ്യോഗസ്ഥവൃന്ദങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു സ്കൂളുകളും കാളേജുകളും ഉപേക്ഷിച്ച വിദ്യാർത്ഥികളും, ഫാക്ടറികൾ ഉപേക്ഷിച്ചിറങ്ങി വന്ന തൊഴിലാളികളും കർഷകവൃത്തി ഉപേക്ഷിച്ച കൃഷിവലന്മാരും ജീവനേയോ സ്വത്തിനേയോ പരിഗണിക്കാതെ സമരം ചെയ്തതിന്റെ ഫലമായിട്ടാണ് എന്നു് ഓർക്കണം. അതിനാൽ ഈ ബഡ്ജററിനെപ്പററി ആലോചിക്കുമ്പോൾ അവരോടു നാം ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ പരിപാലിക്കുവാൻ കഴിവുള്ളതു് നാം ശ്രമിച്ചിട്ടുണ്ടോ, നിരാശ്രയർക്കും അവർക്കും വേണ്ടി നാം എന്തെങ്കിലും ചെയ്തിട്ടുണ്ടോ, ഇതു് സാധാരണക്കാരന്റെ ബഡ്ജററാണോ അല്ലയോ എന്നുള്ളതായിരിക്കണം പ്രധാന പരിഗണന. എന്നാൽ, ഈ ബഡ്ജററ് ഡെഫിസിററ് ബഡ്ജററാണോ അതോ സർപ്ലസ് ബഡ്ജററാണോ എന്നും ഈ രാജ്യത്തെ സാമ്പത്തിക ജീവിതത്തിന്റെ പശ്ചാത്തലത്തിൽ ആലോചിക്കേണ്ടതാണ്. ഈ രാജ്യത്തു് കഴിഞ്ഞ കാലങ്ങളിലെ ബഡ്ജററുകളുമായി ഒത്തുനോക്കി നമ്മുടെ ബഡ്ജററുകളുടെ ഗതി മനസ്സിലാക്കി ഡെഫിസിററ് ബഡ്ജററാണെങ്കിൽ അതിനു പരിഹാരം കണ്ടുപിടിക്കേണ്ടതു് ഇന്നത്തെ മന്ത്രിസഭയുടെ ചുമതലയാണ്. കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ലോകത്തിൽ വളരെ പുരോഗമനം ഉണ്ടായി. ഇൻഫ്ലേഷനോടുകൂടി ലോകം യുദ്ധത്തിന് മുമ്പിലത്തതിനേക്കാൾ വിഭവസമൃദ്ധമായി എന്നാൽ ഇൻഫ്ലേഷൻ ആയപ്പോഴേയ്ക്കും തൊഴിലില്ലായ്മ വർദ്ധിച്ചു. ലോകത്തിലെ പ്രൊഡക്ഷൻ അധഃപതിച്ചു. തൊഴിലില്ലായ്മ വർദ്ധിക്കുകയും തൻമൂലം വാണിജ്യവ്യവസായങ്ങൾ അധഃപതിക്കുകയും ചെയ്തതിന്റെ ഫലമായി രാജ്യങ്ങളുടെ വരുമാനം കുറഞ്ഞു. അതിന്റെ ഫലമായി യൂറോപ്പിലെ പല രാജ്യങ്ങളിലും അമേരിക്ക

[Mr. P T. Chacko]

യിലും ആസ്ത്രേലിയായിലും ഡെഫിസിററ ബഡ്ജററുകളുണ്ടായി. ഫ്രാൻസിൽ ബഡ്ജററ ശരിപ്പെടുത്തുന്ന ശ്രമത്തിൽ ഒന്നിനുപുറകെ ഒന്നായി പല മന്ത്രിസഭകൾ പൊളിഞ്ഞു. പല രാജ്യങ്ങളിലും പല ക്ലേശങ്ങളും സഹിക്കേണ്ടിവന്നു. ഈ സ്ഥിതി ഇന്നു തിരുവിതാംകൂറിലും ഉണ്ടെന്നു പറഞ്ഞാൽ നമ്മുടെ രാജ്യം ചെറിയ രാജ്യമാണെങ്കിലും കാര്യം ശരിയാണ്. കാർമേഘപടലങ്ങൾ നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ അന്തരീക്ഷത്തിൽ ഉയരുന്നുണ്ട്. കഴിഞ്ഞ ൧൪ സംവത്സരക്കാലമായി ഈ രാജ്യത്തുണ്ടായ ദുർഭരണം നമ്മുടെ മുമ്പിൽ ഉണ്ട്. കഴിഞ്ഞ പതിനാലു കൊല്ലമായി ഇവിടെ നടന്ന ദുർഭരണത്തിന്റെനയും ധൂർത്തിന്റെനയും മർദ്ദനത്തേയും വച്ചുകൊണ്ട് ആലോചിക്കുമ്പോൾ ഇവിടെ ഒരു സർപ്ലസ് ബഡ്ജററ് ഉണ്ടാകുവാനുള്ള ഭാഗ്യം സിദ്ധിക്കുമെന്നും ആരും വിശ്വസിച്ചിരുന്നില്ല. ഇതു ഒരു സർപ്ലസ ബഡ്ജററാണ്. രണ്ടു ലക്ഷത്തിൽ ചില്വാനം രൂപാ മിച്ചമുള്ള സർപ്ലസ് ബഡ്ജററാണ്. യഥാർത്ഥത്തിൽ ഒരു സർപ്ലസ ബഡ്ജററ് ആകാൻ window-dressing ingeuuities of public accounting ഉപയോഗിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ തീർച്ചയ് ഇല്ല എന്നു പറയുവാൻ നിർവാഹമില്ല. ഇവിടെ പോസ്ററുവാർ റീകൺസ്ട്രക്ഷൻ ഫണ്ടിന് ആണ്ടുതോറും ഒരു തുക മാററിവയ്ക്കുന്നു. ഈ തുക ൧൧൨൨-ൽ ൩ കോടി ൧൭ ലക്ഷം രൂപാ ഉണ്ടായിരുന്നു. അത് ൧൧൨൩-ൽ ൩ കോടി ൧൯ ലക്ഷം രൂപായാകും, എന്ന് കണ്ടിരിക്കുന്നു. ഇതൊരു കടമായി സ്ഥിതിചെയ്യുകയാണ്. ആ തുകയിൽ നിന്നും, നിയമസഭയിലെ അംഗങ്ങളും മററുള്ളവരും ഗവണ്മെന്റിനെ അനുമോദിക്കത്തക്കവണ്ണം വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തിയതിൽ ൬൦ ലക്ഷം രൂപാ Post—war reconstruction ന് മാററിവച്ചിരിക്കുന്നു. ഇത് കഴിഞ്ഞകൊല്ലത്തിൽ പോസ്ററുവാർ റീകൺസ്ട്രക്ഷനുവേണ്ടി ബഡ്ജററിൽകൊള്ളിച്ചിരുന്ന രൂപായിൽ ഉൾപ്പെട്ട ൬൦ ലക്ഷം രൂപായാണ്.

*"Credit Bala ces should never be used in balancing the Budget for the current year's expenditure"*

എന്ന തത്വം എല്ലാവരും അംഗീകരിക്കുന്ന ഒന്നാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ബഡ്ജററിൽ ൬൦ ലക്ഷം രൂപാ ക്രെഡിററ ബാലൻസിൽ നിന്നു കൊള്ളിച്ചിരിക്കുന്നു. കൂടാതെ അതൊരു കടത്തിൽ നിന്നുമാണു താനും. ഇതിനുപരിയായി വിദ്യുച്ഛക്തി വികസനത്തിനുവേണ്ടി

ഉൾപ്പെടുത്തിയിരിക്കുന്ന ൧൭ ലക്ഷം Credit Balance-ൽ നിന്നാണ് ഒരു കോടി ൧൧ ലക്ഷം രൂപാ അങ്ങിനെ ആകെ ക്രെഡിററു ബാല ൻസിൽനിന്നും ഗ്രാൻറിനത്തിൽ കൊള്ളിച്ചിരിക്കുന്നു. ഈ തുകകൾ കൂടി ഉൾപ്പെടുത്തിയാൽ ഈ ബഡ്ജററ് സർപ്ലസ് ബഡ്ജററാ ണെന്നു ധരിക്കുവാൻ നിവൃത്തിയില്ല. ൧ കോടി ൧൦ ലക്ഷം രൂപാ ഈ ഇനങ്ങൾ മാത്രം നോക്കിയാലും കമ്മിയാണ്.

മററു് ഒന്നു രണ്ടു കാര്യംകൂടി പറയണമെന്നു ഞാൻ ഉദ്ദേശി ക്കുന്നു. കഴിഞ്ഞകൊല്ലത്തെ ബഡ്ജററിനെപ്പററി നാം ഒന്നു നോക്കണം. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററും ഡെഫിസിററാണെന്നു കാണിക്കാൻ വിഷമമില്ല. ആ ബഡ്ജററ് അനുസരിച്ച് guilt edge-p Securities-ൽ നിന്നും ൬൦ ലക്ഷവും സസ്പൻസ് അക്കൌണ്ടിൽനിന്നും ൩൭ ലക്ഷവും 'Bullion' -ൽ നിന്നും ൪൦ ലക്ഷവും, ചെറിയ ലോ ണിനത്തിൽ മൂന്നു കോടി ൨൦ ലക്ഷം രൂപായും കുറവുണ്ട്. വേറെ കമ്മിനത്തിൽ ൬൨ ലക്ഷം ചിലവാക്കി. കഴിഞ്ഞകൊല്ലം ഉള്ള ൻ കോടി ൩൩ ലക്ഷം രൂപായും അതിനുപരിയായി മുൻപറഞ്ഞ ഇന ങ്ങളിൽ ൭ കോടി ൬൯ ലക്ഷം രൂപായും മുഴുവൻ ചിലവാക്കേണ്ടി വന്നു എങ്കിൽ കഴിഞ്ഞകൊല്ലത്തെ ബഡ്ജററ് ഡെഫിസിററ് ബഡ്ജററ് ആണെന്നു കാണാം. ഇനി നമ്മുടെ കടത്തിന്റെ സ്ഥിതിയും ആലോചിക്കണം. നമ്മുടെ കടം ൧൯൭൬-ൽ ൭൦ ലക്ഷം രൂപാ കൊടുത്തു തീർക്കണം. ൧൯൭൨—൭൪ വർഷത്തിൽ mature ആകുന്ന ൩ കോടി ൭൦ ലക്ഷം രൂപാ കൊടുക്കണം. ൧൧൨-ൽ നമ്മുടെ രാജ്യത്തു ഏഴുകോടിയോളം രൂപാ ക്യാഷ്ബാലൻസ് ഉണ്ടായിരുന്നു. ൧൨൨-ൽ minus ൧൧ ലക്ഷമാണ്. ൨൩-ൽ സർപ്ലസ് ചെയ്തിരിക്കുന്നത് രണ്ടു കോടി ൭൬ ലക്ഷം രൂപായാണെങ്കിലും, overdraft നാം കൊടുക്കേണ്ടത് ആറുലക്ഷത്തോളം രൂപായാണെന്നു കാണാവുന്നതാണ്. അതിനാൽ മിച്ചമില്ലെന്നു് അർത്ഥം. സാധാരണ ക്കാരന്റെ ജീവിതത്തെ സ്പർശിക്കാതെ വലിയ ആളുകളുടെ, പണ ക്കാരുടെ ജീവിതത്തെ സ്പർശിക്കുന്ന പല നികുതികൾമൂലവും, റൂസ് വെൽററ് ചെയ്തതുപോലെ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസും വെട്ടിക്കുറച്ചും, ആദായം ഉണ്ടാക്കുവാൻ വേണ്ടി നാം ശ്രമിക്കണം. അങ്ങിനെ ഭാവിയെ നേരിടുവാൻ കരുതണം. ഞാൻ ഒരു ഭാഗത്തെപ്പററി വിമർശിക്കുന്നില്ല. ഇവിടെയുള്ള ബഡ്ജററ്

[Mr. P. T. Chacko]

സാധാരണക്കാരന്റെ ബഡ്ജററ് ആണെന്നു പറയുന്നു. ഇതിൽ ഒന്നു രണ്ടു കാര്യങ്ങൾ അടങ്ങീട്ടുണ്ടു് എന്നു സമ്മതിക്കാം. എന്നാൽ കഴിഞ്ഞകൊല്ലത്തെ നമ്മുടെ വാഗ്ദാനങ്ങൾ നിറവേററാൻ ഈ ബഡ്ജററിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു ആലോചിക്കണം. കഴിഞ്ഞകാലങ്ങളിൽ ജയിലിൽ നാം ഒന്നിച്ചുകിടന്നു. എന്നാൽ അവിടെ വിഷമം അനുഭവിക്കുന്ന അവിടത്തെ വാർഡർമാരുടെ ശമ്പളം കൂട്ടുന്നതിനുവേണ്ടി ഒരൊററ രൂപാപോലും ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലെന്നു വന്നതിൽ വ്യസനമുണ്ടു്. അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു ഗ്രാൻറിനത്തിൽ ഒററ രൂപാപോലും കൂടുതൽ വച്ചിട്ടില്ല. പാവപ്പെട്ട പോലീസുകാരന്റെ ശമ്പളം കൂട്ടുന്നതിനോ പാവപ്പെട്ട കുറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടുന്നതിനോ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുന്നതിനോ ശ്രമിച്ചിട്ടില്ല. നശിപ്പിച്ച് ഒരു പുതിയ വ്യവസ്ഥിതിയിലേക്ക് തിരുവിതാംകൂറിനെ കൊണ്ടുപോകണമെന്ന വിചാരമേ കാണുന്നില്ല. പാവപ്പെട്ട കുറഞ്ഞ ശമ്പളക്കാരുടെ ശമ്പളക്കൂടുതലിനുവേണ്ടി ഒരൊററ പൈസപോലും ബഡ്ജററിൽ ചേർത്തിട്ടില്ല. പല ഡിപ്പാർട്ടുമെൻറിലും ഡിമാൻറു് ചെയ്തിരിക്കുന്നതു കൂടുതൽ ആണെങ്കിലും പാവപ്പെട്ടവന്റെ കാര്യത്തിനുവേണ്ടി ഒരു പൈസാപോലും കൂട്ടിയിട്ടില്ലാ എന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പഴയ ഓർഡർമാറിയിട്ടില്ല. പുതിയതു ജനിച്ചിട്ടുമില്ല.

MR A. P. UDAYABHANU: സർ, ഈ ബഡ്ജററിനെ വിമർശിക്കുന്ന അവസരത്തിൽ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി ഈ നിയമസഭയുടെ ഒരു കോണിൽ ഇരുന്നുകൊണ്ടു് നടത്തിയതുപോലെ ഒരു ഖണ്ഡനപരമായ വിമർശനത്തിൽ ഏർപ്പെടുവാൻ ഞാൻ തയ്യാറില്ല. അങ്ങനെ ഒരു ഖ്യാതി സമ്പാദിക്കാനും ഞാൻ ആഗ്രഹിക്കുന്നില്ല. ഈ മന്ത്രിസഭയ്ക്കു് ഏതെല്ലാം തരത്തിലുള്ള പ്രയാസങ്ങളാണു് അഭിമുഖീകരിക്കേണ്ടിവന്നതു്, എങ്ങിനെയാണു് ഈ ബഡ്ജററു് തയ്യാറാക്കിയതു് എന്നും മററും ശരിയായി വീക്ഷിച്ചുകൊണ്ടല്ലാതെ വിമർശിക്കുന്നതു് ന്യായമല്ല. ഇന്നത്തെ മന്ത്രിസഭ രൂപീകരിച്ചിട്ടു മൂന്നുനാലുമാസമേ ആയിട്ടുള്ളു എന്നു നമുക്കറിയാം. ഇന്നത്തെ ബഡ്ജററിൽ പ്രധാനമായി കാണുന്നതു് സൂക്ഷ്മതയും കരുതലും ആണു്. വളരെ അധികം യാഥാസ്ഥിതികത്വം കാണാമെന്നുള്ളതു് സ്വാഭാവികമാണു. എന്നാൽ ഇത്രയും കുറഞ്ഞ കാലംകൊണ്ടു് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്ന ഈ

ബഡ്ജററിൽ, പുതിയ സംവിധാനങ്ങളുടേയും വികരണപദ്ധതികളുടേയും മററു പുരോഗമനങ്ങളുടേയും ലക്ഷണങ്ങൾ കുറഞ്ഞുപോയതായും വരാം. എന്നാലും ഇതു് പഴയകാലത്തെ ബഡ്ജററല്ലെന്നുള്ളതു് ആശ്വാസപ്രദമാണു്. യുദ്ധാനന്തരമുള്ള ലോകത്തിന്റെ കീഴ്ക്കാംതൂക്കായ മലഞ്ചെരിവിൽ കൂടി പ്രയാണം ചെയ്യുന്നതുപോലെയാണു് നമ്മുടെ ഗവണ്മെന്റും നമ്മുടെ കാര്യങ്ങളും ഇപ്പോൾ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നതു്. ഇന്നു് വളരെ വേഗത്തിൽ ആളുകളുടെ കയ്യിൽ നിന്നും പണം പിൻവലിഞ്ഞുകൊണ്ടിരിക്കുന്നതായി നമുക്കു് കാണാൻ കഴിയും. അത്ര സാരമായി ജനങ്ങളുടെ ജീവിതത്തോതു് വർദ്ധിച്ചിരിക്കുകയാണു്. ഈ സംഗതിക്കു് ഒരു പരിഹാരം കണ്ടുപിടിക്കുകയാണു് ഇന്നു് ഗവണ്മെന്റിനെ അഭിമുഖീകരിച്ചിരിക്കുന്ന പ്രധാന പ്രശ്നം. കീഴ്ക്കാംതൂക്കായ മലഞ്ചെരിവിൽക്കൂടെ ഓടിക്കപ്പെട്ടുകൊണ്ടിരുന്ന രഥത്തിന്റെ സാരഥ്യം വഹിച്ചുകൊണ്ടാണു മന്ത്രിമാർ ഇന്നു് അധികാരത്തിൽ വന്നിരിക്കുന്നതു്. എന്നാൽ ഇവിടത്തെ കുതിരകളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, അവ ഏതെല്ലാം തരത്തിലുള്ളവയെന്നും, എങ്ങനെ പെരുമാറുമെന്നുമുള്ള സംഗതി അവക്കു് നല്ല നിശ്ചയമില്ല. കുതിരകൾ മുമ്പിലത്തേതുതന്നെയാണു്. ഈ കുതിരകളിൽ ചിലതെല്ലാം പഴയകാലത്തിന്റെ പകയുള്ളിൽ നിഗ്രഹനം ചെയ്യുന്ന ജോടെൻ കുതിരകളുമാണു്. രഥത്തിന്റെ ചാവിആണിതന്നെ ഉണ്ടോ എന്നു സംശയമാണു്. ഇങ്ങനെയൊക്കെ ഇരിക്കുമ്പോൾ കരഘോഷങ്ങൾക്കും ഹർഷാരവങ്ങൾക്കും വേണ്ടി രഥം വായുവേഗത്തിൽ വിടുന്നതിനു ശ്രമിച്ചിരുന്നു എങ്കിൽ മന്ത്രിമാർ അവരോടും ജനതയോടുംതന്നെ വിശ്വസ്തതയോടെ പെരുമാറി എന്നു പറയുവാൻ സാധിക്കയില്ലാതിരുന്നു. അതുകൊണ്ടു് ബഡ്ജററു് ഈ രീതിയിൽതന്നെ മുമ്പോട്ടുപോകണമെന്നർത്ഥമില്ല. ഈ വിമർശനങ്ങളുടെ വെളിച്ചത്തിൽ രാജ്യത്തിന്റെ സാമ്പത്തികപദ്ധതികളെക്കുറിച്ചു് ഒരു പുനഃപരിശോധന നടത്തേണ്ടതാണു്. ഇന്നു് ഈ ബഡ്ജററു് അവതരിപ്പിച്ചിരിക്കുന്ന മന്ത്രിമാക്കുതന്നെ ബഡ്ജററു തൃപ്തികരമാണെന്നൊരു ആത്മവിശ്വാസമുണ്ടായിട്ടുള്ളതായി തോന്നുന്നില്ല. അവർ രാജ്യത്തിന്റെ ഗഫാർസ്ഥിതിഗതികൾ മനസ്സിലാക്കി കുതിരകളുടെ മേൽ പരിപൂർണ്ണനിയന്ത്രണം സമ്പാദിച്ചശേഷം രഥത്തെ അതിന്റെ ലക്ഷ്യമായ ഹൗ എംപ്ളായിമെന്റിലേക്ക എത്തിച്ചേക്കും എന്നു് എനിക്കു വിശ്വാസമുണ്ടു്. ഇതൊക്കെയാണെങ്കിലും വളരെ കരുതലും സൂക്ഷ്മതയും ഈ ബഡ്ജററു നിർമ്മാണ

[Mr. A. P. Udayabhanu]

ത്തിൽ കാണിച്ചിട്ടുണ്ടെന്നുള്ള സംഗതി സുവ്യക്തമാണ്. ഇന്നത്തെ അധികാരം ഏറ്റെടുത്ത അവസരത്തിൽ, ൧൧൨൩-ലെ ബഡ്ജററനുസരിച്ചാണ് പൊയ്ക്കൊണ്ടിരുന്നതു്. ആ ബഡ്ജററുതന്നെ ഒരു നിയമസഭയുടെ വിമർശനത്തിന് വിധേയമാക്കിയിരുന്നില്ല. ൧൧൨൩-ൽ, ആദായം കണക്കാക്കിയിരുന്നതിൽ നിന്നും, കസ്റ്റംസിൽ ൬൨.൪൯ ലക്ഷം രൂപയും ലാൻഡ് റവന്യൂവിൽ ൨.൪൦ ലക്ഷം രൂപയും ഫാറസ്റ്റിൽ ൩൨.൬൦ ലക്ഷം രൂപയും കുറവായിട്ടാണ് കിട്ടിയിട്ടുള്ളതു്. ൧൧൨൩-ൽ ക്യാഷ് ബാലൻസ് ൨൧൯.൯ ലക്ഷം രൂപയുണ്ടെങ്കിലും ൬൦൨.൧൨ ലക്ഷം ഗിൽറ്റ് എഡ്ജ്ഡ് സെക്യൂറിറ്റീസിനു നീക്കിവച്ചിട്ടുണ്ടെന്നാണ് കാണുന്നതു്. എന്നാൽ ൧൧൨൩-ലെ മൊത്തആസ്തി ൩൨൪ ലക്ഷത്തിൽ കൂടുതൽ കാണുന്നില്ല. ൧൧൨൩-ലെ ആസ്തിയിൽ ൪ കോടി രൂപാ അഡ്വാൻസസ് 'റീപേയബിൾ' എന്നതിലാണു കൊള്ളിച്ചിരിക്കുന്നതു്. അതു് എന്തെല്ലാമെന്ന് നിശ്ചയമില്ല. ൧൨൨-ൽ ക്യാഷ് ബാലൻസായി കണക്കാക്കിയിരിക്കുന്നതു് ൨൧൪ ലക്ഷം രൂപയാണ്. ൧൧൨൩-ൽ അവസാനം Ways and Means-ൽ ഏകദേശം ൩൬൦ ലക്ഷത്തോളം കണക്കാക്കിയിരിക്കുകയാണ്. എന്നാൽ ൧൧൨൪ തുടങ്ങുന്നതു് ഏകദേശം ൧൨ ലക്ഷത്തോളം രൂപ ഡെഫിസിറ്റോടുകൂടിയാണ്. ൧൧൨൩-ൽ ൨ കോടി രൂപ ഫുഡ് സബ്സിഡിയിൽ നഷ്ടം വന്നിട്ടുണ്ട്. അതുപോലെതന്നെ ഇപ്പോഴും ഭീമമായ ഒരു തുക ആ ഇനത്തിൽ നഷ്ടം വന്നുംകാണ്ടിരിക്കുന്നു. ഇങ്ങനെയുള്ള പ്രതികൂലപരിതഃസ്ഥിതിയിലാണ് ഇപ്പോഴത്തെ മന്ത്രിമാർ അധികാരത്തിൽ വരുന്നതു്. ഭരണസംബന്ധമായുള്ള വിഷമപ്രശ്നങ്ങളും, സാമ്പത്തികപ്രശ്നങ്ങളും എന്നി വൈഷമ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് അവർ ഭരണഭാരം കയ്യേറ്റതും. എങ്കിലും ഈ ചുരുങ്ങിയ കാലംകൊണ്ട് അവർ അതിൽ വളരെ സൂക്ഷ്മതയോടുകൂടി പ്രവർത്തിച്ചുവെന്ന് പറയാതിരിക്കാൻ തരമില്ല. എന്നാൽ ഞാൻ മുൻപറഞ്ഞതുപോലെ ഈ രീതിയിൽ പോകണമെന്നില്ല. താമസിയാതെതന്നെ ഇവയ്ക്കെല്ലാം ഒരു പരിഹാരം കണ്ടുപിടിച്ച് നിശ്ചിതലക്ഷ്യത്തിൽ എത്തിച്ചേരണമെന്നാണ് എനിക്കഭിപ്രായമുള്ളതു്. ഈ ബഡ്ജററിനെപ്പററി വളരെ പ്രതികൂലമായി എന്റെ സ്നേഹിതന്മാർ, തമിഴ്നാട്ട് കോൺഗ്രസ്സിൽപെട്ട മെമ്പറന്മാർ വിമർശിച്ചുകണ്ടു. രാജ്യത്തിന്റെ ആസ്തികളെക്കുറിച്ച് അവർ പറഞ്ഞു. എന്നാൽ പള്ളിവാസൽ ഹൈഡ്രോ എലക്ട്രിക്ക് പദ്ധതിക്ക് ഒരു കോടി രൂപ മാററിവച്ചിരിക്കുന്നതു

ആസ്തിയുടെ കൂട്ടത്തിലാണ് കണക്കാക്കേണ്ടത്. പ്രതികൂലവിമർശനത്തിനിടയായ വേറൊന്ന് സെയിൽസ ടാക്സ് ആണ്. അത് വരവിനത്തിൽ കണക്കാക്കിയിട്ടില്ല. കൊച്ചിയിലും മദ്രാസ് പ്രവിശ്യയിലും, മൈസൂറിലും സെയിൽസ്ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ഒരു പിൻതിരിപ്പൻ നയമല്ല. ഏതു സാധനങ്ങളുടെ മേൽ നികുതി ഏർപ്പെടുത്തുന്നു എന്നുള്ളതാണ് ആ നികുതി പിൻതിരിപ്പനോ പുരോഗമനപരമോ എന്നു പറയേണ്ടത്. കസ്റ്റംസ് ആൻഡ ഇൻകംടാക്സ എന്ന ഇനത്തിലെ വരവ് സെൻട്രൽ സബ്ജക്ററായിപ്പോകുമെന്നു മിസ്റ്റർ നേശമണി പ്രസ്താവിച്ചു. എന്നാൽ Draft Constitution പ്രകാരം കുറഞ്ഞത് അഞ്ചുകൊല്ലക്കാലത്തേക്കെങ്കിലുംഅതു നമ്മുടെവരവായി കണക്കാക്കപ്പെടുവാൻ സാധിക്കുമെന്നു കാണാവുന്നതാണ്. അതുകൊണ്ടു ഇക്കൊല്ലത്തെ ആയവ്യയകണക്ക് രൂപീകരിച്ചിരിക്കുന്നതിനെ കുററപ്പെടുത്താൻ സാധിക്കുന്നതല്ല. എന്നാൽ ഒന്നു പറയുവാനുള്ളതു ഗവൺമെൻറിൻെറ ലാൻഡ് പോളിസിയെക്കുറിച്ചാണ്. പാവപ്പെട്ടവർക്കു കിടക്കാൻ വീടില്ലെന്നും, എവിക്ഷൻെറ നിരോധനത്തെ തടയാൻ വേണ്ട നടപടി എടുക്കണമെന്നു ആളുകൾ പരാതിപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് Emergency Powers Act അനുസരിച്ച് eviction നിരോധിച്ചു Ordinance ഗവൺമെൻറിനു പുറപ്പെടുവിച്ചുകൂടാ? ഭവനനിർമ്മാണപദ്ധതി ആലപ്പുഴ മുതലായ സ്ഥലങ്ങളിലും കൂടി കൊണ്ടുവന്നു ആ സ്ഥലങ്ങളിലുള്ള ആധുക്കളുടേയും വൈഷമ്യങ്ങളെ പരിഹരിക്കേണ്ടതാണ്. മറ്റൊന്ന് പബ്ളിക്ക് സർവ്വീസാണ്. അതിനെക്കുറിച്ചാണ് കൂടുതൽ അസ്വസ്ഥതയുള്ളതു. നാലു പട്ടിണി ഉദ്യോഗസ്ഥന്മാരുടെ നിയമത്തിനാണു നമ്മുടെ വർഗ്ഗീയനേതാക്കന്മാരുടെ ദൃഷ്ടിയിൽ പ്രാധാന്യം. ഇപ്പോഴുംതന്നെ റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സ്ഥാനങ്ങളിലേക്കുള്ള നിയമനം സംബന്ധിച്ചുള്ള ബഹളത്തിനു കണക്കില്ല. വർഗ്ഗീയത്വത്തിനു അതീതമായി ആരെ നേരെ പിടിക്കുവാൻ കഴിവുള്ളവർ കുറവാണ്. അങ്ങനെ ചെയ്യുമെന്നു സംശയാതീതമായി വിശ്വസിക്കപ്പെടുന്നവർ ഇല്ലതന്നെ. ആ നിലയ്ക്കു നായരും, നസ്രാണിയും, ഈഴവരും അല്ലാത്ത, ഈ നാട്ടുകാരല്ലാത്ത മൂന്നുപേരടങ്ങിയ ഒരു പബ്ളിക്ക് സർവ്വീസ കമ്മീഷൻ നിയമിക്കുന്നതു നന്നായിരിക്കും. ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്രമം retrenchment, ഇതിനെല്ലാം ഒരു പേക്കമ്മീഷനെ നിയമിക്കുന്നതും അഭിലഷണീയമാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

DR. M. O. CHERIYAN Sir, I congratulate the Finance Minister for presenting the first people's budget. I compliment him further for his exhortation to one and all in this House, to take the vow that we shall build up a Travancore in which the common man will occupy the centre of the stage in all our plans of social reconstruction. Let us take the vow and go forward to make our State an ideal one to the rest of India and the rest of the world.

The main ways by which the economic position of this country can be raised are by the increase of transport facilities, increase of agricultural production, increase of productive schemes and facilities for export.

The very unsatisfactory position of our transport system has already been brought to the notice of this House by the volume of questions raised here in that connection. We should make an all-out attempt to be self-sufficient in this direction, not to depend upon uncertain supplies of petrol and coal from outside. Representations have been made to Government and a volume of public opinion has successively come out in the press regarding the necessity of opening up of a railway throughout the length of this country. I do not know whether any provision has been made in the budget for a preliminary opinion on the subject. An electric railway throughout the length of the country will go a long way to solve the problem of internal transport.

Regarding increasing agricultural production we hear of extensive acreages of lands that have been given out for cultivation There are still several thousands of acres of land available in Devicolam taluk which do not require any form of deforestation, suitable for paddy cultivation. The plight of the agriculturists through the haphazard paddy purchasing system, and the arbitrary assessment of agricultural income tax on the basis of figures supplied by the revenue subordinate staff have become very pitiable.

There has been a country-wide demand for lifting food control but Government has given a deaf ear to the cry so far. Wherever one goes in the tate, black market rice is available. In this city under the very nose of the Central Administration rice is available in the black market. No Government can effectively stop the trading in of an elementary article required for existence. And it is high time to knock off the controls and keep the people free from perpetuating the evil trade. It is the landlords, the purchasing and rationing officers and the ration shop keepers who are benefited by the controls and not the piecemeal cultivator or the ration card holder.

The progress with our productive schemes such as the generation of hydro-electric power is not satisfactory. The importance of producing hydro-electric power with its various dependent industrial and irrigation schemes, to increase the economic wealth of our country are too well-known to require further emphasis. If we

mean what we say that we are out to find economic and social redemption of our masses, we should proceed headlong with our productive schemes.

We have to solve our export difficulties on industrial produce, and all facilities for easy export of agricultural products which are not required for our internal consumption have to be given. I understand that the tea industry has attained a stage of shouldering its maximum weight in its cost of production and that tea is losing its ground in foreign markets. Another commodity which labours under export-difficulty is cardamom. Cardamom does not keep its quality except in a very dry place, and the restrictions and impositions in its way of easy export are causing material loss in market-value. It is said that 75 per cent of the world's cardamom is produced in Travancore. The market for the commodity is foreign and it is absolutely necessary on the part of the Government, which is out for the betterment of its masses to give all facilities for the cultivators to market the produce with as little delay as possible. Another agricultural produce which has lost its ground is lemon grass oil. Government should rescue the poor cultivators who are unable to find a market by themselves.

The House adjourned for lunch at 1 p. m. and met again at 2-15 p. m.

MR. PRESIDENT : എനിക്കു് ഒരു സംഗതി ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പറന്മാരോടു് പറയാനുള്ളതു് ബഡ്ജറ്റു് പൊതുവിമർശനം ഇന്നു നാലരമണിവരെ ഉണ്ടായിരിക്കുന്നതും അതിന്റെ മറുപടി പറയുന്നതിനായിട്ടു ഫിനാൻസ് മിനിസ്റ്റർക്കു് ഒരു മണിക്കൂർവരെ സമയം അനുവദിക്കേണ്ടിയിരിക്കുന്നതുകൊണ്ടു് അഞ്ചരമണിവരെ സഭാനടപടികൾ ഉണ്ടായിരിക്കുന്നതും ആണു്.

DR. M. O. CHERIYAN: Any Government for a satisfactory running of its machinery should have a loyal, contented and uncorrupted subordinate staff. Loyalty to a great extent is reciprocal. When Government looks after its employees by giving them enough to keep them above want, provide them for their old age and sympathise with them in their difficulties, loyalty will be automatically reciprocal.

Corruption is rampant in all our departments, more so with the revenue and police subordinates. I do not blame these employees. I blame the Government which has caused them to drift and drift into this state of affairs.

Just like the general masses, I believe, the non-gazetted employees of Government also were entertaining great hopes, dreaming of the prosperous days ahead for them when a popular ministry comes into commission. I won't be surprised at all if this budget

[Dr. M. O. Cheriyan]

as disappointed these unfortunate employees. However, it is gratifying to note the Finance Minister's statements that whatever policies and programmes we make for the future of the State will have to be as far as possible in harmony with those of the Indian Union Government and I feel sure that all attempts will be made by the Government to pay the same remuneration to its employees, as given in the Indian Union, and as a token of our anxiety to better their conditions, I would suggest cutting down our allowances to the level of the lowest paid employees of the Government. To ameliorate their conditions and to do away with all unnecessary employments in the services, it is necessary to constitute a fact finding committee. Superfluous staff should be reduced and the number of working hours should be increased. Obsolete circulars and unnecessary returns remaining in vogue for years to serve no purpose should be deleted from the routine. A thorough overhaul in the system of office routine should be effected. The time honoured tradition of a paper from the Government or Departmental Head going right down to the peon who actually records an answer and returns it through all its paths of descent with the accepted delay should be stopped. Taluk Committees should be constituted to check corruption and to help the services in fair execution of their duties.

The Honourable Finance Minister has stated in his speech that an amount of Rs. 10 lakhs has been set aside for expenditure as a first instalment for establishing a Medical College. While none will be more pleased than I to see a well equipped modern hospital with up-to-date teaching facilities established in the State I would give a note of warning, a double note of warning, that the Government before committing the State to a scheme which will involve great financial capital outlay and recurring expenditure, should make an exhaustive study of the financial implications involved in the scheme. I would suggest that Government, should seek expert opinion in that connection from personages in and outside the State, and details worked out through an appropriate committee and those details brought to the notice of this House for its opinion before launching on any commitment in this connection.

With these few observations, I wish all good luck to the Finance Minister with his budget.

MR. P. BALAKRISHNAN TAMPI: *Sir*, the Prime Minister who as far as I know uses embellished language, for once has allowed himself the luxury of referring to the 'Common man', and therefore I have no sympathy with him if on that score people criticise him for the budget not being a 'Common man's' budget. As a student of economics I have not been able to understand the connotation or denotation of the term "common man". "A man in the street" or "an economic man" are common expressions; they have some meaning but certainly no definite meaning. Now, when on the

common man's basis this budget is attacked, I would say that the criticisms are unanswerable in a sense? If by the common man's budget it is only meant that there is to be a largest good to a largest number, I am confident that this budget could be called a common man's budget.

The Honourable members of this House who are the cream of the population of the State would not have meant that in any scheme of Government, in a common man's budget speech if I can say so, chocolates, toffees and things of the kind could be offered to be distributed, or that roads would be paved with gold. For, by a common man's budget it is only meant that liberal provision is made for nation—building activities. The Budget then certainly deserve the pompous name which the Prime Minister has given the common man's budget.

Sir, in the matter of education, in the matter of research, in the matter of public works, in the matter of village uplift in the matter of land colonisation, liberal provision has been made. I am glad that ample provision has been made for colonisation, in the High Ranges for about a thousand people. Is it not an item which Government have rightly included in that when called a common man's budget?

Sir, before I speak anything about the details of the budget I should like to clear myself as to where I stand in regard to certain matters. As a member of this House I am afraid I am likely to forget certain things. I was rubbing my eyes for a while and wondering at what is happening here. I observed ministerial benches being attacked with reference to budget by some ministerialist and praised on the opposition parties by a few others. After all, the party clevages are only artificial. There is a core of common sense running through every Travancorean A criticism was made that more funds have been provided for defence and police purposes than should have been! I am sure this Government will take up the hint to reduce the expenditure in that line if Mr. Nesamony and his followers give the assurance that there is no need for greater police protection. I am afraid even Mr. Nesamony was embarrassed in stating the details regarding defence As far as I know, this State has acceded only in regard to 3 important subjects. I do not know whether the State has come to any final decision regarding the Standstill Agreement. In the matter of Customs and Income tax it is premature, rather difficult to say, whether these are ear marked for one purpose or other. Therefore it is better to leave these matters to those who are handling the problem; for a little knowledge in administrative matters is a dangerous thing. As the matter is in the stage of negotiations any observation based on inaccurate information would be embarrassing to Government and highly prejudicial to the larger interests of the State. One Honouable member was saying that this budget is of the old world. If so, that is the case with all budgets in all countries; detailing only items of income and expenditure. I would rather say that the

[Mr. P. Balakrishnan Tampi]

speeches of members here are of the old-world. When the Government was manned by a person who in technical language could be called "irresponsible", I remember every member went on to play the part of the jack the giant killer and attacked Government. But conditions are entirely different to-day. People in whom we have confidence have taken the reins of Government. I am afraid we have not changed ourselves to the changed conditions. In the change-over we have not adjusted ourselves. We have followed the old model in criticising Government for the provisions made in the budget. Anyway I have to be cautious in this matter and I would just say that better guidance was needed for criticising the budget.

(President's bell).

Now Sir, in telegraphic language I want to speak about retrocession of Anjengo and Thangacherry to our State. The Government have not been able to tell us anything about it. When Secunderabad has been given to the bellicose successor of one Asaf Jah, when Bangalore cantonment to the descendent of Wodayar, these two bits have not been given to us by the Dominion Government. As our Government have not made any mention of it, I am just referring to it.

I want to know why the Government have not taken up the Pamba and Periyar Schemes for development. A word about the land policy about which copious references have been made here by Honourable members. I would particularly request Government not to precipitate matters in that affair. In the matter of land legislation this State has gone far ahead of other civilized countries. In the matter of relationship between the land lord and tenant this Government has made clear regulations from very early times. The sacredness of contracts has to be maintained for all times. That having been accepted there is no need for legislation in that direction. If it is the idea of Government to provide homes for the homeless people, that is a different matter. But Government should not lend ears for artificial objections in the matter of eviction as it is being carried on now. Government should have the shrewdness to see through the briefs of that character held by Honourable members.

Sir, a word to the effect that this House should not go away with the impression that "flings" can be thrown at the officers of our Government by the Honourable members of this House. A contented service is essential for the security of the State. In olden times civil services must have been a little uppish; our criticisms were generally not well received. Now we are in the regime of the 'chosen' people. All the more it is our duty not to disparage the services as it would only tell on their administrative efficiency. The reputation of the House then will be on the wane. To say that our officers are corrupt etc., must have been just in olden times. At present it is a different thing. Such a criticism does not do good

to the reputation of the State. To the outside world, it will give an appearance that things are not quite well here. Compared with the officers obtaining elsewhere, our officers are of a superior type. Then as regards their salaries, I do not think that any officer of our State is highly paid as is alleged. The Ministers are given nominal compensation for meeting certain expenses which could not otherwise be paid for. But in the case of officers who have devoted the best part of their life not for any political work of course, but for honestly studying problems confronting the people and suggesting solutions therefor, it is only proper to pay them well. The services should attract the best type of people and adequate payment should be made to them. I ask is it possible to get a Chief Engineer on Rs. 300, a Vice-Chancellor on Rs. 500 or a Surgeon-General on Rs. 250. Certainly not. Such criticisms were alright in days of yore. Even the Central Government pays their officers much more than they pay the Ministers. In a democratic State it is highly essential that the services should be well equipped; of course you should be careful about the choice of people. But I do not say that every one deserves the pay he draws. (President's bell).

**Miss ACCAMMA CHERIYAN:** തിരുവിതാംകൂറിലെ ജനങ്ങളുടെ പല കൊല്ലക്കാലത്തെ ത്യാഗത്തിൻെറയും കഷ്ടപ്പാടുകളുടേയും ഫലമായി ഇന്നെങ്കിലും ഒരു ജനകീയബഡ്ജററ് അവതരിപ്പിക്കുവാൻ സാധ്യമായത് ഈ രാജ്യത്തിൻെറ ചരിത്രത്തിൽ അവിസ്മരണീയമായ ഒരു സംഭവമാണ്. ജനകീയസമരത്തിൻെറ വിജയത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത ദേശഭക്തന്മാരേയും അതിനുവേണ്ടി പ്രവർത്തനം നടത്തിയവരും വളരെ കഷ്ടപ്പാടുകളും യാതനകളും സഹിച്ചവരും ആയ വിദ്യാർത്ഥികളേയും തൊഴിലാളികളേയും മറ്റെല്ലാ സാമാന്യജനങ്ങളേയും ഈ സന്ദർഭത്തിൽ സ്മരിക്കാതിരിക്കാൻ നമുക്ക് സാധ്യമല്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നത് ബഡ്ജററ് തയാറാക്കുന്നതിൽ സാമാന്യമനുഷ്യൻെറ ശരാശരി സാമ്പത്തികനില കഴിയുന്നതും ഉയർത്താൻ ശ്രമിച്ചിട്ടുണ്ടെന്നാണ്. ജനകീയ ഗവണ്മെൻറിൻെറ പ്രഥമവും പ്രധാനവുമായ കർത്തവ്യം അതുതന്നെയാണ്. ഈ രാജ്യത്തുള്ള സാമാന്യജനങ്ങളുടെ സാമ്പത്തികനില മാത്രമല്ല, സാമൂഹ്യവും സാന്മാർഗ്ഗികവുമായ നിലയുംകൂടി ഉയർത്തേണ്ടത് ഒരു ജനകീയഗവണ്മെൻറിൻെറ കടമയാണ്. കേവലം ൩ മാസംമാത്രം പ്രായമുള്ള നമ്മുടെ ജനകീയമന്ത്രിസഭയ്ക്ക് ജനകീയാഭിലാഷത്തെ തൃപ്തിപ്പെടുത്തുന്നതിനുതകുന്ന ഒരു ബഡ്ജററ് രൂപീകരിക്കുവാൻ കഴിയാതെ വന്നതിൽ ഞാൻ അവരെ കുററപ്പെടുത്തുന്നില്ല. പോരെങ്കിൽ

[Miss Accamma Cheriyan]

ആക്കം സുഗ്രാഹ്യമാക്കാൻ വിഷമമായ ഒരു ബഡ്ജററു തയാറാക്കിയതിലും നമ്മുടെ മന്ത്രിമാർ ഉത്തരവാദികളാണെന്നു ഞാൻ പറയുന്നില്ല. വിപ്ലവകരമായ പല പരിവർത്തനങ്ങളും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അഭ്യസ്തവിദ്യരായ ഒരു ജനസമൂഹത്തെ ചുരുങ്ങിയ കാലംകൊണ്ടു തൃപ്തിപ്പെടുത്തുവാൻ ഏതൊരു മന്ത്രിസഭയ്ക്കും സാദ്ധ്യമാകുമെന്നു ഞാൻ കരുതുന്നില്ല. എന്നാൽ പൊതുജനോപകാരപ്രദങ്ങളായ കാര്യങ്ങൾക്കു കൂടുതൽ പണം ചെലവാക്കുന്നില്ലെന്നും അല്ലാത്തവക്കു കൂടുതൽ പണം ചെലവാക്കുന്നു എന്നുമുള്ള ഒരു വിമർശനം പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായാൽ അതിൽ അത്ഭുതപ്പെടാനില്ല. ഉദാഹരണമായി ചില സംഗതികൾമാത്രം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ൧൧൨൨-ൽ സ്വതന്ത്രതിരുവിതാംകൂറും മർദ്ദനഭരണവും നടമാടിയ കാലത്തു പൊളിററിക്കൽ എക്സ്പെൻസ് എന്ന ഇനത്തിൽ ൩൬ ലക്ഷം രൂപാ ചെലവാക്കിയിട്ടുണ്ടെന്നു ബഡ്ജററിൽ കാണുന്നു. ൧൧൨൩-ൽ ഇതിലേക്കു ൯ ലക്ഷം രൂപാ ബഡ്ജററു ചെയ്തിരുന്നു എങ്കിലും ൩൭ ലക്ഷം രൂപാ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു. ൩൭ ലക്ഷം രൂപാ എങ്ങിനെ എന്തിനുവേണ്ടി ചെലവാക്കുന്നു എന്നു നമുക്കറിയേണ്ടിയിരിക്കുന്നു. ജനകീയഗവണ്മെൻറു ഇത്ര ഭീമമായ ഒരു സംഖ്യ പൊളിറ്റിക്കൽ അഡ്മിനിസ്ട്രേഷനു ചെലവാക്കുന്നതെന്തിനാണെന്നു പൊതുജനങ്ങളെ ധരിപ്പിക്കേണ്ടതാവശ്യമാണ്. അടുത്ത കൊല്ലത്തെ ബഡ്ജററിലും പൊളിററിക്കൽ എക്സ്പെൻസ് ഇനത്തിൽ ൯ ലക്ഷം രൂപാ ഉൾപ്പെടുത്തിയിട്ടുണ്ടു. സർ, സി. പി.-യുടെ ഭരണകാലത്തിൽ സ്വതന്ത്രതിരുവിതാംകൂറിനുവേണ്ടി പ്രചരണം നടത്തുന്നതിനും, റൗഡികളെ സംഘടിപ്പിക്കുന്നതിനും മററും വലിയ തുകകൾ കണക്കുകൾ വയ്ക്കാതെ ചെലവാക്കിയെന്നു ജനങ്ങളുടെ ഇടയിൽ സംസാരമുണ്ടു. എന്നാൽ ഒരു ജനകീയമന്ത്രിസഭ ഭരണം തുടങ്ങിയതിനു ശേഷവും എന്താവശ്യത്തിനാണ് ഇത്രയും വലിയ ഒരു തുക ചെലവാക്കുന്നതെന്നു നമ്മെ മനസ്സിലാക്കേണ്ടതാണ്.

MR. PRESIDENT: ആർഡർ, ആർഡർ. ഇൻറെറിം കോൺസ്റ്റിട്യൂഷനൽ ആക്ററു സെക്ഷൻ ൬൩-ൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്.

*"Expenditure classified by Our Government as political expenditure shall not be open to discussion by the Legislative Assembly."*

**Miss ACCAMMA CHERIYAN:** അതു ഞാൻ അറിഞ്ഞുകൊണ്ടുതന്നെ അതിനെപ്പററി ഒന്നു സൂചിപ്പിച്ചു എന്നു മാത്രമേയുള്ളു. സർ, ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു് കഴിഞ്ഞ പത്തുവർഷത്തെ കണക്കെങ്കിലും വെളിയിൽനിന്നു് ഒരു ധനകാര്യവിദഗ്ദ്ധനെ വരുത്തി ആഡിററു ചെയ്യിച്ചു് ഇവിടത്തെ അക്കൌണ്ട്സ് ഡിപ്പാർട്ടുമെൻറു കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കേണ്ടതാണെന്നാണു്. പൊളിററിക്കൽ, ഫുഡ് എന്നീ ഡിപ്പാർട്ടുമെൻറുകളിൽനിന്നും വളരെ പണം ചോർന്നു പോയതായി പൊതുജനങ്ങളുടെ ഇടയിലുള്ള ധാരണയെ നീക്കുന്നതിനും അതു സഹായിക്കും. മറെറാരിനം പട്ടാളമാണു്. ഇതിലേക്കു് ൩൦ ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ടു്. യുദ്ധകാലമായിരുന്ന ൧൯൪൪-ൽ പോലും ൧൩ ലക്ഷം രൂപായേ പട്ടാളത്തിനു് ചെലവായിരുന്നുള്ളു. തിരുവിതാംകൂർ ഇൻഡ്യൻ യൂണിയനിൽ ചേർന്നിരിക്കുന്ന സ്ഥിതിക്കു് മുമ്പിലത്തതിന്റെ നാലിരട്ടി ഈ ഇനത്തിൽ ചെലവാക്കുന്നതിന്റെ ആവശ്യം എന്താണെന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രി വെളിപ്പെടുത്തേണ്ടതാണു്. ഇനിയും ഈ ബഡ്ജററിൽ സാമാന്യജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി കൊള്ളിച്ചിട്ടുള്ള ചില കാര്യങ്ങളെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു. പൊതുജനാരോഗ്യം, ഗ്രാമോദ്ധാരണം, വിദ്യാഭ്യാസം മുതലായ കാര്യങ്ങൾക്കു് മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കൂടുതൽ തുക കൊള്ളിച്ചിട്ടുള്ളതു് അഭിനന്ദനാർഹമാണു്. മദ്യവർജ്ജനം ചുരുക്കം ചില താലൂക്കുകളിലെങ്കിലും നടപ്പിലാക്കുന്നതു് ചാരിതാർത്ഥ്യജനകം തന്നെ. സാധാരണക്കാരന്റെ ജീവിതത്തോതു് ഉയർത്തേണ്ടതു് ജനകീയഗവണ്മെന്റിന്റെ ചുമതലയാണു്. അക്കാര്യത്തിൽ കുറച്ചൊക്കെ ചെയ്തിട്ടുണ്ടെന്നു സമ്മതിക്കാമെങ്കിലും ഇനിയും പലതും ചെയ്യേണ്ടിയിരിക്കുന്നു. ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന ഒരു അടിയന്തിരപ്രശ്നമത്രെ കുടിയിറക്കു്. സ്റ്റേററു് കാൺഗ്രസ്സിന്റെ പ്രകടനപത്രികയിലെ സൂചന മനസ്സിലാക്കി പല ജന്മികളും കുടിയാന്മാരെ ഇറക്കിവിടാൻ ബദ്ധപ്പെടുന്നു. ഇന്നു കുടിയിറക്കുന്നതിനു് യാതൊരു നിയമവും ബാധകമല്ല. ഗവണ്മെന്റിന്റെ ഭൂമിയെപ്പററിയുള്ള നയവും മട്ടും ആശാസ്യമല്ല. ൨൦ കൊല്ലത്തിനു മേലായി ഗവണ്മെന്റു ഭൂമിയിൽ താമസിച്ചു വിലപിടിപ്പുള്ള പല ദേഹണ്ഡങ്ങളും നടത്തിയിട്ടുള്ള കൃഷിക്കാർ വലിയ തുകകൾ കുത്തകപ്പാട്ടമായി കെട്ടിവയ്ക്കുന്നില്ലെങ്കിൽ കുടിയിറങ്ങണമെന്നു് ഉദ്യോഗസ്ഥന്മാർ നിർബന്ധം കാണിച്ചുവരുന്നു. അവർ ഒന്നുകിൽ

[Miss Accamma Cheriyan]

൩.൫൦ രൂപാ ഉടനെ കെട്ടിവയ്ക്കുകയോ ഭൂമിവിട്ടു ഇറങ്ങിപ്പോകുകയോ ആണ് ചെയ്യേണ്ടിവന്നിരിക്കുന്നതു്. ഇത്ര പ്രാധാന്യമുള്ള കാര്യങ്ങളിൽ ഗവണ്മെന്റു അതർഹിക്കുന്ന ഗൗരവത്തോടുകൂടി വീക്ഷിക്കുകയും അതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

സ്ത്രീകളെപ്പററി ഒരു കാര്യം പറയേണ്ടിയിരിക്കുന്നു. നമുക്കു സ്ത്രീകൾക്കുവേണ്ടി ഒരു രണ്ടാംഗ്രേഡ് കാളേജ് മാത്രമേയുള്ളു. നമ്മുടെ അയൽരാജ്യമായ കൊച്ചിയിൽ പെൺകുട്ടികൾക്കുവേണ്ടി രണ്ടു് ഒന്നാംഗ്രേഡ് കാളേജുകൾ ഉണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാം. ഇവിടെ ആൺകുട്ടികൾക്കുതന്നെയും സൗകര്യം ഇല്ലാതിരിക്കെ നമ്മുടെ വിമൻസ് കാളേജ് ഒരു ഒന്നാംഗ്രേഡ് കാളേജായി ഉയർത്തിയാൽ വിമൻസ് കാളേജിൽ പഠിക്കുന്നതിനാഗ്രഹമുള്ള പെൺകുട്ടികൾക്കു് അതു് വളരെ സൗകര്യമായിരിക്കും. ഹോസ്ററൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പ്രൈവററു് ഹോസ്റ്റലുകൾക്കു് ഗ്രാൻറുകൊടുത്തു് പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. (ബെൽ)

MR. K. K. CHELLAPPAN PILLAI : സർ, ആദ്യമായിട്ട് ജനകീയ ബഡ്ജററു അവതരിപ്പിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ബഡ്ജററു് അവതരിപ്പിക്കാൻ നമുക്കു് ശക്തിയും സൗകര്യവും തന്നതായ ഇവിടത്തെ ജനങ്ങളെയും അതിനുവേണ്ടി നമ്മെ നയിച്ച നേതാക്കന്മാരേയും അതിൽ ജീവാർപ്പണം ചെയ്തിട്ടുള്ളവരേയും ഞാൻ അനുസ്മരിച്ചുകൊള്ളുന്നു. തൊഴിലാളികൾ മാത്രമല്ല, മുതലാളികൾ മാത്രമല്ല, വിദ്യാർത്ഥികൾ മാത്രമല്ല എല്ലാ ആളുകളും ഇതിൽ സഹകരിച്ചിട്ടുണ്ടു്. അതിൽ നാം എല്ലാവരേയും അനുമോദിക്കേണ്ടതായുണ്ടു്. പക്ഷെ, ഈ കിട്ടിയ സ്വാതന്ത്ര്യം, നമ്മുടെ ബഡ്ജററു് എന്തിനുവേണ്ടി ഉപയോഗിക്കുന്നു എന്നുള്ളതിലാണ് സ്ഥിതിചെയ്യുന്നതു്. ഈ രാജ്യത്തെ ജനങ്ങൾക്കു് എല്ലാവർക്കും, ൬൦ ലക്ഷം ജനങ്ങൾക്കും ജീവിതസൗകര്യവും സന്ദർഭസമത്വവും എല്ലാ വിധത്തിലും ജീവിതഭദ്രതയും ഉണ്ടാക്കിക്കൊടുക്കുമെന്നു് നാം എല്ലാ അവസരങ്ങളിലും പറഞ്ഞിട്ടുള്ളതാണ്. ഇന്നു് ആ തരത്തിലുള്ള ഒരു ബഡ്ജററാണോ അവതരിപ്പിച്ചിരിക്കുന്നതെന്നു് ചോദിച്ചാൽ അതിനു വേണ്ടിയുള്ള ഒരു ശ്രമം നടന്നിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളതു്. ഒരു ആഗ്രഹം മാത്രം. പക്ഷേ ആഗ്രഹം പ്രവൃത്തിരൂപത്തിലാക്കാൻ ഉള്ള ചുരുക്കം കാര്യങ്ങളേ അതിലുള്ളു. യാതൊരുത്തരവാദിത്വവും

ഇല്ലാത്ത കഴിഞ്ഞ കാലങ്ങളിലെ ബഡ്ജററു് രൂപീകരണത്തിനുശേഷം ഇന്നത്തെ ബഡ്ജററു രൂപീകരിക്കേണ്ട ചുമതല ഏൽക്കേണ്ടിവന്നതിൽ നിന്നുള്ള പ്രയാസങ്ങളിൽനിന്നു് വിമുക്തമാകുന്നതിനിടയാകാതെ പഴയ മാതിരി ഒരു ബഡ്ജററു് ഉണ്ടാക്കുവാൻ തന്നെ നമ്മുടെ മന്ത്രിമാർ നിർബന്ധിതരായിയെന്നു കാണുന്നതിൽ ഞാൻ ഖേദിക്കുന്നു. ജനകീയ നേതാക്കന്മാരായ മന്ത്രിമാരോടു് ഞങ്ങൾ സഹതപിക്കുക തന്നെ ചെയ്യുന്നു. അതുകൊണ്ടാണു് മി. പി. റ്റി. ചാക്കോ പറഞ്ഞതു പോലെ അനേകം ചോർച്ചകളും പിശകുകളും അടയ്ക്കുന്നതിനുവേണ്ടി പഴയ റിസർവിൽനിന്നും സെക്യൂറിററിസിൽനിന്നും ബ്ലൂളിയൻ അക്കൗണ്ട്സിൽ നിന്നും പണം എടുക്കേണ്ടിവന്നതു് എന്നുള്ളതു ശരിതന്നെ. ഇതിനു് ആരെയെങ്കിലും കുററപ്പെടുത്തിയതുകൊണ്ടു് പ്രയോജനമില്ല. ൧൧൨൬-ൽ ആണു് അങ്ങിനെ ചെയ്തിട്ടുള്ളതു്. ൧൧൨൬ ഒടുവിലുള്ള അക്കൗണ്ടിൻെറ ചുമതല നമ്മുടെ മന്ത്രിമാർക്കുംകൂടിയുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഈ ബഡ്ജററു് നോക്കുകയാണെങ്കിൽ ജനങ്ങൾക്കുപകാരമുള്ള ചിലതെല്ലാം അതിലുണ്ടു്. വില്ലേജ് അപ്പു് ലിഫ്ററു്, മെഡിക്കൽ, വിദ്യാഭ്യാസം മുതലായവകൾക്കെല്ലാം ശരിയായ തുകകൾ നീക്കിവച്ചിട്ടുണ്ടു്. പക്ഷെ ഇതൊന്നും പര്യാപ്തമാകുന്നില്ലെന്നു് ഞാൻ നിശ്ചയമായും പറഞ്ഞുകൊള്ളുന്നു. പര്യാപ്തമല്ല എന്നുവച്ചാൽ നാം വിഭാവനചെയ്യുന്ന ഒരു സാമ്പത്തിക ഭദ്രതയ്ക്കു് മതിയായ തുകകൾ ഇതിൽ കാണുന്നില്ല എന്നാണു്. നാന്നൂറോളം പകുതികൾ ഉൾപ്പെടുന്ന ഗ്രാമങ്ങളെ ഉയർത്തുന്നതിനു് നിശ്ചയമായും ഈ തുക പോരാത്തതാണു്. ഗ്രാമങ്ങളെ ഉയർത്തണമെങ്കിൽ ഒരു സാമ്പത്തിക സംവിധാനപദ്ധതി തന്നെവേണ്ടിയിരിക്കുന്നു. അതിനു് ഒരാണ്ടത്തെയോ രണ്ടാണ്ടത്തെയോ തുക മതിയാകുന്നതല്ല. നമുക്കു് ഇത്ര വർഷംകൊണ്ടു് ഈ ഗ്രാമങ്ങളെയെല്ലാം ഉദ്ധരിക്കാമെന്ന ഒരു പ്ലാനോട്ടുകൂടിയല്ലാതെ ഈ വില്ലേജ് അപ്പു് ലിഫ്ററിനു കുറെ തുകകൾ നീക്കി വച്ചതുകൊണ്ടു് പ്രധാനമായ യാതൊരു കാര്യവും നടക്കാൻ പോകുന്നില്ലെന്നു് ഞാൻ പറഞ്ഞുകൊള്ളുന്നു. അപ്രകാരം ഒരു സംവിധാനപദ്ധതി രൂപീകരിക്കാത്ത പക്ഷം ഈ തുകകൾകൊണ്ടു് മുമ്പു നടന്നതുപോലെയല്ലാതെ കാര്യമായി യാതൊന്നും നടക്കാൻ പോകുന്നില്ല. അതിൻെറ ഗുണം വളരെ തുച്ഛമായിരിക്കുകയും ചെയ്യും. ഇന്നു തിരുവിതാംകൂറിൽ അപ്പു ലിഫ്ററുകൊണ്ടുള്ള പ്രയോജനം വളരെ തുച്ഛമാണെന്നു് എല്ലാവർക്കും അറിയാം.

[Mr. K. K. Chellappan Pillai.]

കഴിഞ്ഞകാലങ്ങളിൽ ജനകീയമായ പിന്തുണ ഇല്ലാത്തതുകൊണ്ടു ഒരു രൂപയ്ക്കു അരരൂപയുടെ ജോലിപോലും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നു എല്ലാവരും സമ്മതിക്കേണ്ടതാണ്. ഇനി ഒരു വില്ലേജ് അപ്ലിഫ്റ്റിനു ഒരു പദ്ധതി ഉണ്ടാക്കേണ്ടിയിരിക്കുന്നു. അതിനു ഒരു വില്ലേജ് പഞ്ചായത്തു ബിൽ ഇവിടെ വരുന്നുണ്ട്. ഒരു ശരിയായ സംവിധാനപദ്ധതിയോടൊപ്പം ഒരു ജനകീയ അടിസ്ഥാനത്തിൽ ഇലക്ഷൻ നടത്തി അതിനു വേണ്ട അധികാരങ്ങളും അവകാശങ്ങളും അവർക്കു കൊടുക്കുമെങ്കിൽ ഒരു രൂപയ്ക്കു നാലുരൂപയുടെ ജോലി ചെയ്യാൻ കഴിയുമെന്നും ഇന്നത്തെ ൨൦ ലക്ഷം കൊണ്ടു ഒരു കോടിരൂപയുടെ പ്രയോജനമുണ്ടാക്കാൻ കഴിയുമെന്നു എനിക്കു നിശ്ചയമുണ്ട്. (ബെൽ)

MR. N. S. KOCHKUNJU : സർ, ഈ രാജ്യത്തെ സ്വതന്ത്രജനതയുടെ ഗവണ്മെന്റിന്റെ ആദ്യത്തെ ബഡ്ജററാണ് ബഹുമാനപ്പെട്ട പ്രധാന മന്ത്രി അവർകൾ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്നതു്. ഞാൻ ഈ ബഡ്ജററിനെ സ്വാഗതം ചെയ്തുകൊള്ളുന്നു. തിരുവിതാംകൂർ ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പതിനൊന്നു ദീർഘസംവത്സരത്തെ കൊടും തപസ്സുചെയ്തതിന്റെ ഫലമായിട്ടാണ് ഇന്നിവിടെ ജനകീയ ഗവണ്മെൻറു രൂപമെടുത്തിട്ടുള്ളതു്. അങ്ങനെയുള്ള ജനകീയ ഗവണ്മെൻറിന്റെ ആദ്യത്തെ ബഡ്ജററാണ് നമ്മുടെ മുമ്പിൽ ഇപ്പോൾ അഭിപ്രായത്തിനു സമർപ്പിച്ചിരിക്കുന്നതു്. ഈ ബഡ്ജററിൽ ചില വലിയ ജനകീയ തത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്നു കാണാവുന്നതാണ്. അതിൽ ഏററവും പ്രാധാന്യത്തെ അർഹിക്കുന്നതു് മദ്യനിരോധനത്തിനു് ഗണ്യമായ ഒരു തുക ഗവണ്മെൻറു വലിയ നഷ്ടം സഹിച്ചും നീക്കിവച്ചിട്ടുണ്ടെന്നുള്ളതാണ്. അതു് ഇന്നത്തെ പരിതസ്ഥിതികളിൽ ഒരുപക്ഷേ ഗവണ്മെൻറിനു താങ്ങാൻ നിർവാഹമില്ലാത്തതാണെന്നിരുന്നാലും ഈ രാജ്യത്തെ സാമാന്യജനങ്ങളുടെയും മററെല്ലാ ജനങ്ങളുടേയും രക്ഷയ്ക്കും സാമ്പത്തികമായ അഭിവൃദ്ധിക്കും പരിപോഷണത്തിനും ആവശ്യമായ ഒരു പദ്ധതിയാണെന്നു മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു ഈ തുക ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ഒരു കാരണം കൊണ്ടുതന്നെ ഈ ബഡ്ജററു സ്വാഗതാർഹമാണ്. ഇനി മററു ചില കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ ജനകീയ

ഗവണ്മെൻറിൻെറ ബഡ്ജററിൽ ഈ രാജ്യത്തെ പാവപ്പെട്ടവൻെറ പ്രതീക്ഷകൾക്ക് കാര്യമായെന്തെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയാൻ നിർവാഹമില്ലാതെയാണ് ഇരിക്കുന്നത്. പാവപ്പെട്ടവർക്കും ഉണ്ണാനും ഉടുക്കാനും കുടിൽകെട്ടി പാർക്കാനും സൗകര്യങ്ങൾ ഉണ്ടാക്കി അവരുടെ ദാരിദ്ര്യത്തിൽനിന്നും ദുരിതത്തിൽനിന്നും അവർക്ക് ആശ്വാസം നൾകുമെന്നു കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലം ഉച്ചൈസ്തരം പ്രഖ്യാപനം ചെയ്ത ഈ രാജ്യത്തിലെ രാഷ്ട്രീയ നേതാക്കന്മാർ ഒത്തൊരുമിച്ചിരുന്നു രൂപംകൊടുത്ത ഈ ബഡ്ജററിൽ മർമ്മപ്രധാനമായ ചില കാര്യങ്ങൾ അവഗണിക്കപ്പെട്ടുപോയിട്ടുള്ളതിൽ ഞാൻ അതിയായി ദുഃഖിക്കുന്നു. കുടിയിറക്കുനയവും, അടകുടിയിറക്കലും ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കേറിക്കിടക്കുവാൻ ഒരു കുടിലില്ലാത്ത പാവപ്പെട്ടവനെ രക്ഷിക്കുന്നതിനു നമ്മുടെ ഗവണ്മെൻറ് കാര്യമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. ഈ സഭയിൽത്തന്നെ കുടിയിറക്കു നയത്തെ സംബന്ധിച്ച ചോദ്യങ്ങൾ ചോദിച്ചപ്പോഴെല്ലാം അതിനെക്കുറിച്ച് ഗവണ്മെൻറ് ആലോചിക്കുന്നുണ്ട്, അതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്, എന്നൊക്കെയാണ് ഉത്തരം പറഞ്ഞു കേട്ടത്. ഇങ്ങനെ ചോദ്യോത്തരങ്ങൾ നടക്കുന്ന ഓരോ സെക്കൻറിലും കുടിയിറക്ക് ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണെന്നും അനേകം കുടുംബങ്ങൾ പാർപ്പിടമില്ലാതെ വെയിലിലും മഴയിലും തെരുവുനീളെ അലഞ്ഞു കഷ്ടപ്പെടുന്നുണ്ടെന്നും നാം ഓർമ്മിക്കണം. ഈ രാജ്യത്തിൽ സ്വന്തമായി ഒരു കുടിൽ കെട്ടിപ്പാർക്കുവാൻ തന്നെ സ്ഥലമില്ലാത്ത അനേകം സാധുക്കൾ ഉണ്ടെന്നുള്ള സംഗതി ഗവണ്മെൻറിന് അറിയാവുന്നതാണ്. അവർക്കു വനങ്ങളിൽ പ്രത്യേകം സ്ഥലങ്ങൾ നീക്കിവച്ചിട്ടുണ്ടെന്നാണ് പറയുന്നത്. നാട്ടിൻപുറങ്ങളിൽ നിന്ന് അവർ വനത്തിലേക്കു പോകുകയാണെങ്കിൽ മലമ്പനി പിടിച്ചു മരിക്കുകയേ ഉള്ളൂ. പാവപ്പെട്ടവനു വനങ്ങളിൽ സ്ഥലംകൊടുക്കുകയും അവൻ അവിടെച്ചെന്നു മലമ്പനി പിടിച്ചു മരണമടയുകയും ചെയ്യുന്ന ഒരു നിലയാണ് ഉണ്ടായിരിക്കുന്നതെന്നു പറയാതെ നിവൃത്തിയില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവണ്മെൻറു പാവപ്പെട്ടവർക്കു കൃഷി ചെയ്യുന്നതിനു മാത്രം വനങ്ങളിൽ സ്ഥലങ്ങൾ കൊടുക്കുകയും അവർക്കു വീടുണ്ടാക്കിത്താമസിക്കുന്നതിനു ഉള്ള സൗകര്യം നാട്ടിൽത്തന്നെ ഉണ്ടാക്കികൊടുക്കുകയും ചെയ്യുവാൻ സന്മനസ്സുണ്ടാകണമെന്നാണു അവസാനമായി എനിക്കൊരപേക്ഷയുള്ളത്.

MR. K. A. GANGADHARA MENON: സർ, ഈ സഭയിൽ നടന്ന നിശിതമായ പല വിമർശനങ്ങൾക്കുശേഷവും പ്രധാനമന്ത്രി കൂടിയായ ധനകാര്യമന്ത്രിയെ അദ്ദേഹത്തിന്റെ ഈ ബഡ്ജററിനെ സംബന്ധിച്ച് ഹാർദ്ദമായി അനുമോദിക്കണമെന്നു തന്നെയാണു എന്റെ അഭിപ്രായം. ഇവിടെ ചില പഴയ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ആ കണക്കുകൾ നമ്മെ തുറിച്ചുനോക്കുന്നു എന്നു ഒരു ബഹു: മെംബർ വിമർശനരൂപത്തിൽ പ്രസ്താവിക്കുകയുണ്ടായി. ധനകാര്യഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ കണക്കുകളിൽ വരുത്തിയിട്ടുള്ള ചില തെററുകളോ മറേറാ തെങ്കിലും കുറവുകളോ വച്ചുകൊണ്ടു നോക്കുന്നതായാൽ തന്നെയും ആ കണക്കുകൾ നമ്മെ തുറിച്ചുനോക്കുകതന്നെയല്ല അതു നമ്മുടെ ധനസ്ഥിതിയെപ്പററി ഒരു സങ്കടകരമായ കഥ നമ്മോടു പറയുകയും ചെയ്യുന്നുണ്ട്. ആ പരമാർത്ഥത്തെ ഒളിച്ചു വയ്ക്കാതെതന്നെ ബഡ്ജററു രൂപീകരിക്കുന്നതിനു ചുമതലയുള്ള ഒരു ഗവൺമെൻറ് അതു മറച്ചുവയ്ക്കാതെ ഇവിടെ കൊണ്ടുവന്നിട്ടുള്ളതിൽ ഞാൻ വളരെ അഭിനന്ദിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ ധനസ്ഥിതി കൂടുതൽ മുതലെടുപ്പുകൊണ്ടു വളരെ വളരെ വർദ്ധിച്ചിട്ടുണ്ടായിരുന്നെങ്കിലും ആ ധനം പല പ്രകാരത്തിലും ദുർവിനിയോഗം ചെയ്തു നമ്മുടെ ധനസ്ഥിതിക്ക് ഉടവു് തട്ടിയിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. അതാണു് ഗവൺമെൻറ് ഇന്നവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജററിന്റെ പശ്ചാത്തലം. ആ പശ്ചാത്തലം മറച്ചുവയ്ക്കാതെതന്നെ ഈ ബഡ്ജററിനെ നാം നോക്കേണ്ടതാണു്. കാൺഗ്രസ്പാർട്ടി എന്നുള്ള നിലയിൽ നാം നോക്കേണ്ടതു് സ്റ്റേററു കാൺഗ്രസ്സ് അതിന്റെ എലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ ലക്ഷ്യത്തിലേക്ക് എത്രതന്നെ വൈഷമ്യങ്ങളുണ്ടായിരുന്നാലും ഈ രാജ്യത്തിലെ ജനതയെ അടുപ്പിക്കുന്നതിന് ഈ ബഡ്ജററ് പര്യാപ്തമാകുന്നുണ്ടോ എന്നുള്ളതു മാത്രമാണു്. അതിനുള്ള അസ്ഥിവാരമെങ്കിലും ഈ ബഡ്ജററ് ഇട്ടിട്ടുണ്ടെങ്കിൽ ഈ ബഡ്ജററിനെ ഞാൻ അനുമോദിക്കുകതന്നെ ചെയ്യും. അങ്ങനെ ഒരു അസ്ഥിവാരമിടുന്നതിന് ധനകാര്യമന്ത്രി ശ്രമിച്ചിട്ടുണ്ടെന്നാ ഈ ബഡ്ജററുകൊണ്ട് കാണാവുന്നതാണു്. ജനായത്തഭരണം ഫലവത്താകണമെങ്കിൽ അതു ഗ്രാമങ്ങളിൽ വ്യാപരിപ്പിക്കണം. നമ്മുടെ ഗ്രാമങ്ങളിൽ ഡെമാക്രസിയുടെ അസ്ഥിവാരം ഇട്ടു പ്രവർത്തിക്കുന്നതിനു സാദ്ധ്യമായെങ്കിൽ മാത്രമേ ഡെമാക്രസി ശരിയായി വളരുകയുള്ളൂ. നമ്മുടെ ഡമോക്രസിയുടെ കേന്ദ്രം ഗ്രാമങ്ങളിലേക്ക് മാററുന്നതിനു ഈ ബഡ്ജററ് ശ്രമം ചെയ്തിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഈ ബഡ്ജററ് നോക്കുന്നതായാൽ വില്ലേജ് അപ്പ്ലിഫ്ററി

ലേക്ക് ഒരു വലിയ തുക മാററിവച്ചിട്ടുണ്ടെന്നു കാണാം. ഈ തുക മാററിവച്ചതോടുകൂടിത്തന്നെ ഈ ലജിസ്ലേറ്റീവ് കൗൺസിലിൽ കൊണ്ടുവന്നിട്ടുള്ള വില്ലേജ് പഞ്ചായത്തുബില്ലിലെ വ്യവസ്ഥകളിലേക്ക് ഞാൻ ബഹു: മെമ്പറന്മാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ആ ബില്ലിൻെറ വ്യവസ്ഥകൾക്ക് ഉൾപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്തുകൾ മൂലം ഡെമാക്രസി നാട്ടിൻപുറങ്ങളിലേക്ക് കൊണ്ടുപോകുന്നതായാൽ യഥാർത്ഥമായ ഗ്രാമസ്വരാജ സ്ഥാപിക്കുന്നതിന് ഈ ബഡ്ജററുകൊണ്ട് സാധിക്കുന്നതാണ്. ഗ്രാമങ്ങളിൽ യഥാർത്ഥത്തിൽ ഡെമാക്രസിക്ക് ആസ്പദമായ വേറെ ചില സംഗതികൾ ഉണ്ട്. വിദ്യാഭ്യാസം—വെറും അക്ഷരജ്ഞാനം മാത്രം പോരാ—ഡെമാക്രസിയുടെ നിലനിൽപിന് ആവശ്യമായതുകൊണ്ടാണ് വിദ്യാഭ്യാസത്തിനും വയോജന വിദ്യാഭ്യാസത്തിനും വലിയ തുകകൾ കൊള്ളിച്ചിട്ടുള്ളതെന്ന് ഞാൻ വിചാരിക്കുന്നു. അങ്ങിനെ നോക്കുമ്പോൾ വാസ്തവത്തിൽ ഡെമാക്രസിയുടെ അസ്ഥിവാരമിടുന്നതിന്—ഞാനുൾപ്പെട്ട കക്ഷിയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ആദർശങ്ങളിലേക്കു നയിക്കുന്നതിന് ഈ ബഡ്ജററ് പര്യാപ്തമാണെന്ന് ഞാൻ വിചാരിക്കുന്നു. പക്ഷെ ഒരു കാര്യം ഇവിടെ പ്രത്യേകം പറയണമെന്ന് എനിക്കാഗ്രഹമുണ്ട്. ലക്ഷ്യപ്രാപ്തിക്കുള്ള ഒരു പ്രാരംഭമായി മാത്രമേ ഈ ബഡ്ജററിനെ ഞാൻ കരുതുന്നുള്ളു.

നമ്മുടെ പബ്ളിക്ക് സർവീസിലേക്കു വേണ്ടി വലിയ തുകകൾ ചെലവായിക്കൊണ്ടിരിക്കുന്നു. നമ്മുടെ വരവിൻെറ അൻപതു ശതമാനത്തിൽ കൂടുതൽ അതിലേക്കുവേണ്ടി ചെലവാക്കുന്നുണ്ട്. എന്നാൽ പബ്ളിക്ക് സർവീസിൻെറ ഇന്നത്തെ അവസ്ഥ എന്താണെന്ന് ഒന്നു പര്യാലോചിക്കേണ്ടിയിരിക്കുന്നു. സമുദായികമായി ഉള്ള നിയമനങ്ങൾ മൂലം വന്നിട്ടുള്ള അഴിമതികൾകൂടാതെ പബ്ളിക്ക് സർവീസിൻെറ കാര്യക്ഷമതയ്ക്കും സത്യസന്ധതയോടുകൂടിയുള്ള പ്രവർത്തനങ്ങൾക്കും ന്യൂനത സംഭവിക്കുന്ന പല സംഗതികളും ഈ നാട്ടിൽ നടന്നിട്ടുണ്ട്. കഴിഞ്ഞ കാര്യത്തെപ്പററിയാണു ഞാൻ പറയുന്നതു്. അതിൻെറ പ്രത്യാഘാതങ്ങൾ പബ്ളിക്ക് സർവീസിനെ മലിനപ്പെടുത്തുക മാത്രമല്ല രാജ്യത്തെ ആകമാനം അധഃപതിപ്പിച്ചു എന്നുള്ളതിനും സംശയമില്ല. അതിനാൽ പബ്ളിക്ക് സർവീസിനെ ശുദ്ധീകരിക്കുന്നതിനും സത്യസന്ധന്മാരായ ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുത്തു പ്രവർത്തിക്കുന്നതിനും ആവശ്യമായ നടപടികൾ എടുക്കേണ്ടതു് ഈ ഗവണ്മെൻറിൻെറ കർത്തവ്യമാണ്.

MR. E. P. PAULOSE (*Muvattupuzha III - General*): സർ, ഈ ബഡ്ജററിൻെറ ഗുണദോഷങ്ങളെപ്പററി പലരും ഇവിടെ പ്രസംഗിച്ചു കഴിഞ്ഞു. ഇതു് ഒരു സർപ്ലസ്സ ബഡ്ജററാണോ, അതോ ഡെഫിസിററ ബഡ്ജററാണോ എന്നുള്ള വാദപ്രതിവാദത്തിലേക്കു കടക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. സാമാന്യജനങ്ങളുടെ ജീവിതത്തോതുയർത്തുവാൻ ഈ ബഡ്ജററ് എത്രമാത്രം പര്യാപ്തമായിട്ടുണ്ടു്, ആ ഉദ്ദേശത്തോടുകൂടിയാണോ ഈ ബഡ്ജററ തയാറാക്കിയിരിക്കുന്നതു്, എന്നാണു് മുഖ്യമായി നോക്കേണ്ടതു്. ആ ഉദ്ദേശം ഇന്നത്തെ മന്ത്രിസഭയ്ക്കുണ്ടെന്നു് ഈ ബഡ്ജററ നോക്കിയാൽ കാണാവുന്നതാണു്. വേണമെങ്കിൽ ഇതിനെക്കാൾ മെച്ചമായ ഒരു ബഡ്ജററ തയ്യാറാക്കാൻ സാധിക്കുമായിരുന്നു എന്നു സമ്മതിക്കാം. എന്നാൽ ഇത്രയും സമയംകൊണ്ടു് ഇതിനെക്കാൾ വളരെ അധികം നല്ലതായി ഒരു ബഡ്ജററ തയാറാക്കാൻ മററാർക്കുംതന്നെ സാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, ഈയവസരത്തിൽ ഗവണ്മെൻറിൻെറ അടിയന്തിരമായ ശ്രദ്ധയിൽ പതിയേണ്ട ഒന്നു രണ്ടു കാര്യങ്ങളെപ്പററി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സാമാന്യജനങ്ങളുടെ സാമ്പത്തികനില ഉയർത്തുവാൻ വേണ്ടി ചില പദ്ധതികൾ ഗവണ്മെൻറു സ്വീകരിക്കുകയും അതിലേക്കു ആവശ്യമായ തുകകൾ ബഡ്ജററിൽ കൊള്ളിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇതു സംബന്ധിച്ചു് വേറെ ചില സംഗതികൾകൂടി ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതായുണ്ടു്. ഇവിടത്തെ ഗ്രാമീണജനങ്ങളുടെ പ്രധാനമായ ഉപജീവനമാർഗ്ഗം, അവരുടെ പ്രധാന ആദായമാർഗ്ഗം, ഇവിടത്തെ കാർഷികോല്പന്നങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. എന്നാൽ ഇപ്പോൾ കാർഷികോല്പന്നങ്ങളുടെ വില നിമിഷംതോറും ഇടിഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെയുള്ള കാർഷികോല്പന്നങ്ങൾക്കു ശരിയായ മാർക്കററുകൾ ലഭിക്കാത്തതാണു് അതിനുള്ള പ്രധാന കാരണം. അതുകൊണ്ടു് ഇതിലേക്കു ഗവണ്മെൻറിൽനിന്നു ഒരു വാണിജ്യവകുപ്പു് സ്ഥാപിച്ചു് വേണ്ട പരിഹാരങ്ങൾ കണ്ടുപിടിക്കുവാനും മററുമായി പ്രവർത്തിക്കേണ്ടതാണു. ഇതിനുമുമ്പു് ഇവിടെ ഒരു ട്രെയിഡ് കമ്മീഷണരെ നിയമിച്ചിരുന്നു. അദ്ദേഹം ഇതുവരെ എന്താണു പ്രവർത്തിച്ചതെന്നു അറിയാൻ നിവൃത്തിയില്ല. ഏതായാലും ഇപ്പോൾ ആ ഉദ്യോഗം വേണ്ടെന്നു വച്ചിരിക്കുന്നു. ട്രെയിഡ് കമ്മീഷണർ ഉദ്യോഗം തുടർന്നുകൊണ്ടു പോകുവാൻ ഗവണ്മെൻറു് ആഗ്രഹിക്കുന്നില്ലെങ്കിൽ, ഡിപ്പാർട്ടുമെൻറ് ആഫ് കാമേഴ്സ് എന്ന പേരിൽ പുതിയ ഒരു ഡിപ്പാർട്ടുമെൻറു സൃഷ്ടിച്ചു ഇതു സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ ചുമതലപ്പെടുത്തേണ്ടതാണു്. ചെയിംബർ ആഫ് കാമേഴ്സിൽ

അംഗങ്ങളായിച്ചേർന്ന് വ്യവസായോൽപന്നങ്ങൾക്ക് മാർക്കറ്റ് കണ്ടുപിടിക്കുവാനും മററും ശ്രമിക്കണമെന്നും അങ്ങനെ വ്യവസായോൽപന്നങ്ങൾക്ക് വില കിട്ടുവാൻ എന്തെങ്കിലും നിവാരണം ഉണ്ടാക്കാമെന്നും പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. വെറും ഗ്രാമീണരായി കഴിയുന്ന കർഷകജനങ്ങൾ വേണ്ടിടത്തോളം സംഘടനാശക്തിയോ പണമോ ഇല്ലാതെ ചേയിംബർ ആഫ് കാമേഴ്സ പോലെയുള്ള ഒരു സ്ഥാപനവുമായി സമ്പർക്കത്തിലേർപ്പെട്ട് വിപണികളും മററും കണ്ടുപിടിക്കണമെന്നു പറഞ്ഞാൽ, അതു നടപ്പുള്ള കാര്യമല്ല. അതുകൊണ്ടു പ്രത്യേകം ഡിപ്പാർട്ടുമെൻറ് ആഫ് കാമേഴ്സ് എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെൻറുതന്നെ തുറക്കേണ്ടതാണ്.

അടുത്തതു വിദ്യാഭ്യാസകാര്യമാണ്. ഉത്തരതിരുവിതാംകൂറിൽ, മുൻപ് എന്റെ ഒരു മാന്യ സ്നേഹിതൻ ഇവിടെ പ്രസ്താവിച്ചതുപോലെ, ഒരു കാളേജ് സ്ഥാപിക്കേണ്ടതാണ്. അതിനായി ഗവണ്മെൻറിൽ അപേക്ഷിച്ചിട്ടുള്ള കാര്യം ഈ അവസരത്തിൽ ഞാൻ അനുസ്മരിപ്പിക്കുന്നു. ഈ കാര്യത്തെപ്പററി സർവ്വകലാശാലാധികൃതരുമായി ഉടനടി ആലോചിച്ച് ഒരു തീരുമാനം ചെയ്യുന്നതിൽ ഗവണ്മെൻറു വേണ്ട നടപടികൾ നടത്തണമെന്നപേക്ഷിക്കുന്നു.

ഗ്രാമോദ്ധാരണപദ്ധതികൾക്കായി എത്രാനും സംഖ്യ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. വില്ലേജ് യൂണിയനുകളും, വില്ലേജ് പഞ്ചായത്തുകളും വില്ലേജ് ആഫ് ഫിഫററ് ഡിപ്പാർട്ടുമെൻറും യോജിപ്പിച്ചിട്ടുള്ളതു ഉചിതമായിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥനിമിത്തം ഈ സ്ഥാപനങ്ങളുടെ തീരുമാനങ്ങൾ ശരിക്കു നടപ്പിൽവരുത്തുവാൻ വിഷമിക്കുന്നുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിനെ അറിയിക്കുകയും അതിനു പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

അവസാനമായി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ പബ്ലിക്ക സർവീസിനെപ്പററിയാണ്. ഇവിടെയുള്ള സർക്കാർസർവീസിൽ പല അഴിമതികളും നടക്കുന്നുണ്ട്. ഒരു ജനകീയഗവണ്മെൻറു വന്നാൽ ഈ അഴിമതികൾക്കു ശമനം കിട്ടുമെന്നു പൊതുജനങ്ങൾ ആശിച്ചിരുന്നു. താഴ്ന്ന ഉദ്യോഗസ്ഥന്മാർ പട്ടിണി കിടക്കുകയും, അതേ അവസരത്തിൽ അവരെല്ലാം അഴിമതികളിൽനിന്നും ഒഴിഞ്ഞുനിൽക്കണമെന്ന് അനുശാസിക്കുകയും ചെയ്യുക എന്നുള്ളതു് നടപ്പിൽ വരുത്തുവാൻ പ്രയാസമായ ഒരു കാര്യമാണ്. അതുകൊണ്ടു താഴ്ന്ന ഉദ്യോഗസ്ഥന്മാക്കു ജീവിക്കുവാനുള്ള ശമ്പളമെങ്കിലും കൊടുക്കുകയും, അതേ അവസരത്തിൽ അവരുടെ ഇടയിലുള്ള അഴിമതികൾ നിറുത്താനുള്ള സത്വരനടപടികൾ നടത്തുകയും ചെയ്യുന്നതിൽ ഗവണ്മെൻറു ശ്രദ്ധിക്കേണ്ടതാണ്.

MR. A. RAMASUBRAMONIA KARAYALAR (*Shencotta—General*): The budget placed before this House by the Hon'ble Prime Minister is indeed a memorable one and an epoch-making one, for, it is the first budget of a popular Government. It is true that the budget is not a deficit budget nor there is a long term plan for the improvement of the common man. But it cannot be denied that there are outstanding figures in the budget which reflect the popular will. Before I go into the relevant figures of the budget, I would like to say a few words with all the emphasis at my command about communalism that is running riot in Travancore. We talk of nationalism and internationalism and speak from the housetops in bold tones and in the press and from the platforms that we are not communal. But we are, in actual practice, thinking always in terms of community and communal representation. There is a strong feeling and great dissatisfaction among the Tamil-speaking people that they are not represented in the Government of the day and that their claims have not been recognised though they form about one-sixth of the population of Travancore. Having regard to the composition of the Cabinet, it cannot be pretended for one moment that it is composed only of members selected on grounds of efficiency and not on grounds of communal representation. But put in a nut-shell the Ministers selected were on communal grounds. This is the feeling not only among the Tamilians but among all the communities. This is a hard fact which has got to be faced. It may be contended that the Tamilian group in the House is small and so it may be difficult to find them representation. If this is the fact, I would suggest a way must be found by making suitable provision for the nomination of a suitable person from the Legislature, and as is done in the Union Government and selecting them to the Cabinet. I may be permitted to cite an instance where Dr. Gurupatham was recently nominated to the Madras Legislative Council and appointed as a Minister. It is therefore not an impossible thing to make a similar provision in order to satisfy the legitimate claims of the Tamilians of the country. Such a gesture on the part of the Government would go a long way towards enlisting the co-operation of the Tamilians in Travancore. I hope, Sir, that Government might have its attention put on this and give satisfaction to the Tamilians (*President's bell*).

Now, Sir, I may go into some salient features of the budget. The Budget is remarkable in several respects and several outstanding features find a place in it. Travancore, like the Indian Union, is a State of villages and there will be no prosperity in the State, unless the villages are prosperous. It is judged by the ample provision of more than 45 lakhs for Village Uplift, Village Unions and Village Panchayats. These will all now be brought under the direction of one officer. The success of the scheme depends on the welfare of the villages.

Another salient feature of the budget is the introduction of prohibition. I think the loss is duly compensated by the sales tax and the possible economic development of the people. (*President's bell*).

One word more, and I have done. It is no exaggeration when I say that corruption is on the increase in every department. The poor villagers are put to much difficulty. The first and foremost duty of the popular Government, I think, is to put an end to this evil. I would suggest that in every taluk a Committee be composed to deal with this matter and mete out adequate punishment to the defaulters.

The future beckons to us. Whither shall we go, and what shall be our endeavour, to bring freedom to the oppressed, to the common man, to the peasant, and to the workers, to remove poverty and disease and to build up a prosperous, democratic and progressive nation and to create a social, economic and political class which will ensure in the fulness of time, peace and prosperity for every man and woman in the country?

**MR. V. MADHAVAN :** സർ, പ്രധാനമന്ത്രി അവർകൾ കാര്യക്ഷമമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നാണ് എന്റെ വിശ്വാസം. അതിൽ ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. പുരോഗമനപരമായ എല്ലാ സംഗതികളും ഉൾപ്പെടുത്തി ഒരു ബഡ്ജറ്റു രൂപീകരിച്ചിട്ടില്ലെന്നു വേണമെങ്കിൽ പറയാമെന്നല്ലാതെ ഇതിൽ വളരെ കുറ്റപ്പെടുത്താവുന്ന കാര്യങ്ങളൊന്നും ഇല്ലെന്നു തന്നെയാണു ഞാൻ വിചാരിക്കുന്നതു്. ജനക്ഷേമകരങ്ങളായ പല അത്യാവശ്യസംഗതികൾക്കുള്ള തുക ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റിനെപ്പറ്റി പല വിധത്തിലും, അനുകൂലമായും, പ്രതികൂലമായും, പല പ്രസംഗങ്ങളും ഇവിടെ നടന്നുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു അതുസംബന്ധിച്ച് കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ഈയവസരത്തിൽ ഇവിടത്തെ ജനകീയഗവണ്മെന്റിനെ ഒന്നുരണ്ടു കാര്യങ്ങൾ അത്യാവശ്യമായി എനിക്കു അറിയിക്കുവാനുണ്ട്: ഒന്നാമത്തേതു്, ഈ രാജ്യത്തെ സാധുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പല മാന്യന്മാരും ഇവിടെ പറഞ്ഞിട്ടുള്ള സംഗതിയാണ്. ഇവിടെ ഇരിക്കുന്ന ജനപ്രതിനിധികളെല്ലാവരുംതന്നെ, അതിൽ തല്പരരായിക്കാണുന്നു. അതുകൊണ്ടു സാധുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഗവണ്മെന്റു ഒരു പടികൂടി മുന്നോട്ടുനിന്നു പ്രവർത്തിക്കണമെന്നാണു എനിക്കു ആദ്യമായി പറയാനുള്ളതു്. ഈ പ്രശ്നം ഭാരതത്തിലെന്നു മാത്രമല്ല, ലോകമൊട്ടുക്കുതന്നെ ഒരു കുഴഞ്ഞ പ്രശ്നമായി കിടക്കുകയാണ്. സാധുജനങ്ങൾക്കു യാതൊരു സുഖസൌകര്യങ്ങളും ലഭിക്കുന്നില്ല എന്നു പരാതികൾ ഉണ്ടായിട്ടുണ്ടു. ഈ പരാതികളെ ആസ്പദമാക്കി പല

[Mr. V. Madhavan]

ആളുകളും മുതലെടുത്തുവരുന്നുണ്ടെന്നുള്ള വസ്തുതയും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. തന്നിമിത്തം പല അസ്വാസ്ഥതകളും ഇവിടെയുണ്ട്. ഇതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു വളരെ ആവശ്യമാണ്. ഇന്ന് ഈ സഭയിൽ രണ്ടുമൂന്നു ദിവസങ്ങളായി നടന്നുകൊണ്ടിരിക്കുന്ന പ്രസംഗങ്ങളിൽനിന്നും ഒരു സംഗതി പ്രധാനമായി കാണുന്നുണ്ട്. ഈ സാധുജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള കാര്യത്തിന് ഏകകണ്ഠമായ അഭിപ്രായമാണ് ഈ സഭയിൽ ഉണ്ടായിട്ടുള്ളത്. ഇങ്ങനെ ഐകകണ്ഠ്യേന അനുകൂലിച്ചുകൊണ്ട് മററു ഒരു വിഷയത്തിലും ആരും അഭിപ്രായപ്പെട്ടിട്ടില്ല. ഈ സഭയിൽതന്നെ മുതലാളിമാർ, സാധാരണന്മാർ, സ്റ്റേററ്കാൺഗ്രസ്സ്, മുസ്ലിംലീഗ്, തമിഴ്നാടു കാൺഗ്രസ് ഇങ്ങനെ വർഗ്ഗപരമായും, കക്ഷിയമായും ഭിന്നതാൽപര്യങ്ങൾ ഉള്ളവരുണ്ട്. അവരെല്ലാവരും ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുന്ന ഈ കാര്യത്തിനു ഗവണ്മെൻറു ഒരു പടികൂടി മുന്നോട്ടുവരികയും സത്വരമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്. സാധുക്കൾക്കു ആഹാരം കൊടുക്കുന്ന കാര്യത്തിലും, തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിലും, കേറിക്കിടക്കുന്നതിനു ഭൂമി ഉണ്ടാക്കിക്കൊടുക്കുന്നതിലും, ഭവനങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും ഗവണ്മെൻറു ധീരമായ നടപടികൾ നടത്തുവാൻ ഇനി ഒട്ടുംതന്നെ അമാന്തിച്ചുകൂടെന്നാണു എൻെറ അഭിപ്രായം. ഈ കാര്യത്തിൽ നമ്മുടെ ഗവണ്മെൻറു ലോകത്തിൻെറ മുൻപാകെ മാതൃകാപരമായിതന്നെ പ്രവർത്തിച്ചു കാണിക്കണമെന്നാണു എനിക്കു പറയുവാനുള്ളത്. ക്ഷേത്രപ്രവേശനം, പ്രായപൂർത്തിവോട്ടവകാശം, മുതലായ സംഗതികൾ ആദ്യമായി നടപ്പിൽ വരുത്തിക്കാണിച്ച് ലോകത്തിൻെറ പ്രശംസയെ ആർജിക്കുവാൻ സാധിച്ച നമ്മുടെ ഈ കാര്യത്തിലും മാതൃകയായി നിന്ന് പ്രവർത്തിക്കുന്നതു സർവഥാ സമുചിതംതന്നെയായിരിക്കും.

MR. PANDAVATHU SANKARA PILLAI: സർ, ജനകീയഗവണ്മെൻറ് ആദ്യമായി അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജററു ഞാൻ സ്വാഗതം ചെയ്യുന്നു. ഈ പരിതഃസ്ഥിതിയിൽ ഇതിനേക്കാൾ തൃപ്തികരമായ ഒരു ബഡ്ജററു ഹാജരാക്കാൻ വിഷമങ്ങൾ വളരെ ഉണ്ടെങ്കിലും ജനസാമാന്യത്തിനെ തൃപ്തിപ്പെടുത്താൻ ഈ ബഡ്ജററു ഒട്ടുംതന്നെ പര്യാപ്തമായില്ലെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. വളരെ പ്രത്യാശകളോടുകൂടിയാണു, ഒരു ജനകീയഗവണ്മെൻറു വരുവാൻ ജനങ്ങൾ കാത്തിരുന്നിട്ടുള്ളത്. ഭരണത്തിനുവന്ന മാററം അവരുടെ നിത്യജീവിതത്തേയും

മാററം എന്ന വലിയ പ്രതിക്ഷയിലാണ് അവർ കഴിഞ്ഞുകൂടുന്നത്. എന്നാൽ ഈ ബഡ്ജററിൽ അവർ ആശ്വാസകരമായി അല്പസ്വല്പം ചില കാര്യങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും അതുകൊണ്ടു അവർ തൃപ്തരായിട്ടില്ലെന്നുള്ള വിവരം ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളട്ടെ. അതുപോലെതന്നെ ജനകീയഭരണം കൈവന്നതിനുശേഷം നാട്ടിൻപുറങ്ങളിൽ അധിവസിക്കുന്ന സാധുജനങ്ങൾക്കു ഗവണ്മെൻറുദ്യോഗസ്ഥന്മാരിൽനിന്നുണ്ടായിട്ടുള്ള അനുഭവങ്ങൾ, അതിന് മുൻപ് അവരിൽനിന്നുണ്ടായിട്ടുള്ളതിനേക്കാൾ ഒട്ടുംതന്നെ വ്യത്യാസപ്പെട്ടിരിക്കുന്നില്ല എന്നുള്ളതു ഒരു വെറും പരമാർത്ഥമാണ്. ഗ്രാമീണരായ സാധാരണക്കാർ ഉയന്ന ഉദ്യോഗസ്ഥന്മാരുമായി വളരെ അധികം ഇടപെടാറില്ലെന്നും അവരുടെ ദൈനംദിനകാര്യങ്ങളിൽ കീഴ്ജീവനക്കാരുമായിട്ടാണു സാധാരണ ഇടപെടാറുള്ളതെന്നും മനസ്സിലാക്കിക്കൊണ്ടുതന്നെയാണു ഞാനിതു പറയുന്നത്. നാട്ടിൻപുറങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ അവിടെയുള്ളവരോടു വാസ്തവത്തിൽ ഇതിനു മുൻപു പെരുമാറിക്കൊണ്ടിരുന്ന നിലയിൽനിന്നു വ്യത്യസ്തമായ നിലയിലല്ല, ഇപ്പോഴും വർത്തിക്കുന്നത്. അതിനു എൻറെ സ്നേഹിതന്മാർ പറഞ്ഞതുപോലെ ഒരു ആൻറികറപ്ഷൻ കമ്മിററിയെ, താലൂക്കുതോറും വിശ്വസ്തരായ ആളുകളെ ഉൾപ്പെടുത്തി ഒരു കമ്മിററിയെ ഏർപ്പെടുത്തി ഇതിനു പരിഹാരമുണ്ടാക്കേണ്ടതാണ്.

ബഡ്ജററിൽ ഒരു നല്ല സംഖ്യ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ട്. ഈ നാടിനെ സംബന്ധിച്ചുടത്തോളം വിദ്യാഭ്യാസത്തിന് ദേശീയവൽക്കരണം ഉണ്ടാകേണ്ടതു വളരെ വളരെ അത്യാവശ്യമായ ഒരു കാര്യമാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. അതു നടപ്പാക്കുന്നതനുള്ള വൈഷമ്യങ്ങളെ തരണം ചെയ്യുന്നതിന് ആവശ്യമായ മാറ്റങ്ങൾ അവലംബിക്കുവാൻ വേണ്ട നടപടികൾ നടത്തുന്നതിൽ മന്ത്രിസഭയുടെ സവിശേഷമായ ശ്രദ്ധ പതിയണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മറെറാന്ന്, തൊഴിലാളിപ്രശ്നമാണ്. ഇവിടെ തൊഴിലാളികളുടെ അസ്വാസ്ഥതകളുണ്ടെങ്കിലും, അതു അന്നന്ന് പരിഹരിച്ചുപോരുന്നുണ്ടെന്നും മററും ചില ചോദ്യങ്ങൾക്കുത്തരമായി ബഹുമാനപ്പെട്ട ലേബർ മന്ത്രി പ്രസ്താവിച്ചതായി കേട്ടു. അസ്വാസ്ഥതകളുണ്ടായി, അതു വർദ്ധിച്ചുവരുന്നു എന്നു കാണുമ്പോൾ അതിനുള്ളവണ്ണ പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാനാണു ഗവണ്മെൻറു ഇപ്പോൾ ശ്രമിച്ചുവരുന്നത്.

[Mr. Pandavathu Sankara Pillai]

അസ്വാസ്ഥ്യതകൾ ഉണ്ടാകുകയും അതിനെ വർദ്ധിപ്പിക്കുകയും ചെയ്തതിനു ശേഷം പിന്നീടു അതു പരിഹരിക്കാൻ പോകുന്ന സ്വഭാവം നല്ലതല്ല. അതുകൊണ്ടു നിശ്ചിതമായ തൊഴിലാളിവ്യവസ്ഥകൾ ഉണ്ടാക്കി അവരുടെ അസംതൃപ്തികളെയും അസ്വാസ്ഥ്യതകളെയും പരിഹരിക്കുവാനുള്ള പ്രവർത്തനങ്ങളാണു ഗവണ്മെന്റു ആദ്യമായി നടത്തേണ്ടതു്. അവരുടെ അവകാശങ്ങളെ അംഗീകരിക്കുകയും, അവശതകൾ പരിഹരിക്കുകയും ചെയ്തു എത്രയും വേഗത്തിൽ ഈ പ്രശ്നത്തിനു ഒരു പോംവഴി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

ഇവിടത്തെ ശമ്പളത്തെ സംബന്ധിച്ചുകൂടി രണ്ടുവാക്കു പറഞ്ഞുകൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കാം. വളരെ ആവേശത്തോടുകൂടി, ഇവിടെ ഒരു ജനകീയഗവണ്മെന്റു സ്ഥാപിക്കുന്ന പക്ഷം ഉണ്ണാനും ഉടുക്കാൻ തികയാതെയും, ജീവിക്കാൻ വിഷമിച്ചും കഴിഞ്ഞുകൂടുന്ന കുറഞ്ഞ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കു് അവരുടെ ജീവിതനിർവഹണത്തിനു മതിയായ ശമ്പളം കൊടുക്കുന്നതാണെന്നു തിരഞ്ഞെടുപ്പു പ്രകടനപത്രികയിൽ പ്രചരിപ്പിച്ചിരുന്നു. അതുപോലെതന്നെ കൂടുതൽ ശമ്പളംവാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കുന്നതാണെന്നും അതിൽ പ്രസ്താവിച്ചിരുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ അതൊന്നും കാണുന്നില്ല. എത്രയും വേഗത്തിൽ ഇതിനും പരിഹാരമുണ്ടാക്കേണ്ടതാണു്. ഈ വക കാര്യങ്ങളിൽ ഗവണ്മെന്റു സത്വരമായ നടപടികൾ നടത്തണമെന്നപേക്ഷിച്ചുകൊണ്ടു വിരമിക്കുന്നു.

MR. EAPEN ARAKKAL: സർ, ഈ രാജ്യത്തെ ഭരണചരിത്രത്തിൽ ഏറ്റവും പ്രധാനമായ മർമ്മസ്ഥാനത്തെ കുറിക്കുന്ന ഒരു സംഭവമാണു് ഈ ബഡ്ജറ്റു് അവതരണം. ചിരകാലപ്രാർത്ഥിതമായിരിക്കുന്ന സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി ഈ രാജ്യത്തെ ബഹുലക്ഷം ജനങ്ങൾ സമരം നടത്തുകയും, അതിന്റെ ഫലമായി ഇന്നു് ഒരു ജനകീയഗവണ്മെന്റു് സംജാതമാകയും ചെയ്തു. ഈ ഗവണ്മെന്റിന്റെ നേതൃത്വത്തിൽ തയാറാക്കുന്ന ബഡ്ജറ്റുസംബന്ധിച്ചു് സാധാരണജനങ്ങളുടെ ഇടയിൽ വലിയ ആശകളും ആശയങ്ങളും ഉണ്ടായിരുന്നു. ഈ ആശയങ്ങൾ എത്രമാത്രം ഈ ബഡ്ജറ്റുമുഖേന സാധിതപ്രായമാകും എന്നു് ഇവിടെ നടന്നിട്ടുള്ള പ്രസംഗങ്ങളിൽനിന്നും നമുക്കു ഏതാണ്ടു അനുമാനിക്കാവുന്നതാണു്. സാധാരണക്കാരന്റെ ബഡ്ജറ്റു്, ഒരു സാമന്യപൗരന്റെ ബഡ്ജറ്റു് എന്നുള്ള നിലയിൽ ഇതിനെ, മുൻ ബഡ്ജറ്റിനെ അപേക്ഷിച്ചു കൂടുതൽ തൃപ്തികരമായ വിധത്തിൽ ആക്കിത്തീർക്കുവാൻ ഗവണ്മെന്റു തീവ്രമായി യത്നിച്ചിട്ടുണ്ടെന്നും സാധാരണക്കാരനെക്കൂടി സംതൃ

പ്ലിപ്പെടുത്തുവാൻ ഈ ബഡ്ജററു പര്യാപ്തമായിത്തീരണം എന്നു് ആഗ്രഹിച്ചിട്ടുണ്ടെന്നും കാണാൻ കഴിയും. എന്നാൽ ഇതു് ഒരു ആരംഭദശയാണു്. രാഷ്ട്രീയമായ ഒരു പരീക്ഷണത്തിലേയ്ക്കു് പ്രവേശിക്കുന്ന ഒരു ഭരണകൂടത്തിന് എല്ലാ കാര്യങ്ങളിലും എല്ലാപേരുടെയും തൃപ്തിക്കനുസരണമായി പ്രവർത്തിക്കുവാൻ സാധിച്ചു എന്നു വരുന്നതല്ല. എനിക്കു ഇപ്പോൾ ഓർമ്മയിൽ വരുന്നതു് ഒരു നാടകവേദിയുടെ കാര്യമാണു്. തിരുവിതാംകൂറിലെ ൬൰ ലക്ഷം ജനങ്ങളും ഇപ്പോൾ ജനകീയഗവണ്മെൻറാകുന്ന ഈ നാടകവേദിയിലേയ്ക്കു് ഉററുനോക്കിക്കൊണ്ടിരിക്കുകയാണു്. ഈ നാടകത്തിന്റെ ആദ്യത്തിലുള്ള നാന്ദിശ്ലോകംകൊണ്ടു മാത്രം നാടകത്തിന്റെ ജയാപജയങ്ങളെപ്പററി നിശ്ചയിക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുമോ എന്നു ഞാൻ ചോദിക്കുന്നു? നാന്ദി കേവലം സൂചനമാത്രമായിരിക്കും നൽകുന്നതു്. പക്ഷേ, നാടകത്തിന്റെ വിജയം സ്ഥിതിചെയ്യുന്നതു് അതിലെ നടനത്തെ ആശ്രയിച്ചായിരിക്കും. അതുകൊണ്ടു നാന്ദിയെസംബന്ധിച്ചുള്ള മുൻവിധി പലപ്പോഴും അസ്ഥാനത്തായിപ്പോകും. അല്പം കഴിഞ്ഞിട്ടു് അതിന്റെ ഭരണസാരഥ്യം വഹിക്കുന്ന നേതാക്കന്മാരുടെ ശ്രമങ്ങൾ എങ്ങനെ പോകുന്നു എന്നുകൂടി കണ്ടതിനുശേഷമല്ലാതെ നാം ഒരു വിധി പറയുവാൻ തുടങ്ങുന്നതായാൽ അതു പലപ്പോഴും അബദ്ധത്തിലേ കലാശിക്കുകയുള്ളു.

സാധാരണക്കാരന്റെ ബഡ്ജററ് എന്നു പറയുമ്പോൾ, സാധാരണക്കാരന് അത്യാവശ്യമുള്ള കാര്യനിർവഹണത്തിന് ഇതു പര്യാപ്തമാണോ, അവന്റെ ആഹാരത്തിനുള്ള മാർഗ്ഗങ്ങൾ, വസ്ത്രധാരണത്തിനും, വൈദ്യസഹായം മുതലായവയ്ക്കുമുള്ള സാദ്ധ്യതകൾ ഇവ ഇതിലുണ്ടോ എന്നാണു പ്രധാനമായി നോക്കേണ്ടതു്. ഒരു ഗ്രാമീണന് രാഷ്ട്രീയമായ കാര്യങ്ങളെപ്പററിയോ, അല്ലെങ്കിൽ രാഷ്ട്രീയ വിഷയങ്ങളെപ്പററിയോ, വലിയ പരിജ്ഞാനം കാണുകയില്ല.. അങ്ങനെയുള്ളവർ പ്രധാനമായി നോക്കുന്നതു്, അവരുടെ ദൈനംദിന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, വൈദ്യസഹായം മുതലായ കാര്യങ്ങളാണു്. ഈ കാര്യത്തിൽ ഗവണ്മെൻറന്റെ ശ്രദ്ധ വേണ്ടവിധം പതിഞ്ഞിട്ടുണ്ടോ എന്നു സംശയമാണു. ഗവണ്മെൻറിന്റെ മുൻപാകെ ഒരു ഗ്രാമോദ്ധാരണപരിപാടി ഉണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഗ്രാമപ്പഞ്ചായത്തുകളും, വില്ലേജുയൂണിയനുകളും ഏർപ്പെടുത്തി, ഗ്രാമോദ്ധാരണം നിർവഹിക്കാമെന്നു വിചാരിച്ചു്, അതനുസരണമുള്ള പരിശ്രമങ്ങൾ ഗവണ്മെൻറു ചെയ്യുന്നുണ്ടു്. ഇതു സംബന്ധിച്ചു് ഒരു കാര്യം എനിക്കു

[Mr. Eapen Arakkal]

പ്രസ്താവിക്കേണ്ടതായുണ്ടു്. ഇന്നു ഗവണ്മെൻറു സാമാന്യജനങ്ങൾക്കു വേണ്ടി ചെയ്തിട്ടുള്ള രണ്ടു കാര്യങ്ങളെക്കുറിച്ചാണതു്. ഒന്നാമത്തു് മദ്യവർജ്ജനം. മദ്യവർജ്ജനംമൂലം എത്ര ആയിരം സാധുകുടുംബങ്ങളാണു രക്ഷപ്രാപിക്കുന്നതെന്നുള്ള കാര്യം പറഞ്ഞറിയിക്കത്തക്കതല്ല. ഈ ഒറ്റക്കാര്യംകൊണ്ടുതന്നെ തിരുവിതാംകൂറിലെ സാധുജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു ഗവണ്മെൻറു പാത്രമായിത്തീർന്നിട്ടുണ്ടു്. രണ്ടാമത്തു്, തൊഴിലാളികളുടെ കാര്യമാണു്. ഇവിടെ ഒരു ജനകീയ ഗവണ്മെൻറു സ്ഥാപിക്കുന്നതിൽ ഉള്ളഴിഞ്ഞു പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു വർഗ്ഗമാണു് തൊഴിലാളികൾ. അവരുടെ അസ്വസ്ഥതകൾക്കു പരിഹാരമുണ്ടാക്കുന്നതിനും, അവരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുമായി ആവശ്യമുള്ള നിയമനിർമ്മാണം നടത്തുവാൻ ഉള്ള നടപടികളും ഗവണ്മെൻറു കൈക്കൊണ്ടിരിക്കുന്നു. സാധാരണജനങ്ങളെ സംബന്ധിക്കുന്ന അവരുടെ കൃതജ്ഞത അർഹിക്കുന്ന ഏറ്റവും നല്ല രണ്ടു കാര്യങ്ങളാണിവ. (ബെൽ)

**MR. C. NARAYANA PILLAI**: സർ, കഴിഞ്ഞ പത്തു കൊല്ലങ്ങളായി ധനപരമായ കാര്യങ്ങളിൽ ഒരു ഐന്ദ്രജാലികനായിരുന്ന ഒരു ദിവാൻജിയുടെ ൧൦൦ മിനിട്ടു നീണ്ടുനിൽക്കുന്ന സംഭ്രമജനകവും ഉദ്ധതവും പദബഹുലവുമായ ബഡ്ജററു് പ്രസംഗങ്ങൾ കേട്ടു് ചെവി തഴമ്പിച്ച നമുക്കു് പ്രധാനമന്ത്രിയുടെ സംക്ഷിപ്തവും ലളിതവും സൂക്ഷ്മവുമായ ഈ വർഷത്തെ ബഡ്ജററു പ്രസംഗം സമാശ്വാസകരമായിരിക്കുന്നു എന്നു പറയുവാൻ എനിക്കു് അമിതമായ സന്തോഷമുണ്ടു്. സർ സി. പി. രാമസ്വാമി അയ്യരുടെ വീരവാദങ്ങളുടെയും ഔദ്ധത്യത്തിൻേറയും സ്ഥാനത്തു് സ്വതസ്സിദ്ധമായ ലാളിത്യമാണു് പ്രധാനമന്ത്രി കൈക്കൊണ്ടിരിക്കുന്നതു്. തിരുവിതാംകൂറിലെ ഇന്നത്തെ സാമ്പത്തികസ്ഥിതിയുടെ സൂക്ഷ്മമായ രൂപവും അതിൻെറ കുഴിവുകളും ആ പ്രസംഗത്തൂടെ പ്രധാനമന്ത്രി നമ്മുടെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്നു. ബഡ്ജററിൽ കാണുന്ന ഈ ലാളിത്യം തന്നെയാണു് ബഡ്ജററിനെപ്പററിയുള്ള എൻെറ പരാതി. സർ, ഇതു് ഒരു കർഷകൻെറ ഗാർഹികബഡ്ജററുപോലെ ലളിതമായിപ്പോയി. ഒരു ഗാർഹികബഡ്ജററിൻെറ കാര്യം എന്നതുപോലെ വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ഈ ബഡ്ജററിൽ പറഞ്ഞിട്ടുള്ളു. പറയേണ്ട കാര്യങ്ങളിൽ വളരെ കുറച്ചു മാത്രമേ പറഞ്ഞിട്ടുള്ളു എന്നാണു് എൻെറ പരാതി. ഒരു കർഷകനു നാളികേരത്തിൽ നിന്നും, കുരുമുളകിൽ നിന്നും വരുമെന്നു പ്രതീക്ഷിക്കുന്ന

പ്രതിവർഷ ആദായം കണ്ടുകളുടെ വിദ്യാഭ്യാസത്തിനും, വസ്ത്രധാരണത്തിനും, ആഹാരത്തിനും മററും നീക്കിവയ്ക്കുന്നതിൽ കവിഞ്ഞ യാതൊരു വൈദഗ്ദ്ധ്യവും ഈ ബഡ്ജററിൽ കാണുവാനില്ല. വമ്പിച്ച കാര്യങ്ങൾ വമ്പിച്ച രീതിയിൽ തന്നെ അഭിമുഖീകരിക്കണം. ഒരു രാജ്യത്തിൻെറ ധനപരമായ കാര്യങ്ങൾ ധീരമായും ചിലപ്പോൾ സാഹസികമായും നേരിടേണ്ടതാണ്.

സർ, ഈ ബഡ്ജററിൽ കാണുന്ന കണക്കുകളുടെ ഉള്ളിലേക്കു കടന്ന് അതു ഒരു മിച്ച ബഡ്ജററാണോ അല്ലെങ്കിൽ ഒരു കമ്മി ബഡ്ജററാണോ എന്നു വിമർശിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല. ആ നിലയിൽ വിമർശിച്ചുകൊണ്ടു മന്ത്രിമാരെ ഈ ഘട്ടത്തിൽ കുററപ്പെടുത്തുന്നതു തെററാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. നമുക്ക് ഇതുവരെ ലഭിച്ചിട്ടുള്ള മുഷിച്ച ഒരു പാരമ്പര്യം കൊണ്ടാണ് നാം ഇപ്പോഴും വിമർശനത്തിനു വേണ്ടി വിമർശിച്ചു പോരുന്നത്. അതുകൊണ്ടു ഇങ്ങനെയുള്ള ഒരു വിമർശനത്തിന് ഞാൻ തയാറാകയില്ല. ഒന്നുരണ്ടു കാര്യങ്ങളെപ്പററി സൃഷ്ടിപരങ്ങളായ ചില നിർദ്ദേശങ്ങൾ നൽകണമെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. വിദ്യാഭ്യാസത്തിനായി രണ്ടുകോടിയോളം രൂപാ നീക്കിവച്ചിട്ടുള്ളതു അഭിമാനകരം തന്നെയാണ്. എന്നാൽ ഗവണ്മെൻറിൻെറ വിദ്യാഭ്യാസനയത്തെപ്പററി യാതൊന്നും തന്നെ ബഡ്ജററു പ്രസംഗത്തിൽ കാണുന്നില്ല. കേസില്ലാത്ത വക്കീലന്മാരേയും, ഗുമസ്ഥാക്കളേയും, ഉദ്യോഗം യാചിച്ചു നടക്കുന്ന യുവാക്കന്മാരേയും സൃഷ്ടിക്കുന്ന പഴയ ആ വിദ്യാഭ്യാസ സമ്പ്രദായം തന്നെ തുടരുവാനാണോ ഗവണ്മെൻറുദ്ദേശിക്കുന്നതു എന്നും അറിഞ്ഞുകൂടാ. മഹാത്മാഗാന്ധിയുടെ മേധാശക്തിയിൽ നിന്നുത്ഭവിച്ചതും സാർജൻറു തുടങ്ങിയ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ അംഗീകാരത്തിനു പാത്രമായതും ഇന്നത്തെ വിദ്യാഭ്യാസ വൈകൃതങ്ങളെ അവസാനിപ്പിക്കുന്നതുമായ ബേസിക് വിദ്യാഭ്യാസരീതി തിരുവിതാംകൂറിൽ സ്വീകരിക്കുവാൻ തയ്യാറുണ്ടോ എന്നുള്ളതിനെപ്പററി ഒരു സൂചനപോലും ഈ ബഡ്ജററിലില്ല. ബ്രിട്ടീഷ് ഇൻഡ്യൻ യൂണിയനിലെ പ്രാവിൻസുകൾ ഒന്നൊന്നായി അംഗീകരിച്ചുകഴിഞ്ഞിട്ടുള്ള വിദ്യാഭ്യാസസമ്പ്രദായത്തെ ഇവിടെയും നടപ്പിൽ വരുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിലേക്ക് ഏതാനും അദ്ധ്യാപകന്മാരെ പുറത്തയച്ചു പരിശീലിപ്പിക്കുകയും വിദഗ്ദ്ധന്മാരെ വിളിച്ചുവരുത്തി ഒരു പദ്ധതി തയാറാക്കുകയും ചെയ്യേണ്ടതു ആവശ്യമാണ്.

[Mr. C. Narayana Pillai]

മറെറാരു കാര്യം ഗ്രാമോദ്ധാരണപദ്ധതിയെപ്പററിയാണ്. ഏകദേശം ൪൩ ലക്ഷം രൂപായാണ് അതിലേക്ക് ബഡ്ജററിൽ നീക്കിവച്ചിരിക്കുന്നത്. ഈ ഘട്ടത്തിൽ ൧൧൨൨-ൽ രാഷ്ട്രീയാവശ്യങ്ങൾക്ക് ൩൧ ലക്ഷം രൂപാ ചെലവഴിച്ച സർ സി. പി. രാമസ്വാമി അയ്യർ ഗ്രാമോദ്ധാരണത്തിന് ൩ ലക്ഷം രൂപാ നീക്കിവച്ചതും നിയമസഭയിൽ അതിനെപ്പററി വിമർശനമുണ്ടായപ്പോൾ നാടകീയമായി ഒരു ൧൦ ലക്ഷം രൂപാ കൂടി അനുവദിച്ചതും എൻെറ സ്മരണയിൽ വരുന്നു. ആ തുകയിൽ ഒരു ഗണ്യമായ ഭാഗം ചിലവാക്കാതെ ബാക്കി വന്നിട്ടുണ്ടെന്ന് ഈ ബഡ്ജററു കൊണ്ട് മനസ്സിലാകുന്നു. തിരുവിതാംകൂറിലെ ഗ്രാമങ്ങൾ വിഭവസമൃദ്ധമായതുകൊണ്ടോ അവിടെ ദാരിദ്ര്യമില്ലാത്തതുകൊണ്ടോ ആയിരിക്കുമോ ഈ തുക മിച്ചം വന്നത്. തീർച്ചയായും അല്ല. ശരിയായ ഒരു പദ്ധതി ഇതിന് ഇതുവരെ ഉണ്ടായിട്ടില്ലെന്നുള്ളതാണ് കാരണം. ഈ സഭയിൽ ഒരു പഞ്ചായത്തു ബിൽ ഹാജരാക്കുവാൻ പോകുന്നുണ്ടെന്ന് എനിക്കറിയാം. അതു മുഴുവൻ വായിച്ചുനോക്കിയാലും യാതൊരു വിവരവും ആർക്കും ലഭിക്കയില്ല. ബില്ലുകൾ കൊണ്ട് ഗ്രാമോദ്ധാരണപദ്ധതികൾ സംഘടിപ്പിക്കാൻ സാദ്ധ്യമല്ല. നേരെമറിച്ച് ബില്ലുകൾ പദ്ധതികളെ അനുഗമിക്കണം. മദ്രാസ് നിയമസഭയിൽ ഹാജരാക്കുവാൻ തയ്യാറാക്കിയിരുന്ന പഞ്ചായത്തു ബിൽ ഇപ്പോൾ ന്യൂഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രാദേശിക സ്വയംഭരണമന്ത്രിമാരുടെ സമ്മേളനത്തിൻെറ തീരുമാനങ്ങളറിയുവാൻ വേണ്ടി മാററിവച്ചിരിക്കയാണെന്നുള്ള കാര്യം ഞാൻ ഗവണ്മെൻറിൻെറ ഓർമ്മയിൽ കൊണ്ടുവന്നുകൊള്ളുന്നു. നമുക്ക് ഇപ്പോൾ ഒരു ബില്ലല്ല, പദ്ധതിയാണ് ആവശ്യം. ഈ ബില്ലിൽ ഗ്രാമങ്ങളിൽ വിനോദങ്ങൾ ഏർപ്പെടുത്തുവാനും റേഡിയോ പ്രചരിപ്പിക്കുവാനും നിബന്ധനകളുണ്ടെന്ന് എനിക്കറിയാം. എന്നാൽ ഇന്ന് ഗ്രാമങ്ങൾക്ക് പ്രധാനമായി ആവശ്യമുള്ളത് വയറു നിറയെ ആഹാരം കഴിക്കുക എന്ന കാര്യമാണ്. അതിലേക്ക് ഒരു പദ്ധതി ഉണ്ടാക്കുന്ന കാര്യമായിരിക്കണം ഗവണ്മെൻറു പ്രധാനമായി ചിന്തിക്കേണ്ടത്. ചിന്നിച്ചിതറി കിടക്കുന്ന ഭൂവിഭാഗങ്ങൾ ഒന്നിച്ചു ചേർത്ത് സഹകരണ അടിസ്ഥാനത്തിൽ കൃഷി ചെയ്യുവാനും കുടിൽകൃഷിയും നെടുംകൃഷിയും ഏർപ്പെടുത്തുവാനും അങ്ങനെ ഗ്രാമീണരുടെ സാമ്പത്തികസ്ഥിതി ഉന്നമിപ്പിക്കുവാനും ഗവണ്മെൻറു ശ്രമിക്കുന്നതാണെന്നു തിരഞ്ഞെടുപ്പ് പ്രചരണ പത്രികയിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ബഡ്ജററിൽ അതിനുള്ള യാതൊരു പദ്ധതിയു

ദടയും സൂചനപോലും കാണുന്നില്ല. വിശദമായി ആലോചിച്ചു തയാറാക്കിയിട്ടില്ലാത്ത ഒരു ഗ്രാമോദ്ധാരണപദ്ധതി കൂടാതെ എത്ര ബില്ലുകളുണ്ടായാലും യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. (ബെൽ.)

MR. A. K. PACHU PILLAI: സർ, ഒരു നിമിഷംകൊണ്ടു ജനിച്ചു മരിക്കുന്ന ചില ജീവികളുടെ നിലയാണ് ഇപ്പോഴത്തെ അദ്ധ്യക്ഷസ്ഥാനത്തുനിന്ന് പ്രസംഗിക്കുവാനുള്ള അവസരം ഉണ്ടാകുമ്പോൾ തോന്നിപ്പോകുന്നത്. പ്രസംഗത്തിന്റെ ദൈർഘ്യം കൂടുതൽ കൂടുതൽ കുറഞ്ഞുവരുന്നതാണു അതിനു കാരണം. ഏതായാലും അനുവദിച്ചിട്ടുള്ള കുറച്ചു സമയത്തിനുള്ളിൽ ഒന്നുരണ്ടു കാര്യങ്ങൾ മാത്രം പറഞ്ഞു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. നമുക്കു കിട്ടിയിരിക്കുന്ന ആകെ മുതലെടുപ്പ് എട്ടരക്കോടിരൂപയാണ്. ഇവിടെ എഴുപതുലക്ഷം ജനങ്ങളുണ്ട്. അങ്ങനെ ഈ എട്ടരക്കോടി രൂപായെ എഴുപതുലക്ഷം കൊണ്ടു ഹരിച്ചാൽ കിട്ടുന്നത്, ൧൨ രൂപയാകുന്നു. അതിന്റെ അർത്ഥം, ഒരാളിനു ഒരാണ്ടത്തേക്കു ൧൨ രൂപാ എന്നാണ്. ഇതു ഒരുമാസത്തേക്കു ഒരു രൂപായും, ഒരു ദിവസത്തേക്കു ഒരു ചക്രത്തിൽ കുറഞ്ഞ ഒരു തുകയും, ആണെന്നു കാണാം. ഇപ്രകാരമുള്ള ഒരു ധനസ്ഥിതി വച്ചുകൊണ്ടാണു പ്രധാനമന്ത്രി നമ്മുടെ ബഡ്ജററു തയാറാക്കിയിരിക്കുന്നതെന്നു ഓർമ്മിക്കണം.

ഈ ബഡ്ജറ്റിൽ അദ്ദേഹത്തിന്റെ കഴിവു് അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ട്. ആകെയുള്ള വരവിൽനിന്നും ൪൦ ശതമാനം ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും ൨ ശതമാനം അവരുടെ സഞ്ചാരപ്പടിയും ൭ ശതമാനം അവരുടെ ആഫീസ് ചിലവും ൧൦ ശതമാനം അലവൻസ്, sinking fund, ലോൺ, പാസ്സ് മുതലായ ഇനങ്ങളിലേക്കുള്ള ചിലവും മററും ചിലവാക്കേണ്ടതു്. ഇപ്രകാരം ൬൦ ശതമാനം കഴിഞ്ഞാൽ ബാക്കിയുള്ളതു് ൪൦ ശതമാനംമാത്രമാണ്. ഒരു ചക്രം പോലും ഒരു ദിവസത്തേക്കില്ലാത്ത ഈ ൪൦ ശതമാനംകൊണ്ടു ഭാഗിച്ചു വീതിക്കുമ്പോൾ മൂന്നു കൊച്ചുകാശാണ് ഒരാളിനു കിട്ടുന്നതു്. ഇപ്രകാരമുള്ള ധനസ്ഥിതിവച്ചുകൊണ്ടു് ഇതിൽക്കൂടുതൽ പകുത്തുകൊടുക്കുവാൻ ഒരു ഇന്ദ്രജാലക്കാരൻ വിചാരിച്ചാലും സാധിക്കുകയില്ലെന്നു് സധൈര്യം പറയുവാൻ സാധിക്കും. ഈ നിലയിൽ നാം വലിയ multi purpose ഹൈഡ്രോ ഇലക്ട്രിക് സ്കീമും Reclamation മുതലായ മററു പല സ്കീമു

[Mr. A. K. Patchu Pillai]

കളും സംവിധാനം ചെയ്യുന്നപക്ഷം തീർച്ചയായും ഒരു വർഷംകൊണ്ടു അവ യാതൊന്നുംതന്നെ സാധിക്കുവാൻ പോകുന്നില്ല. അനേക വർഷത്തെ ചിന്തയുടെ ഫലമായി വിദേശരാജ്യങ്ങളിൽ വിദഗ്ധന്മാർ പല സ്കീമും ഉണ്ടാക്കിയശേഷം പല പ്ലാനും ഇട്ടുകൊണ്ട് പലതും ചെയ്യുന്നുണ്ട്. എന്നാൽ ഒരു മൂന്നു മാസംകൊണ്ട് നാം എന്തുകൊണ്ട് അവയെല്ലാം ക്ഷണിച്ചുവരുത്തിയില്ലാ എന്നു നോക്കിയാൽ അതു മനുഷ്യരെക്കൊണ്ട് സാദ്ധ്യമല്ലാ എന്നാണ് പറയുവാനുള്ളത്. ഈ നിലയിൽ നോക്കിയാൽ എന്റെ വിനീതാഭിപ്രായത്തിൽ ഇപ്രകാരമുള്ള ബഡ്ജറ്റിന്റെ നിർമ്മാതാവ്, അനുമോദനാർഹനാണ് എന്നു പറയേണ്ടിയിരിക്കുന്നു. ഇതു ഹാജരാക്കിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗവും അനുമോദനാർഹമാണ്. അതിനു കാരണം ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ രണ്ടാമത്തെ പേജിൽ അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതു് വലുതായി ഒന്നും സാധിച്ചിട്ടില്ലാ എങ്കിലും ഒരു ദീർഘകാലപദ്ധതി സംവിധാനം ചെയ്തു് നിയമം സൃഷ്ടിക്കുന്ന ഒരു സഭയുടെ മുൻപാകെ ആദ്യമായി ഈ ബഡ്ജററ് സമർപ്പണംചെയ്യുവാൻ സാധിച്ചു, നമ്മുടെ രാജ്യത്തിന്റെ ഭാവിഭരണത്തിന്റെ ആദ്യത്തെ കല്ലായി ഇതിനെ കരുതുക എന്നും ആണ്. അതു് യഥാർത്ഥത്തിൽ അഭിമാനാർഹമാണ്. അതുകൊണ്ട് തീർച്ചയായും ഇതു് ആത്മാർത്ഥതയോടുകൂടി സ്വീകരിച്ചു് ഇന്നത്തെ ഭരണകൂടത്തിന് ഇവിടത്തെ ജനങ്ങളെ ഉദ്ധാരണം ചെയ്യുന്നതിനു് എന്തെല്ലാം സാധിക്കും എന്നു് നാം വിമർശനബുദ്ധിയോടുകൂടി വീക്ഷിക്കുന്നതിൽ കവിഞ്ഞു് ഒന്നും ചെയ്യുവാനില്ലാ എന്നാണു എന്റെ അഭിപ്രായം.

ബസ്സിൽ യാത്രചെയ്യുമ്പോൾ ആളുകൾ പല വൈഷമ്യങ്ങൾ അനുഭവിക്കുന്നു. കാളേജിൽ പ്രവേശനം കിട്ടാതെ കുട്ടികൾ കഷ്ടപ്പെടുന്നു. ആവശ്യത്തിന് അരി കിട്ടാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നു. കർഷകർക്കും തൊഴിലാളികൾക്കും വലിയ അവശതകൾ ഉണ്ട്. ഇതിനെല്ലാം പരിഹാരത്തിനുവേണ്ടി ഉദ്യോഗസ്ഥന്മാരെ നിയന്ത്രണം ചെയ്തുകൊണ്ടു ബഹുജനങ്ങളുടെ കഷ്ടത പരിഹരിക്കാനുള്ള ഊർജസ്വലതയോടുകൂടി having a little more drive for the ministry മന്ത്രിസഭ പ്രവർത്തിക്കുന്ന പക്ഷം നമുക്ക് ഈ വർഷംതന്നെ പല കാര്യങ്ങളും സാധിക്കാമെന്നു വിശ്വസിച്ചുകൊണ്ടും അതിലേക്കു മന്ത്രിസഭാംഗങ്ങളുടെ സഹകരണത്തെ ആഹ്വാനംചെയ്തുകൊണ്ടും വിരമിക്കുന്നു.

MR. PHILIPOSE MUTHALALI : ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ സമർപ്പിച്ചിരിക്കുന്ന ബഡ്ജററ് ജനകീയഗവണ്മെൻറുണ്ടാക്കിയശേഷമുള്ള ആദ്യത്തെ ബഡ്ജററ് എന്ന നിലയിൽ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബഡ്ജററ് ഒരു സാധാരണക്കാരൻെറ ബഡ്ജററ് ആണോ എന്ന് ഇവിടെ പല മെംബറന്മാരും സംശയമുള്ളതായി പ്രസ്താവിച്ചുകഴിഞ്ഞു. എന്നാൽ ധനകാര്യമന്ത്രിതന്നെ ഇതു് ഒരു ജനകീയബഡ്ജററ് എന്ന അഭിപ്രായം പ്രസ്താവിച്ചിരിക്കുന്നിടത്തോളം കാലം നമുക്ക് അങ്ങനെ ഒരു സംശയത്തിന് അവകാശമില്ല. കാരണം ഈ ബഡ്ജററുകൊണ്ട് നമുക്ക് സാധാരണക്കാരൻെറ ഒരു നില ഉണ്ടാകും എന്നാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നതു്. ലാൻഡ്റവന്യൂ വകുപ്പിലേക്ക് ൩൨ ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. അതിൽനിന്ന് ൨൮ ലക്ഷം രൂപ ആർഡിനറി റവന്യൂവിലേക്ക് ചെലവാകുന്നു. ശാശ്വതാദായനിധിയിലേയ്ക്കു് ൫൨ ലക്ഷം രൂപ ഉൾപ്പെടുത്തുന്നു. ഇതിൽനിന്നുവേണം ദേവസ്വത്തിലേക്കുള്ള അൻപതുലക്ഷം രൂപാ നാം കൊടുത്തുകൊണ്ടിരിക്കുന്നതു്. ലാൻഡ്റവന്യൂവിലേക്കുള്ള കൂടുതൽ ചിലവിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണ്. ബഡ്ജററിൽ അസെറ്റ്സ് ചെയ്തിരിക്കുന്ന കൂട്ടത്തിൽ പല ഇൻവെസ്റ്റ്മെൻറും കാണുന്നു. എന്നാൽ അതു എവിടെയാണു ഇൻവെസ്റ്റ് ചെയ്തിരിക്കുന്നതു് എന്നു കാണുന്നില്ല. അതു ധനകാര്യമന്ത്രി വിശദീകരിക്കേണ്ടിയിരിക്കുന്നു. രാജ്യക്ഷേമത്തിനായി നീക്കിവച്ചിരിക്കുന്ന തുക കൂടുതലോ കുറവോ ഏതെങ്കിലും ആകട്ടെ. ആ തുക ഏതു് ഏജൻസിമുഖേനയാണ് നടത്തുന്നതു് എന്നറിയേണ്ടതാണ്. കഴിഞ്ഞകൊല്ലങ്ങളെപ്പോലെ ഓരോന്നിനും നിശ്ചയിച്ചിരിക്കുന്ന തുക ലാപ്സാകാനാണോ അതോ തന്നിഷ്ടക്കാരായ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു് അതു നടത്താനാണോ ഏതു് ഏജൻസിയെക്കൊണ്ടാണ് കാര്യം നിർവഹിക്കാൻ പോകുന്നതു് എന്നാണ് അറിയേണ്ടതു്; നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും സഹമന്ത്രിമാരുടെയും സന്മനസ്സും മഹാമനസ്കതയും അവരുടെ ദൗർബല്യത്തിൻെറ ലക്ഷണങ്ങളായി ചില ഉദ്യോഗസ്ഥന്മാർ ധരിക്കുന്നു. മുൻപുണ്ടായിരുന്ന ഗവണ്മെൻറിനെക്കാൾ വളരെ അധികം ശക്തി ജനകീയമന്ത്രിസഭയ്ക്കുണ്ടു് എന്ന് അവർക്കു മനസ്സിലാക്കിക്കൊടുക്കണം. നമ്മുടെ മന്ത്രിമാർ അവരുടെ ശക്തി ചില ഉദ്യോഗസ്ഥന്മാർക്ക് എങ്കിലും മനസ്സിലാക്കിക്കൊടുത്താൽ ഈ ബഡ്ജററിലെ തുക കൂടുതലായാലുംശരി കുറവായാലുംശരി പ്രവർത്തനം വളരെ പ്രയോജനകരമാകും എന്നാണ് എൻെറ അഭിപ്രായം.

MR. V. GANGADHARAN NAIR : ഒരു പ്ലാൻഡ് എക്കാണമിയിലേക്ക നമ്മുടെ രാജ്യത്തെ നയിക്കാൻ ഇന്നു നമ്മുടെ മുൻപിൽ ഉള്ള ബഡ്ജററു സഹായകമല്ലാ എന്നതാണ് എന്റെ പ്രധാന പരാതി. പ്രായപൂർത്തി വോട്ടവകാശവും സാമൂഹ്യവും സാമ്പത്തികവുമായ അസമത്വങ്ങളും ഒന്നിച്ചുപോകുന്ന കാര്യങ്ങളല്ല. സാമൂഹ്യവും സാമ്പത്തികവുമായ അസമത്വങ്ങൾ പരിഹരിക്കുന്ന വിഷയത്തിൽ സ്റ്റേററ് എത്രമാത്രം മുൻകൈ എടുത്തു പ്രവർത്തിക്കുന്നു എന്നുള്ളതാണ് ബഡ്ജറ്റിൽകൂടി തെളിയിക്കേണ്ടിയിരിക്കുന്നത്. ആ നിലയിൽ വർഗ്ഗരഹിതമായ ഒരു നൂതന സമുദായത്തെ സൃഷ്ടിക്കാൻ ഇപ്പോഴത്തെ ബഡ്ജറ്റിനു ശേഷിയുണ്ടോ അല്ലെങ്കിൽ അങ്ങനെയുള്ള സംരംഭത്തിനുവേണ്ടിയുള്ള പ്രേരണ ഈ ബഡ്ജററു നൾകുന്നുണ്ടോ എന്നു ചോദിച്ചാൽ ഇല്ലാ എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. പഴയ ചട്ടക്കൂട്ടിൽനിന്നുകൊണ്ടു പഴയ വിക്ഷണഗതികൾ വച്ചുകൊണ്ട് നമ്മുടെ ഇന്നത്തെ പ്രശ്നങ്ങളെ പരിഹരിക്കാൻ ശ്രമിക്കുന്നത് അപൽക്കരമാണെന്ന് മന്ത്രിസഭയേയും ഈ സഭയേയും ഞാൻ അറിയിച്ചുകൊള്ളുന്നു. വർഗ്ഗരഹിതമായ ഒരു സമുദായസൃഷ്ടിക്കുവേണ്ടി ക്ലേശം അനുഭവിക്കുന്ന സമുദായങ്ങൾ വളരെ വ്യഗ്രതയോടുകൂടി പടവെട്ടുന്ന ഒരു സന്ദർഭത്തിലാണ് നാം ഒരു ഗവമ്മെൻറു രൂപീകരിച്ചിട്ടുള്ളതു്. നമ്മുടെ പ്രതിജ്ഞകൾ നിറവേററണമെങ്കിൽ സൃഷ്ടിപരമായ പന്ഥാവിൽകൂടി സാമൂഹ്യവും സാമ്പത്തികവുമായ സ്വാതന്ത്ര്യങ്ങളിൽ ചെന്നെത്താൻ നമുക്ക് കഴിയുമെന്ന് തെളിയിക്കണം. അതു് ഗാന്ധിയൻ സ്ഥിതിസമത്വമെന്നോ, മാർക്സിയൻ സ്ഥിതിസമത്വമെന്നോ, കോവാപ്പറേറ്റിവ് കാമൺവെൽത്തെന്നോ ഏതു പേരിലറിയപ്പെട്ടാലും തരക്കേടില്ല. അങ്ങനെ ഒരു ലക്ഷ്യത്തിൽ ചെന്നെത്തുന്നതിലേയ്ക്കു ഈ ബഡ്ജററു സഹായകമാണോ എന്ന ചോദ്യവുമായി ബഡ്ജറ്റിനെ സമീപിക്കുന്ന എന്നെപ്പോലെയുള്ളവക്ക് വളരെ നിരാശയാണുള്ളതു് എന്ന വസ്തുത മറച്ചുവയ്ക്കുന്നില്ല. ഏറ്റവും വേഗം നമ്മുടെ ഇടയിലുള്ള തൊഴിലില്ലായ്മ നീക്കാനും നമ്മുടെ നാട്ടിൽ വളൻവരുന്ന അസ്വാസ്ഥതകളെ നേരിടുവാനും നമ്മുടെ അലസതയെ നശിപ്പിക്കുവാനും അദ്ധ്വാനശക്തിയെ മുഴുവൻ സംഘടിപ്പിക്കാനും പ്രയോജനരഹിതമായ മൂലധനത്തെ പ്രയോജനത്തിൽ കൊണ്ടുവരാനും നമ്മുടെ നാട്ടിലെ വിഭവങ്ങൾ പ്രയോജനപ്രദമാക്കാനും, നമ്മുടെ അദ്ധ്വാനശക്തിയേയും വിഭവശക്തിയേയും സംഘടിപ്പിക്കുന്ന ഒരു വിപുലമായ ധീരമായ ബഡ്ജറ്റാണ് എന്നെപ്പോലെയുള്ളവർ ഈ അവസരത്തിൽ പ്രതീക്ഷിക്കുന്നതു്.

MR. K. RAMAKRISHNA PILLAI : സർ, ഭാരതം, സ്വാതന്ത്ര്യമായതോടൊപ്പംതന്നെ സ്വാതന്ത്ര്യമായ ഈ രാജ്യത്തെ ആദ്യത്തെ ബഡ്ജററ്, നിശ്ചയമായും സ്വാതന്ത്ര്യമായ പശ്ചാത്തലത്തിൽ കൂടിയല്ലാതെ വീക്ഷിക്കുക സാദ്ധ്യമല്ല. ഭാരതീയരോടൊപ്പംതന്നെ വളരുവാനും വികസിക്കുവാനും നമുക്കും അവകാശമുണ്ട്. അതിനുള്ള സാഹചര്യം നമുക്കനുകൂലമാണ്. ഈ പശ്ചാത്തലത്തിൽകൂടി ചിന്തിക്കുമ്പോൾ കൽക്കട്ടായിൽവച്ച് അവിടത്തെ റിസർച്ച് ഇൻസ്റ്റിററ്യൂട്ട് ഉൽഘാടനം ചെയ്തുകൊണ്ട് മി. പി. സി. റായി ചെയ്ത പ്രസംഗത്തിലെ ഒരു വാചകം എന്റെ സ്മൃതിപഥത്തിൽ വരുന്നു. അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി. "When Galelio and Bruno were revealing the mysteries of heaven and earth, we in India were dividing and sub-dividing the caste." ഈ ഒരവസ്ഥ ഈ ബഡ്ജററിനെ സംബന്ധിച്ച് അതിന്റെ നിർമ്മാണകാലപരിതഃസ്ഥിതിയെപ്പററി വിചാരിക്കുമ്പോൾ എനിക്ക് തോന്നിപ്പോകുന്നു. ഭാരതീയർ സ്വാതന്ത്ര്യമായശേഷം അനന്യസാധാരണമായ അനേകം പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു. എങ്കിലും കുറച്ചുകാലത്തിനുള്ളിൽ ഭാരതത്തിനു നേരിടാൻ ഇടയായ സംഗതികൾ നാം ഓർക്കണം. ഒന്നാമതായി അഭയാർത്ഥിപ്രശ്നത്തെ ഇന്നത്തെ കാൺഗ്രസ്സ് ഗവണ്മെൻറിന് അഭിമുഖീകരിക്കേണ്ടിവന്നു. അതുപോലെ സാമ്പത്തികവികസനത്തിനുള്ള വ്യവസായ നയത്തിൽ ആവശ്യമായ അടിസ്ഥാനം ഇട്ടു. അതിനുശേഷം കാശ്മീർ പ്രശ്നത്തെ അഭിമുഖീകരിക്കുകയും അക്കാര്യത്തിൽ ഒട്ടൊക്കെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഹൈദരാബാദ പ്രശ്നത്തിലും കുറച്ചൊക്കെ വിജയം നേടിയിട്ടുണ്ട്. ഇങ്ങനെ അനേകം പ്രതിബന്ധങ്ങളുടെ നടുക്കുകൂടിയാണ് ഈ കാര്യങ്ങളെല്ലാം കാൺഗ്രസ്സ് ഗവണ്മെൻറ ചെയ്തതു്. എന്നാൽ ചിരകാലമായി പ്രതീക്ഷിച്ചിരുന്ന ആ ഭാവനകൾ എല്ലാം വാസ്തവമായി പരിണമിക്കുന്നതിനു മുമ്പുതന്നെ രാഷ്ട്രപിതാവിന്റെ ദുരന്തംകൂടി ഇൻഡ്യ ദർശിച്ചു. എങ്കിലും അദ്ദേഹം നിർദ്ദേശിച്ച തരത്തിൽ ഈ ചുരുങ്ങിയ കാലംകൊണ്ടു് രാജ്യരക്ഷാകരങ്ങളായ പല കാര്യങ്ങളും ചെയ്യുന്നതിന് കാൺഗ്രസ്സ് മന്ത്രിസഭയ്ക്കു സാധിച്ചിട്ടുണ്ട്. അങ്ങനെയിരിക്കെ ഒരു നൂറു ലക്ഷം ജനങ്ങളുടെ അതായതു് ഏതാണ്ട് ഒരു ലക്ഷം ചതുരശ്ര മൈലിന് അകത്തു് ഒതുങ്ങുന്ന നമുക്ക് ഒന്നുംതന്നെ ചെയ്യാൻ സാധിച്ചിട്ടില്ല. നമുക്ക് ഇന്നു കിട്ടിയിരിക്കുന്ന അവസരം വാസ്തവത്തിൽ മറെറാരു രാഷ്ട്രീയ കക്ഷികൾക്കും ഇതുവരെ ലഭിച്ചിട്ടില്ലാത്ത ഒരു കനകാവസരമാണ്. ഈ അവസരം നാം ശരിയായി ഉപയോഗിച്ചി

[Mr. K. Ramakrishna Pillai]

ട്ടുണ്ടോ? നമ്മുടെ നിയോജക മണ്ഡലങ്ങളോട് നാം ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ ശരിയായി നിറവേററിയിട്ടുണ്ടോ? ഈ കാര്യങ്ങൾ ആലോചിക്കുമ്പോൾ വാസ്തവത്തിൽ പശ്ചാത്താപമാണുണ്ടാകുന്നതു. അവരോട് ചെയ്തിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറ്റിയിട്ടില്ലെന്ന് നമുക്കു ബഡ്ജററിൽ നിന്നും കാണാൻ കഴിയും. നമുക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന ഒരു സുവർണ്ണാവസരം നമ്മോടുകൂടി എല്ലാ നല്ല കാര്യത്തിലും ഒന്നിച്ചുനിന്നു പ്രവർത്തിക്കുന്നതിന് സന്നദ്ധതയുള്ള രണ്ടു പ്രതിപക്ഷകക്ഷികളെ കിട്ടിയിട്ടുള്ളതാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സകല കഴിവുകളും ഉപയോഗിച്ച് ജനക്ഷേമകരമായി പ്രവർത്തിക്കുക എന്നതാണ്. ഗ്രാമോദ്ധാരണത്തെപ്പററി പല മാന്യസ്നേഹിതന്മാരും പറഞ്ഞുകഴിഞ്ഞു. എങ്കിലും ആ ഒരു കാര്യത്തിൽ വളരെ വ്യത്യാസമൊന്നും വരുത്തുവാൻ ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടു തീർച്ചയായും സാധിക്കുകയില്ലെന്നാണ് എനിക്ക് വിശ്വാസം. ഉദ്യോഗമണ്ഡലത്തെ ഒന്ന് പരിവർത്തനം ചെയ്യാതെ ഈ സംഗതികൾ മുന്നോട്ടു കൊണ്ടുപോവുക സാദ്ധ്യമല്ലതന്നെ. നമ്മുടെ രാജ്യത്തിന്റെ ഏതു ഭാഗത്തും അഴിമതിയേയും കൈക്കൂലിയേയും പററിയുള്ള മുറവിളിയേ കേൾക്കാനുള്ളു. ജയന്തൻ ശങ്കരൻ നമ്പൂതിരിയുടെ മരണകാലത്തിനു ശേഷം പാവനമായ സകലതും നശിച്ചു, അങ്ങോളമിങ്ങോളം അസ്വസ്ഥമായ തിരുവിതാംകൂറിനെ വേലുത്തമ്പിദളവ അഭിമുഖീകരിച്ചതു് ഏതു വിധത്തിലാണെന്നുള്ള സംഗതി നമുക്കറിയാവുന്നതാണ്. കൈക്കൂലി വാങ്ങുന്ന കൈകൾ തറയ്ക്കത്തക്കവിധത്തിൽ തിരുവിതാംകൂറിൽ ഒരു നിയമം ഉണ്ടാകുന്നു എന്നു വിചാരിക്കുക; പൊതുജനങ്ങൾ ആക്ഷേപിക്കാൻ പോകുന്നില്ല. കൈക്കൂലി വാങ്ങിക്കുന്നവർ ഉദ്യോഗസ്ഥന്മാരായാലും ശരി അനുദ്യോഗസ്ഥന്മാരായാലും ശരി നിയമപരിധിയിൽ പെട്ട് ശിക്ഷാർഹന്മാരായിത്തീരണം. അതിനാൽ ആ കാര്യത്തിൽ സത്വര ശ്രദ്ധ പതിയേണ്ടതാണ്. അടിയന്തിരമായ മറ്റൊരു വിഷയമാണ് സാധുക്കൾക്ക് കുടിയേറി പാർക്കുന്നതിന് സ്ഥലമുണ്ടാക്കിക്കൊടുക്കുക എന്നുള്ളതു്. ഇതിലേയ്ക്കു് ഗവണ്മെൻറിൽനിന്നും സുനിശ്ചിതമായ യാതൊന്നും ചെയ്തുകാണുന്നില്ല. കാർഷികവികസനങ്ങൾക്കു വേണ്ടി ഒരു തുക അനുവദിച്ചിട്ടുണ്ടു്. എങ്കിലും അതു് തീരെ അപര്യാപ്തമാണ്. തൊഴിൽ മന്ത്രി പറഞ്ഞു, ഭാവിയിൽ ഇതിനെല്ലാം പരിഹാരമുണ്ടാകത്തക്ക നടപടി സ്വീകരിക്കുന്നുണ്ടെന്ന്. എന്നാൽ ഇതു് അങ്ങനെ നീട്ടിക്കൊണ്ടുപോകത്തക്ക ഒരു കാര്യമല്ല. ഭാഗികമായ പരിഹാരങ്ങളും ഭാവനാരഹിതമായ പരി

പാടികളും ഇതിന് വിജയമുണ്ടാക്കുന്നതല്ല. സുനിശ്ചിതമായ പ്ളാൻ ഉണ്ടാക്കിയിട്ട് വേണം ഇതു് ചെയ്യുവാൻ. ഇത്രയും കാര്യങ്ങൾ മാത്രമേ എനിക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ തല്ക്കാലം പെടുത്തേണ്ടതുള്ളൂ.

MR. E. K. MADHAVAN : സർ, ബഡ്ജററു് അതായതു്, ആയവ്യയ പത്രിക സാമ്പത്തിക വിദഗ്ദ്ധന്മാരുടെ കസ്രത്താംകളി എന്നാണ എൻെറ അഭിപ്രായം. ഞാൻ ഒരു സാമ്പത്തികവിദഗ്ദ്ധനല്ലാത്തതുകൊണ്ടു് അതിനെപ്പറ്റി എന്തെങ്കിലും വിമർശനം നടത്തണമെന്നു് ഈ അവസരത്തിൽ ആഗ്രഹിക്കുന്നില്ല. എന്നാൽ, ഈ ബഡ്ജറ്റിലുള്ള ചില കുറവുകളെ മാത്രം ചൂണ്ടിക്കാണിച്ചുകൊണ്ടു് ചില സംഗതികൾ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നു. നേഷൻ ബിൽഡിങ്ങ് ആണു് നമുക്ക് അത്യാവശ്യമായിട്ടുള്ള സംഗതി എന്നു് ഒരു മാന്യമെമ്പർ പറഞ്ഞു. വാസ്തവംതന്നെ. എന്നാൽ, സാധാരണ ജനങ്ങൾക്കു് ഇതല്ല അത്യാവശ്യ കാര്യം. അവർക്ക് ജീവിക്കുന്നതിനും കിടന്നുറങ്ങുന്നതിനും വേണ്ട സകല സൌകര്യങ്ങളും ചെയ്തുകൊടുക്കാമെന്നു് ഇലക്ഷൻ കാലത്തു് ആളുകളോടു് വാഗ്ദാനം ചെയ്തിട്ടുള്ളതാണു്. അതനുസരിച്ചുള്ള വല്ല പദ്ധതിയും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നു് അവർ ചോദിക്കുകയാണെങ്കിൽ അതിനു തൃപ്തികരമായ ഒരു മറുപടി കൊടുക്കുവാൻ നമുക്കു സാധിക്കുമോ എന്നു സംശയമാണു്. അങ്ങനെയുള്ള ഏതെങ്കിലും പദ്ധതികൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുണ്ടോ എന്നും എവിക്ഷനെ സംബന്ധിച്ചു് ഗവണ്മെൻറു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നും, ചോദിച്ചതിന് — ഇത്തരം വണത്തെ ചോദ്യങ്ങൾ അധികവും എവിക്ഷനെ സംബന്ധിച്ചായിരുന്നു — ഗവണ്മെൻറു ഭാഗത്തുനിന്നും കൊടുത്ത മറുപടികളിൽനിന്നു്, ഈ കാര്യത്തിൽ ഗവണ്മെൻറു് അത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല എന്നു കാണാവുന്നതാണു്. അടുത്തതായി എനിക്കു പറയുവാനുള്ളതു് ഇവിടത്തെ മെഡിക്കൽ കോളേജ് സ്ഥാപനത്തെപ്പറ്റിയാണു്. ഇവിടെ ഒരു മെഡിക്കൽ കാളേജ് സ്ഥാപിക്കാൻ പോകുന്നുവെന്നും അതിലേക്ക് പത്തുലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നും കാണുന്നുണ്ടു്. ഈ പത്തുലക്ഷം രൂപ കൊണ്ടു് കാര്യങ്ങൾ ഒന്നും നടക്കാൻ പോകുന്നില്ല. അതായതു ഇവിടത്തെ ജനറലാശുപത്രി പരിഷ്ക്കരിച്ചു് ഒരു വലിയ ആശുപത്രി ആക്കിത്തീർത്തിട്ട് സകലവിധ ആയുധ സാമഗ്രികളോടും കൂടിയ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കത്തക്ക സൌകര്യമുണ്ടോ എന്നു

[Mr. E. K. Madhavan]

സംശയമാണ്. ഈ ആവശ്യത്തിലേക്ക് കുറഞ്ഞത് നൂറേക്കറെങ്കിലും സ്ഥലം വേണം. അങ്ങനെ ഒരു പാളിടെകനിക്കൽ ഇൻസ്റ്റിററ്യൂഷനായിട്ട് അതു് നടത്തിയാൽ നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഇതെല്ലാം ആസ്പദമാക്കിക്കൊണ്ട് ഇന്നത്തെ ജനറലാശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഇങ്ങനെ ഒരു ആശുപത്രി സ്ഥാപിച്ച് അതിനോടുതൊട്ട് മെഡിക്കൽ കാളേജും വിദ്യാർത്ഥികൾക്ക് താമസസൌകര്യത്തോടുകൂടി സ്ഥാപിക്കുന്നതിന് സൌകര്യമില്ലെന്നുള്ള സംഗതി ഗവണ്മെൻറിന് അറിയാം. ഇപ്പോൾ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും ആശുപത്രിക്കുതന്നെ എൺപത്തഞ്ചോളം ഏക്കർ സ്ഥലം എടുക്കുവാൻ പോകുന്നുവെന്ന് പറയുന്നു. അങ്ങനെയിരിക്കെ ഈ മെഡിക്കൽ കാളേജ് മേൽപറഞ്ഞ സൌകര്യങ്ങളോടുകൂടി സ്ഥാപിക്കുന്നതിന് കൂടുതൽ സ്ഥല സൌകര്യം ആവശ്യമാണെന്നുള്ള കാര്യം ഓർമ്മിക്കേണ്ടതാണ്. ഇവയോടുകൂടിത്തന്നെ വേറൊരുകാര്യം ഓർമ്മിക്കുവാനുള്ളതു്, ഇങ്ങനെ ഒരു സ്ഥാപനം ഉണ്ടാക്കുകയാണെങ്കിൽ അതു് യൂണിവേഴ്സിററിയുടെ കിഴിലായിരിക്കണം എന്നുള്ളതാണ്. മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ സ്റ്റാഫിനെ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവരെ ഡിപ്പാർട്ടുമെൻറിൻെറ ഇഷ്ടംപോലെ അങ്ങോട്ടും ഇങ്ങോട്ടും മാററുന്നതിന് ഇടയാവുകയും അങ്ങനെ കോളേജിലെ അഭ്യസനത്തിനും മററും തടസ്സം നേരിടാവുന്നതുമാണ്. ഒരുകാര്യംകൂടി പറഞ്ഞിട്ട് ഞാൻ ഇരുന്നുകൊള്ളാം. ഗ്രാമോദ്ധാരണത്തിനായിട്ട് വളരെയധികം രൂപാ നീക്കിവച്ചിരിക്കുന്നു്, എങ്ങനെ ചെലവാക്കുന്നുവെന്നും മററും അറിയുന്നില്ല. എനിക്ക് ഇപ്പോൾ എൻെറ ദിക്കിൽ നിന്നും ഒരു കൺട്രാക്ററർ കമ്പിയടിച്ചു. ഇങ്ങനെയുള്ള താമസത്തിന് കാരണമെന്താണെന്ന് ചോദിച്ചതിൽ മന്ത്രി മി. രാമചന്ദ്രൻ പറഞ്ഞതു് പി. ഡബ്ളിയു. ഡി. ഇടപെട്ടതുകൊണ്ടാണ് താമസിക്കുന്നതെന്നുതോന്നുന്നുവെന്ന് മറുപടി പറഞ്ഞു. മറെറാന്ന്, ഗ്രാമോദ്ധാരണത്തിന് ഉത്തരവാദിയായിരിക്കുന്ന ഉദ്യോഗസ്ഥൻ — അദ്ദേഹം ഇവിടെ വന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ—അദ്ദേഹത്തിൻെറ അടുത്ത ഒരു ക്ലാർക്ക് പറയുംപോലെയാണു കാര്യങ്ങൾ നടത്തുന്നതെന്നും അതുകൊണ്ട് ആ ക്ലാർക്ക് വിചാരിച്ചാലേ കാര്യങ്ങൾ നടക്കുകയുള്ളുവെന്നുമാണു ആളുകൾ പറയുന്നതു്. ഈ കാര്യങ്ങൾ എല്ലാം ഗവർണ്മെൻറ് വേണ്ടവണ്ണം ശ്രദ്ധിക്കും എന്ന് വിശ്വസിച്ചുകൊണ്ടു ബഡ്ജററിനെ സ്വാഗതം ചെയ്യുന്നു.

MR. V. DEVAN : സർ, വളരെക്കാലം വളരെ ത്യാഗങ്ങൾ അനുഷ്ഠിച്ച് ഈ ജനകീയസഭയുടെ മുമ്പാകെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകൾ സമർപ്പിച്ചിട്ടുള്ള ബഡ്ജററിനെപ്പററി ഒരു നിരൂപണം ചെയ്യാൻ സാദ്ധ്യമല്ല. അതുതന്നെയുമല്ല എൻെറ നോട്ടത്തിൽ ഒരു വലിയ പാഠം ഈ സഭാസ്സിനെ അദ്ദേഹം പഠിപ്പിച്ചതിൽ എനിക്കു അഭിനന്ദനം ഉണ്ട്. ഇവിടെ പ്രസംഗിച്ചിട്ടുള്ള മഹാനുഭാവന്മാരെല്ലാം ആ പാഠം പഠിച്ചു കഴിഞ്ഞു. സാധാരണ ജനങ്ങളെ ഉയർത്തിക്കൊണ്ടുവന്നാൽ കൊള്ളാമെന്നും അവരുടെ സാമ്പത്തികസ്ഥിതി നന്നാക്കിയാൽ കൊള്ളാമെന്നും സാധുജനങ്ങൾക്ക് പാർപ്പിടം ഉണ്ടാക്കിയാൽ കൊള്ളാമെന്നും അവർ പഠിച്ചുകഴിഞ്ഞു. പിന്നെ എനിക്ക് ഒന്നും പ്രസംഗിക്കുവാനില്ല. പക്ഷെ എനിക്ക് ഒരു ചോദ്യം ചോദിക്കുവാനുണ്ട്. അതു ദയവായി അനുവദിക്കണം. തിരുവിതാംകൂറിലുള്ള ഏകദേശം ൩ ലക്ഷത്തോളം വരുന്ന പിന്നോക്കം നിൽക്കുന്ന ആളുകളെ നന്നാക്കുവാൻ, അവരുടെ സാമ്പത്തികസ്ഥിതി നന്നാക്കുവാൻ അവരുടെ വിദ്യാഭ്യാസത്തിനെ അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ട തുക ഈ ബഡ്ജററിൽ ഉണ്ടോ എന്നു ഞാൻ അവരോടു ചോദിക്കുന്നു. അത്രയ്ക്കുള്ള സാമ്പത്തിക നില അവർക്കില്ല. അരിവില കൂട്ടിയതിൽനിന്നും തന്നെ ഗവണ്മെൻറിൻെറ സാമ്പത്തിക സ്ഥിതി വളരെ അധഃപതിച്ചാണിരിക്കുന്നതെന്നുള്ളതു മനസ്സിലാകും. അല്ലെങ്കിൽ അരിവില കൂട്ടുമോ? അരിയ്ക്കു വില കൂട്ടിയാൽ ഈ അധഃപതനം ഒന്നു നികരും എന്നു വിചാരിച്ചു. എന്നിട്ടും നികന്നില്ല. നികന്നെങ്കിൽ ബഡ്ജററിൽ മേല്പറഞ്ഞ കൂട്ടങ്ങൾക്കു തുക കാണുമായിരുന്നു. അങ്ങിനെയിരിക്കെ ബഡ്ജററിൽ തുക കാണില്ല എന്നു പറഞ്ഞാൽ എവിടെ നിന്നു കൊണ്ടുവന്നു കൊടുക്കാനാണ്. ഉണ്ടെങ്കിലല്ലാതെ കൊള്ളിക്കാനൊക്കുമോ? ഉള്ളതു് അങ്ങോട്ടും ഇങ്ങോട്ടും കുറേശ്ശ കുറേശ്ശ നീക്കിവച്ചു. പിന്നെയില്ല. എങ്ങനെയാണ് പിന്നെയും നീക്കിവയ്ക്കുക. കള്ളൻ കയറിയാൽ ഉള്ളതല്ലേ കൊണ്ടുപോകാനൊക്കൂ. ഇല്ലാത്തതു എങ്ങനെ കൊണ്ടുപോകാനാണു? പിന്നെ വേറൊന്ന്, നികരുന്നില്ല നികരുന്നില്ലന്നു പറഞ്ഞാൽ ആരാണു നികത്തേണ്ടതു? നികത്തേണ്ടതു് നാമാണ്. ഇതു് നമ്മുടെ മന്ത്രിസഭയാണു. വിദേശിയ ദിവാൻജിയോ സ്വേച്ഛാപ്രഭുവോ അല്ല ഇപ്പോൾ ഭരിക്കുന്നതു. അപ്പോൾ നാമാണ് ഇതു് നികത്തേണ്ടതു്. ഇതു് നികത്തേണ്ടതു എങ്ങനെയാണ്? അതിന് ഒരു പരീക്ഷ എനിക്കു വയ്ക്കുവാനുണ്ട്. ഈ സഭയിലുള്ളവർ ഇതിനുത്തരം എഴുതി ഉത്തരക്കടലാസു ഇവിടെ ഏല്പിക്കണം. ഒരു പാവപ്പെട്ടവനെ നന്നാക്കാനുള്ള

[Mr. V. Devan.]

വഴി, ആ പാവപ്പെട്ടവർ വേലചെയ്തു സമ്പാദിച്ചിട്ടുള്ള ഈ പൌരപ്രമാണികൾ അടുത്ത സമയ്ക്കു മുമ്പായിട്ട പത്തുസെൻറുവീതാ സ്ഥലം അവരുടെ വേലക്കാർക്ക് എഴുതിക്കൊടുത്തു് ഉത്തരകടലാസു് ഹാജരാക്കാമെങ്കിൽ നമ്മുടെ കുറവു് പരിഹരിക്കാമെന്ന എനിക്ക തോന്നുന്നു. ഇതു ആദ്യം പ്രധാനമന്ത്രി അവർകൾതന്നെ ചെയ്യുക. പിന്നെ മന്ത്രിമാർ എല്ലാവരും ചെയ്ക. അതു കഴിഞ്ഞു പ്രസിഡൻറും ഇവിടത്തെ എല്ലാ മെമ്പറന്മാരും ചെയ്യുക. ഞാനും എൻെറ വേലക്കാരന് എന്നാലായ പത്തുസെൻറുസ്ഥലം കൊടുക്കാൻ തയ്യാറാണ്. മനുഷ്യനെ മനുഷ്യനല്ലാതെ ഭക്ഷിക്കുക, ഭക്ഷിച്ചാൽ ഉടനേ ഛർദ്ദിക്കുക പിന്നെ കലശലുണ്ടാക എന്നിങ്ങനെയുള്ള സംപ്രദായങ്ങൾ തിരുവിതാംകൂറിലുണ്ടായിരുന്നു. അതിനെ നശിപ്പിക്കാനാണ് തിരുവിതാംകൂറിൽ മദ്യഷാപ്പുകൾ ഒന്നുംതന്നെ പാടില്ലെന്നും മററും ഉള്ള നിയമങ്ങൾ ഉണ്ടാക്കിയിരിക്കുന്നതെന്ന തോന്നുന്നു. ഈ ഇനത്തിൽ ഭീമമായ തുക നഷ്ടമാണെന്നാണ് പറയുന്നതു്. എന്നാൽ ഇതു് രണ്ടുതരത്തിൽ ഗവണ്മെൻറിന് ലാഭമുണ്ടാക്കുന്നതാണെന്നാണ് പറയുന്നതു്. അവിടെയുള്ളവർ എല്ലാവരുംകൂടി ഒരുമിച്ചു് ട്രാൻസ്പോർട്ടിൽ കയറി തിരുവനന്തപുരത്തു വന്നു് ഇവിടെയുള്ളതെല്ലാം ഇരട്ടിവില കൊടുത്തു കുടിയ്ക്കും. അങ്ങനെ ഈ രണ്ടിനത്തിലും ഗവണ്മെൻറിന് ആദായം വർദ്ധിക്കുമെന്നാണ് ഞാൻ പറയുന്നതു്. ഇതിനെ സംബന്ധിച്ചു് എനിക്ക ഇത്ര മാത്രമേ പറയാനുള്ളു.

എനിക്ക് പബ്ളിക്ക് സർവീസിനെപ്പററി ഒരു കാര്യംകൂടി പറയണമെന്ന ആഗ്രഹമുണ്ട്. ഉദ്യോഗവിതരണകാര്യത്തിൽ എത്ര സത്യസന്ധന്മാരെ മേധാവികളായിട്ട നിയമിച്ചു ഉദ്യോഗവിതരണത്തിനുള്ള അധികാരം കൊടുത്താലും ഞങ്ങൾക്ക് അവരിൽ വിശ്വാസവും ഇല്ല, തൃപ്തിയും ഇല്ല. പിന്നോക്കസമുദായക്കാരുടെ നില നോക്കുകയാണെങ്കിൽ ഉയന്ന വിദ്യാഭ്യാസം ഉള്ളവർ വളരെ വിരളമാണ്. അതുകൊണ്ടു പ്രബലസമുദായത്തിൽപ്പെട്ട ബി. എ. പാസ്സായ ഒരാൾക്കും പിന്നോക്കസമുദായത്തിലുള്ള സ്കൂൾഫൈനൽ പാസ്സായ ഒരാൾക്കും ഉദ്യോഗവിതരണകാര്യത്തിൽ ഒരേ ഗ്രേഡ് കൊടുക്കത്തക്കവണ്ണം ഒരു വ്യവസ്ഥ ഇതുവരെ ഗവണ്മെൻറിൽനിന്നും ഉണ്ടാക്കിയിട്ടില്ല. പണ്ടു ഉദ്യോഗങ്ങൾ കൊടുത്തുകൊണ്ടിരുന്നതു് പരിക്ഷായോഗ്യത നോക്കിയല്ലെങ്കിലും, അവർ കാര്യക്ഷമമായി ജോലികൾ നിർവഹിച്ചിട്ടുണ്ടെന്നുള്ളതിന് ധാരാളം തെളിവുകൾ ഉണ്ട്. ഉദാഹരണമായി പറയുകയാണെങ്കിൽ പണ്ടു് പട്ടാളമൈതാനത്തു് കവാത്തുപഠിപ്പിക്കാനായിട്ടു് കൊണ്ടുവരുന്ന ആളു

കുൾക്ക് റൈട്ട്, ലഫ്റ്റ്, എന്ന പദം അറിഞ്ഞുകൂടാത്തതുകൊണ്ട് അവരുടെ ഒരുകാലിൽ ഓലയും മറ്റേക്കാലിൽ ശീലയും വച്ചുകെട്ടി "ഓലക്കാൽ ശീലക്കാൽ" എന്നു പറഞ്ഞു, റൈററും ലഫ്ററും പഠിപ്പിച്ചു. അങ്ങിനെ പഠിച്ചിട്ടുള്ളവർ തങ്ങളുടെ സാമർത്ഥ്യംകൊണ്ടു് ഉദ്യോഗങ്ങളിൽ പല പ്രമോഷനും വാങ്ങി പെൻഷൻ പററിയിട്ടുണ്ടു്. ഇതെനിക്കറിയാവുന്ന ഒരു സംഗതിയാണു്. അതുകൊണ്ടു് പിന്നോക്കസമുദായങ്ങളിൽപ്പെട്ട കുറഞ്ഞ പരീക്ഷായോഗ്യതയുള്ള ആളുകളെ കൂടി ഉദ്യോഗങ്ങളിൽ പ്രവേശിപ്പിച്ചു അവരുടെ കാര്യക്ഷമതയേയും ബുദ്ധിസാമർത്ഥ്യത്തേയും പരിശോധിക്കേണ്ടതാണെന്നു ബഹുമാനപ്പെട്ട ഗവണ്മെൻറിനോടു ഞാൻ അഭ്യർത്ഥിക്കുന്നു.

MR. CHERIYAN J. KAPPAN : സർ, ബഡ്ജററിനെപ്പററി അനുകൂലിച്ചും പ്രതികൂലിച്ചും പല പ്രസംഗങ്ങളും ഇവിടെ നടന്നുകഴിഞ്ഞു. ഈ വിമർശനങ്ങളെപ്പററി ചിന്തിച്ചതിൽ ഇവർ ബഡ്ജററിനെപ്പററി ശരിയായി പഠിച്ചിട്ടുണ്ടോ എന്നു സംശയമാണു്. അതായതു് ഒരിക്കൽ പരിശോധനാർത്ഥം ഒരു പള്ളിക്കൂടം ഇൻസ്പെക്ടർ ഒരു പ്രൈമറി സ്കൂളിൽ ചെന്നുകയറി. അവിടെ ഒരു രണ്ടുക്ലാസ്സുകൾ പരിശോധിച്ച ശേഷം മൂന്നാംക്ലാസ്സിലേക്കു് ചെന്നു. അപ്പോൾ അവിടെ പഠിപ്പിച്ചുകൊണ്ടിരുന്ന വിഷയം കണക്കായിരുന്നു. ഇദ്ദേഹം ക്ലാസ്സിൽ കയറി ഒരു കുട്ടിയോടു് ചോദിക്കുന്നു, "നിങ്ങളുടെ അദ്ധ്യാപകനു് [illegible] വയസ്സുണ്ടു. നിങ്ങളുടെ ഹെഡ്മാസ്റ്റർക്കു് [illegible] വയസ്സുമുണ്ടു്. എന്നാൽ എനിക്കു് എത്ര വയസ്സുണ്ടെന്നു പറയാമോ?" [illegible] വയസ്സ് എന്നു ഒരു കുട്ടി ഉത്തരം പറഞ്ഞു. അതു് എങ്ങിനെ കിട്ടിയെന്നു ഇൻസ്പെക്ടർ വീണ്ടും ചോദിച്ചു. ഉടനെ കുട്ടി പറകയാണു് "എൻെറ ജ്യേഷ്ഠൻ ഒരു ഭ്രാന്തനുണ്ടു അു ഭ്രാന്തൻെറ വയസ്സാണു് ഈ [illegible]." അതിൽനിന്നും നാം മനസ്സിലാക്കേണ്ടതു് ഇൻസ്പെക്ടർക്കും ഭ്രാന്തനായ കുട്ടിയുടെ ജ്യേഷ്ഠനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നാണു്. അതുപോലെ ഇവിടെ [illegible] കോടി രൂപായുടെ വരവുണ്ടെങ്കിൽ [illegible] കോടി രൂപയുടെ ചിലവും ഉണ്ടു്. എന്നാലും മിച്ചം [illegible] ലക്ഷം കാണുന്നു. എന്നാൽ ബഡ്ജററ് സൂക്ഷ്മമായി പരിശോധിച്ചുനോക്കുകയാണെങ്കിൽ ചിലവിനെക്കാൾ കൂടുതൽ വരവുണ്ടെന്നുള്ളതു് നിസ്തർക്കമാണു്. പക്ഷെ ഒരു ബഡ്ജററ് ഡഫിസിററ് ബഡ്ജററോ അല്ലെങ്കിൽ സർപ്ലസ്ബഡ്ജററോ എന്നു നോക്കേണ്ട ഒരു പ്രശ്നമല്ല ഇന്നുള്ളതു്. കഴിഞ്ഞ [illegible] വർഷത്തെ സ്വേച്ഛാഭരണത്തിൻെറ ഫലമായി ഉണ്ടായിട്ടുള്ള സാമ്പത്തികമായ പല കുഴപ്പങ്ങളും പരിഹരിച്ചു ഒരു ബഡ്ജററ് രൂപീകരിച്ചു

[Mr. Cheriyan J. Kappan.]

തിന് പ്രധാനമന്ത്രിയെ അനുമോദിക്കുകതന്നെ വേണം. സർ സി. പി. യുടെ കാലത്തുണ്ടായിരുന്ന പല അബദ്ധങ്ങളും പൊതിഞ്ഞുവയ്ക്കുന്നതിനുള്ള ഒരു ശ്രമം ബഡ്ജററിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ടെങ്കിൽ അതു് ക്ഷന്തവ്യമാണ്. സർ, പബ്ലിക്ക്സർവീസിലുള്ള അഴിമതികൾ നിവൎത്തിയുള്ളിടത്തോളം വേഗത്തിൽ പരിഹരിക്കണമെന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ സദയം ഉൽബോധിപ്പിച്ചപ്പോൾ വേറൊരു മെമ്പർ പറയുകയാണ് അതൊരു പ്രതികാരമനോഭാവമാണെന്നു. അതിൽ പ്രതികാരത്തിന്റെ ഒരു ഛായ കലർന്നിരിക്കുന്നു എന്ന് പ്രതീകാരബുദ്ധി പാടില്ലെന്നു കാണിക്കാൻ, ബൈബിളിൽനിന്ന് ചില വാക്യങ്ങളും അദ്ദേഹം ഉദ്ധരിച്ചു. ബൈബിൾ മുതലായ മതഗ്രന്ഥങ്ങൾക്ക് ഒരു വിശേഷമുള്ളതു് അതിലെ വാക്യങ്ങൾ ആളുകളുടെ സൌകര്യം പോലെ ഉദ്ധരിക്കാമെന്നുള്ളതാണ്. ഇങ്ങനെ ഉദ്ധരിക്കുന്ന രീതിയെപ്പററിയാണ് Even the devil can quote the Bible എന്നു പറയുന്നതു്. എനിക്കു ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതു് ജനകീയ ഗവൺമെൻറിന്റെ ആവിർഭാവത്തിനുശേഷവും സാമുദായികഛിദ്രത്തിനു കുറേക്കൂടി പ്രാബല്യം സിദ്ധിച്ചിട്ടേ ഉള്ളു എന്നാണ്. ഈ ഒരു മനോഭാവം തുടർന്നുകൊണ്ടുപോകുന്നതു് നന്നാണെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്ക് വേറൊരു സംഗതി പറയാനുള്ളതു് ഇവിടത്തെ പത്രപ്രവൎത്തനരീതിയെപ്പററിയാണ്. അല്പകാലമായിട്ട് പത്രങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇല്ലാത്തതുകൊണ്ടു് എന്തും പത്രത്തിൽ തട്ടിവിടാമെന്നുള്ള ഒരു മനോഭാവം അവൎക്കുണ്ടെന്നു തോന്നുന്നു. അല്പദിവസത്തിനു മുൻപ് ഇവിടത്തെ മന്ത്രിമാരെപ്പററി അധിക്ഷേപകരമായി എഴുതിയിരുന്ന ഒരു പത്രം വായിക്കാൻ ഇടയായ എന്റെ ബഹുമാന്യസ്നേഹിതൻ മി ഈ. ജെ. ഫിലിപ്പോസ് എന്നോട് പറഞ്ഞതു് അദ്ദേഹത്തിന്റെ കണ്ണിൽനിന്നും രക്തം വന്നു എന്നാണ്. അതു് യഥാൎത്ഥമാണെന്നു പറയാതിരിക്കാൻ നിർവാഹമില്ല. തിരുവിതാംകൂറിലുള്ള ഏതാനും പത്രങ്ങൾ നിമിത്തമാണ് സാമുദായികഛിദ്രം വർദ്ധിച്ചുകൊണ്ടിരിക്കുന്നതെന്നു പത്രം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്നതാണ്. വേറൊരാരോപണമുണ്ടായിട്ടുള്ളതു ബഹുമാനപ്പെട്ട ഒരു മന്ത്രി ഓരോ സമുദായത്തിലെയും ആളുകളുടെ എണ്ണംനോക്കി സ്കൂളുകൾ അനുവദിക്കുന്നില്ല എന്നാണ്. ഇങ്ങനെ പള്ളിക്കൂടം അനുവദിക്കുന്ന കാര്യങ്ങൾക്കും കുളം കുഴിക്കുന്ന കാര്യങ്ങൾക്കും കിണറു കുഴിക്കുന്ന കാര്യങ്ങൾക്കും ഒക്കെ ആളെണ്ണി വേണമെന്നുവച്ചാൽ ഏതൊരു ഗവൺമെൻറിനും സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല. അങ്ങിനെ

യായാൽ സന്താനങ്ങൾ ഉല്പാദിപ്പിക്കുന്നതിനും സ്വത്തു സമ്പാദിക്കുന്നതിനും മററും സാമുദായിക അടിസ്ഥാനത്തിന്മേൽ ആകേണ്ടിവരും. എനിക്കു വേറൊരു കാര്യം പറയാനുള്ളതു രാജ്യത്തെ കർഷകരുടെ അവസ്ഥയെപ്പററിയാണ്. പലവിധത്തിൽ ഉള്ള നികുതികൾകൊണ്ട് ഇന്നു കർഷകരെ വളരെ ഞെരുക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. കർഷകനു അവൻെറ ഉൽപ്പന്നങ്ങളിൽ മിക്കവാറും എല്ലാററിനും നികുതികൊടുക്കേണ്ടിയിരിക്കുന്നു. പാക്ക്, കുരുമുളക്, ചുക്ക് ഇവയെല്ലാം ഒരു തുക ഗവണ്മെൻറിന് കൊടുക്കുന്നതിനും പുറമേ അതിന് മൊത്തത്തിൽ ഉള്ള വരവിൻെറ ആദായനികുതികൂടി കൊടുക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ അവരിൽനിന്നും ഈടാക്കുന്ന പണത്തിനു ഗവണ്മെൻറിൽനിന്നും എന്തു സൗകര്യമാണ് ചെയ്തുകൊടുക്കുന്നത് എന്നു നോക്കുകയാണെങ്കിൽ, സഞ്ചരിക്കാൻ നല്ല റോഡില്ല. വാഹനസൗകര്യങ്ങൾ ഇല്ലാ. അവരുടെ ആവശ്യത്തിനുള്ള ജലസേചന പദ്ധതികൾ ഇല്ല, ഇങ്ങനെ നോക്കിയാൽ പലതുമില്ല. എന്നാൽ ഈടാക്കുന്ന നികുതിയോ ഭീമമായ ഒരു തുകയുമാകുന്നു. എൻെറ അനുഭവത്തിൽ ഒരു കാര്യം എനിക്കു ഓർമ്മവരുന്നു. ഒരിക്കൽ സൈക്കിൾ ഉപയോഗിക്കാൻ അറിയാൻ പാടില്ലാത്ത ഒരാളുടെ പേരിൽ സൈക്കിൾ ടാക്സിനു ചാർജ്ജുചെയ്തു കേസ്സെടുക്കുകയും അയാളെ ൧൦ രൂപാ ശിക്ഷിക്കുകയും ചെയ്തു. ഇങ്ങനെ നിരപരാധികളായ ആളുകളുടെ പേരുകളിൽ നിന്നുകൂടി ടാക്സ് വസൂലാക്കണമെന്നുള്ള ഉദ്യോഗസ്ഥന്മാരുടെ മനോഭാവം നല്ലതല്ല. അതുകൊണ്ട് യഥാർത്ഥത്തിൽ ടാക്സ്കൊടുക്കാൻ അർഹതയുള്ളവരിൽ നിന്നല്ലാതെ ഈടാക്കാൻ പാടില്ലെന്നുള്ള നിർദ്ദേശം ഗവണ്മെൻറിൽനിന്നും നൾകേണ്ടതാണെന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങനെ അല്ലെങ്കിൽ സാധുക്കളായ പല ജനങ്ങളും ഉദ്യോഗസ്ഥന്മാരുടെ ഈവിധ അനാശാസ്യപ്രവൃത്തികളിൽപ്പെട്ട് കഷ്ടപ്പെടുമെന്ന് ഉള്ള കാര്യം ബഹുമാനപ്പെട്ട ഗവണ്മെൻറ് ഓർക്കേണ്ടതാണ്.

MR. S. NEELAKANTA AIYAR: Sir, I welcome this budget and I deem it a great privilege for me to congratulate the Finance Minister for the framing of this budget. It cannot but be admitted that, in framing the budget estimates for the next year, the Prime Minister has kept in view the improvement, in all possible directions, and to the extent possible, of the average economic status of the common people. The budget contains various allotments for the betterment of the general public. An enormous sum has been set apart for the rural development and education. It is really a beneficial budget, especially to the poor people. It is the primary duty of the State to provide for education, roads etc. For the other heads

[Mr. S. Neelakanta Ayar ]

also reasonable sums are allotted. If one goes through the present budget he can very easily understand how practical and beneficial it is, especially for the common man In this connection, it may be remembered that when the present Ministry took charge, the Government was incurring huge losses. This loss was due to the supply and distribution of food at a lower price. We have been distributing rice at a much lower price while we bought them at higher rates. This item has caused a considerable loss of money, nearly two and a half crores to Government. It was in these circumstances that the present budget had to be prepared. To prepare a surplus budget at such a juncture is really Herculian. Some of the members expressed diffidence regarding the surplus nature. But I am sure there is no doubt about it. So far as the revenue aspect is considered the estimate of income is very humble. According to the budget there is a surplus of about 2 lakhs of rupees. I have only to make one constructive suggestion Every one knows that Travancore is a deficit area and the population is daily increasing. The most difficult problem that is facing us now is the food problem and there should be ample preparation for an increased production of food under head "Agriculture" and "Grow more food". There is world wide shortage of food and we want to produce more rice. Unless we face this carefully it will bring serious difficulties. The best brains of the country should be used for this and all efforts should be made to increase production I suggest that efficient committees should be formed for every village to increase production. That alone will save us from a crisis in the food position. For the next few years any amount expended for the restoration of tanks and other irrigation and lift irrigation works, for the manufacture and distribution of manures, both artificial and natural, for the distribution of high yielding seeds etc., would not be sufficient. I have already pointed out that the various items should receive carefull consideration. The Finance Minister has done all that is possible under the circumstances.

(*President's bell.*)

MR. M. GOVINDAN : സർ, ബഹു. പ്രധാനമന്ത്രി നമ്മുടെ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന ഈ ബഡ്ജററിനെ ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. ബഹു: പ്രധാനമന്ത്രിയുടെയും ഈ ഗവണ്മെൻറിൻെറയും ഉദ്ദേശം അദ്ദേഹത്തിൻെറ ഭാഷയിൽ തന്നെ പറയുന്നതായാൽ ആ ഒരു കാര്യംതന്നെയാണ് ഈ ബഡ്ജററിനെ സ്വാഗതം ചെയ്യുന്നതിനു പ്രധാനമായി എന്നെ പ്രേരിപ്പിക്കുന്നത്. അദ്ദേഹം ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ പറയുന്നുണ്ട്. ഇതിനേക്കാളും വലിയ ഒരാദർശം വച്ചുകൊണ്ടു ഒരു ബഡ്ജററു ഉണ്ടാക്കുവാൽ സാദ്ധ്യമല്ല. ഈ ബഡ്ജററു തയ്യാറാക്കുന്നതിൽ പല പ്രയാസങ്ങളും ബഹു. പ്രധാനമന്ത്രിക്ക് നേരിടേണ്ടതായി വന്നിട്ടുണ്ട്. അതിനെ

സംബന്ധിച്ച് അനുകൂലിച്ചും പ്രതികൂലിച്ചും പല വിമർശനങ്ങൾ ഇവിടെ നടന്നു കഴിഞ്ഞു. അതിനെ ഒന്നു കൂടി ആവർത്തിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്റെ പ്രധാന ഉദ്ദേശം പാവപ്പെട്ട ജനങ്ങളുടെ സ്ഥിതിയെ നന്നാക്കാൻ നല്ല ഒരു ശരിയായ സ്കീം ഉണ്ടായിരിക്കണമെന്നാണ്. ഇപ്പോൾ തിരുവിതാംകൂറിൽ ആകമാനമുള്ള ൬൦ ലക്ഷത്തിൽ ചിലപ്പാനം ജനങ്ങളുടെയിടയിൽ ൨൦ ലക്ഷം ജനങ്ങളെങ്കിലും സ്ഥാവരവസ്തുക്കൾ ഇല്ലാത്തവരാണ്. അവർ എവിടെയെങ്കിലും താമസിക്കുന്നുണ്ടായിരിക്കും. പക്ഷെ ആ വീടുകൾ അവരുടെ സ്വന്തസ്ഥലത്തായിരിക്കുകയില്ല. അന്യപറമ്പുകളിൽ അവർതന്നെ വീടുകൾ വച്ചു താമസിക്കുകയായിരിക്കും ചെയ്യുന്നത്. നമുക്ക് ഒരു പഞ്ചവൽസരപദ്ധതി വേണം. ഒരുമിച്ച് ഒരു തുക കാര്യത്തിലേക്ക് ചെലവാക്കാൻ നമ്മുടെ വരവ് അനുവദിക്കുകയില്ല. അതുകൊണ്ടു നാം ചെയ്യാനുള്ളത് തിരുവിതാംകൂർ ഒട്ടാകെ ഉള്ള ഭൂമിയുടമസ്ഥത ക്രമേണ ഇല്ലാതാക്കി തനിക്ക് ഇല്ലാത്തതുകൊണ്ട് അന്യ ഉടമസ്ഥന്മാരുടെ ഭൂമികളിൽ അടികുടി കിടക്കുന്നവരെ മാററി അവർക്ക് സൗകര്യമായി ഒരു സ്ഥാനം കമ്പൽസറിയായിട്ടെങ്കിലും എടുത്തുകൊടുക്കണം. അങ്ങിനെ കൊടുക്കുന്നതിനു വേണ്ടി ഒരു നിയമം തന്നെ രൂപീകരിക്കണമെന്നാണു എന്റെ അഭിപ്രായം. അവർക്ക് കൊടുക്കാൻ സൗകര്യമായ സ്ഥലങ്ങൾ എവിടെയാണെന്നു ഗവണ്മെന്റു തന്നെ നിശ്ചയിക്കണം. അതിലേക്ക് ഇരുപതുലക്ഷം രൂപ വീതം ആണ്ടുതോറും വിനിയോഗിക്കുകയാണെങ്കിൽ അടുത്തയാണ്ടുമുതലെങ്കിലും ക്രമേണ ൫൦ ലക്ഷം രൂപ വീതമായിട്ട് ഒരു കോടി രൂപ ചെലവാക്കുകയാണെങ്കിൽ തിരുവിതാംകൂറിൽ ഓരോരുത്തർക്കും കിടക്കുന്നതിനു പത്തുസെന്റു സ്ഥലം വീതമെങ്കിലും കൊടുക്കാൻ കഴിയും. പുറമ്പോക്കായി കിടക്കുന്ന സ്ഥലങ്ങളും മററും അവർക്കു പതിച്ചുകൊടുക്കണം. ദൂരസ്ഥലങ്ങളിൽ വനങ്ങളിലും മററും അവർക്കു കാച്ചുറകൾ ഉണ്ടാക്കിക്കൊടുക്കുന്നതുകൊണ്ടു പ്രയോജനമില്ല. കാളനിയായി താമസിക്കുമ്പോൾ എല്ലാവർക്കും വേലകിട്ടാതെ വരികയും തൻമൂലം അവിടെ കിടന്നു കഷ്ടത അനുഭവിക്കേണ്ടതായി വരികയും ചെയ്യും. അവിടെ തന്നെ ഇൻറൻസിവ് കൾട്ടിവേഷൻ ചെയ്യാമെന്നു പറയുമെങ്കിലും അതൊന്നും അത്ര ശരിയായി നടക്കുന്ന കാര്യങ്ങളല്ല. അതുകൊണ്ട് ഗവണ്മെന്റ് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. പിന്നെ വേറൊരു കാര്യം എനിക്കു പ്രധാനമായി പറയാനുള്ളതു തിരുവിതാംകൂറിലെ റോഡുകളിൽ ടോൾ ഇടുന്ന കാര്യത്തെപ്പററി

[Mr. M. Govindan.]

യാണ്. ഹജ്ജൂർകച്ചേരിയിലേക്ക് കയറി വരുന്ന ഈ റോഡു എങ്കിലും എന്തുകൊണ്ട് ടാർ ഇട്ടിട്ടില്ലാ എന്നു ഞാൻ ചോദിക്കുന്നു. ഇവിടം മുതൽ വടക്കൻ തിരുവിതാംകൂർ വരെയുള്ള മെയിൻ റോഡെങ്കിലും ടാർ ഇടണം. തിരുവനന്തപുരം മുതൽ കന്യാകുമാരിവരെയുള്ള റോഡ് കാൺക്രീററ് ചെയ്തിട്ടുള്ളതായതുകൊണ്ട് അതിനെപ്പററി ഒന്നും പറയുന്നില്ല. ഇനിയും എനിക്കു പല കാര്യങ്ങളും പറയാനുണ്ട്. സമയമില്ലാത്തതുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. G. P. NEELAKANTA PILLAI: സർ, ചില സത്യങ്ങൾ പറയാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ബഡ്ജററിനെ പരാമർശിച്ചു പല വിമർശനങ്ങളും ഇവിടെ ഉണ്ടായി. അനുമോദനപ്രസംഗങ്ങളും അനുകൂലപ്രസംഗങ്ങളും പ്രതികൂലപ്രസംഗങ്ങളുമെല്ലാം ഇവിടെ നടന്നു. പാർട്ടിഭരണമാണു് നടക്കുന്നതു്. അതുകൊണ്ടു ബഡ്ജററിനെ വിമർശിക്കുന്നതു പാർട്ടിയുടെ പോക്കിനു ദോഷകരമാണെന്നു പറഞ്ഞുകൊണ്ടു ചിലർ പ്രസംഗിച്ചു. കുറെയാളുകൾ ബഡ്ജററിനെ ഹനിക്കത്തക്ക വണ്ണം പ്രസംഗിച്ചു. നാം സ്വീകരിക്കേണ്ട നില എന്തു? ഈ രാജ്യത്തിനു ക്ഷേമകരമായ വിധത്തിൽ വേണ്ട നിർദ്ദേശങ്ങൾ ഗവണ്മെൻറിന്റെ മുമ്പിൽ സമർപ്പിക്കുക എന്നുള്ളതാണു നമ്മുടെ കർത്തവ്യം. പാർട്ടിക്കു ദോഷം വന്നെങ്കിലോ, എന്തെങ്കിലും ചില രഹസ്യവസ്തുക്കൾ വെളിയിൽവന്നു പാർട്ടി ഗവണ്മെൻറുതന്നെ പൊളിഞ്ഞുപോയെങ്കിലോ എന്നുള്ള യാതൊരു ആശങ്കയ്ക്കും അവകാശമില്ല. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞു ബഡ്ജററിന്റെ ലക്ഷ്യം ധനവിനിമയക്കുഴപ്പത്തിൽ ഇന്നു കാണുന്ന ഉച്ചനീചത്വങ്ങൾ നിർമ്മാർജ്ജനം ചെയ്തു സാധാരണക്കാരന്റെ ഒരു ബഡ്ജററു രൂപീകരിക്കുകയാണെന്നു ഇതുവരെ ഒരു ബഡ്ജററു പ്രസംഗത്തിലും ഇങ്ങനെ ഒരു ലക്ഷ്യപ്രഖ്യാപനം ഉണ്ടായിട്ടില്ല. ഇതെന്തുമാത്രം നിറവേറി, എന്തുമാത്രം നിറവേറാൻ പോകുന്നു എന്നുള്ള വിക്ഷണഗതിയിലായിരിക്കും സാധാരണക്കാരൻ ഈ ബഡ്ജററിനെ നോക്കുന്നതു. (ബെൽ) "ഊത്തിനു മുമ്പെ" എന്നു പറഞ്ഞതുപോലെ, "പ്രസംഗത്തിനു മുമ്പെ" വരണം. സാധാരണക്കാരൻ എന്നുദ്ദേശിക്കുന്നതു സാധാരണക്കാരനെയാണെന്നു എന്റെ സ്നേഹിതൻ മി. തമ്പി പറഞ്ഞു. Poor man's budget എന്നുള്ള ഇംഗ്ലീഷ വാക്കിനെ മലയാളീകരിച്ചാണു സാധാരണക്കാരന്റെ ബഡ്ജററ് എന്നു പറയുന്നതു. സാധാരണക്കാരൻ വലിയ ഫൈനാൻഷ്യർ ഒന്നുമല്ല. അതിലേ കണക്കുകളോ സാമ്പത്തികപദ്ധതികളോ വച്ചു

കൊണ്ടല്ല സാധാരണക്കാരൻ ബഡ്ജററിനെ സംബന്ധിച്ച് ഒരു വിധി കല്പിക്കുന്നതു്. എൻെറ സ്നേഹിതൻ മി.ചെറിയാൻ കാപ്പൻ പറഞ്ഞതുപോലെ ൮ കോടിരൂപാ നീക്കിവച്ചിട്ടുണ്ട്. ൧൧ കോടി രൂപാ ആവശ്യപ്പെട്ടിട്ടുണ്ട് എന്നൊക്കെ പറഞ്ഞാൽ ആ വ്യത്യാസത്തിൻെറ കാരണം സാധാരണക്കാരന് മനസ്സിലാവുകയില്ല; ഡിമാൻറ് എന്നോ ഗ്രാൻറ് എന്നോ പറഞ്ഞാലും സാധാരണക്കാരന് മനസ്സിലാവുകയില്ല. ഇവിടത്തെ സാധാരണക്കാരന് വേലയില്ല, കൂലിയില്ല, അവന് റേഷൻ വാങ്ങാൻപോലും നിവൃത്തിയില്ല. പഞ്ചവത്സരപദ്ധതിയെന്നും ദശവത്സരപദ്ധതിയെന്നും ദീർഘകാലപദ്ധതിയെന്നും ഹ്രസ്വകാലപദ്ധതിയെന്നുമൊക്കെ നാം ജനങ്ങളോടു പറഞ്ഞിരുന്നു. എന്നാൽ അതൊന്നും നടപ്പിൽ വരുത്തുന്നതിനു ബഡ്ജററിൽ provision ഇല്ല. ഈ പദ്ധതികഠം നടപ്പിൽ വരുത്തിയിരുന്നെങ്കിൽ തൊഴിലില്ലായ്മക്കു പരിഹാരം ഉണ്ടാകുമായിരുന്നു. ഭക്ഷ്യകാര്യത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു. ഉൽപ്പാദനം വർദ്ധിപ്പിക്കാതെ നിവൃത്തിയില്ല. ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ കൃഷിക്കാരൻെറ നില അഭിവൃദ്ധിപ്പെടുത്തണം. (ബെൽ) കണിയാൻ വടി കുറുക്കിയതുപോലെ ഞങ്ങളുടെ സമയം കുറുക്കി ഇപ്പോഠം സമയമില്ലാതെ പ്രസംഗിക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ഇവിടത്തെ കൃഷിക്കാരന് വളമില്ല, കൃഷിയായുധങ്ങളില്ല, കന്നുകാലികളില്ല, ഒന്നുമില്ല, അവവാങ്ങാൻ പണവുമില്ല. വിത്തു, വളം, വേലക്കൂലി ഇവയെല്ലാം നോക്കിയാണ് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതു്. അങ്ങനെനോക്കുമ്പോഠം ഒരു കൃഷിക്കാരനെത്തന്നെ കൃഷികാര്യമന്ത്രിയായി തിരഞ്ഞെടുത്തതു് അഭിനന്ദനാർഹം തന്നെ. ബഹു:മന്ത്രി നെഞ്ചത്തു കൈവച്ചുകൊണ്ടു് ഒരു പറ നെല്ല് വിളയിക്കുന്നതിനു എന്തു ചെലവുവരുമെന്നു പറയട്ടെ. കുട്ടനാടൻ പ്രദേശങ്ങളിലാണെങ്കിൽ എന്തു ചെലവാകുമെന്നു ഞാൻ ബഹു:മന്ത്രിയോടു ചോദിക്കുന്നു. രണ്ടു രൂപായ്ക്കു് ഒരിടത്തും ഒരു പറനെല്ല് വിളയിക്കാൻ സാദ്ധ്യമല്ല. ഞാൻ എൻെറ സ്വന്ത അനുഭവമാണ് പറയുന്നതു്. രണ്ടുരൂപാവച്ചു കൊടുക്കുന്ന നെല്ല് മൂന്നും മൂന്നരയും രൂപാവച്ച് തിരിച്ചു വില്ക്കുന്നു. ഇങ്ങനെയാണ് കർഷകൻെറ ദുരിതം. ചിന്തിക്കുകയും നേരു പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കൃഷിക്കാരനെ കരിഞ്ചന്തക്കാരനും കള്ളനും ആക്കാതെ ഗവൺമെൻറ് സൂക്ഷിക്കണമെന്നാണ് എൻെറ അപേക്ഷ. കൃഷിക്കാരൻ സത്യസന്ധനാണ്. അവൻ ചീത്തയല്ല, അവനെ, അസാന്മാർഗ്ഗിക വഴികളിൽക്കൂടി സഞ്ചരിക്കുന്നതിനു നിർബ

[Mr. G. P. Neelakanta Pillai.]

ന്ധിക്കരുതേയെന്നു ഗവൺമെൻറിനോട് ഒന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു. മഹാത്മജി വിഭാവനം ചെയ്തിട്ടുള്ള മാതിരി ഒരു രാഷ്ട്രം സൃഷ്ടിക്കാനാണ് ഈ ഗവൺമെൻറിൻെറ ഉദ്ദേശം. അതിനുവേണ്ടി നാം ഏകോപിച്ച് പ്രവർത്തിക്കണം. മറെറാരുകാര്യം വളരെ ഹൃദയവേദനയോടെ പറയേണ്ടിയിരിക്കുന്നു. വർഗ്ഗീയത ഇന്നും വളരെ ബലവത്തായിത്തന്നെയിരിക്കുന്നു. ഒരാൾ ധനകാര്യമന്ത്രിയെ തൊടുകയാണെങ്കിൽ മറെറാരാൾ വിദ്യാഭ്യാസമന്ത്രിയെ പിടിച്ചുയു തന്നെ. പിന്നൊരാൾ ലേബർ മന്ത്രിയെ നോക്കിപ്പോയെങ്കിൽ അടുത്തയാൾ ഗ്രാമോദ്ധാരണമന്ത്രിയുടെ കാലുവച്ചു തന്നെ. ൨൦ കൊല്ലം ഞങ്ങൾ വളരെ യാതനകളിൽകൂടി കെട്ടിപ്പടുത്തിട്ടുള്ള ഡെമോക്രാററിക്ക ഗവൺമെൻറിനെ ഉലയ്ക്കുന്നതിനു ഞങ്ങൾ ഒരിക്കലും അനുവദിക്കുന്നതല്ല. ഈ വർഗ്ഗീയതയും വിദ്വേഷവും നാം ഇനിയും വച്ചു പുലർത്തുന്നു എന്നു കാണുന്നതിൽ എനിക്കു അതിയായ ദുഃഖമുണ്ട്. ഈ രാജ്യം നന്നാകണമെങ്കിൽ ഈ ഗവൺമെൻറു വിജയിക്കണമെങ്കിൽ വർഗ്ഗീയത അവസാനിക്കുകതന്നെ വേണം. അതിനെന്തെല്ലാം ചെയ്യാമോ അതെല്ലാം ഗവൺമെൻറു ചെയ്യണം.

MR. ALEXANDER VAKAYIL : സർ, തിരുവിതാംകൂറിലെ ധനകാര്യമന്ത്രിയും കൂടിയായ ബഹു. പ്രധാനമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ ഭാരതത്തിൽ ആദ്യമായി സ്ഥാപിതമായ ഈ നിയമസഭയിൽ ഒരു ജനകീയമന്ത്രി ഒന്നാമതായി അവതരിപ്പിച്ചിരിക്കുന്ന ഒരു ബഡ്ജററാണിതു്. ജനകീയഭരണം ആരംഭിച്ചതോടുകൂടി പൊതുജനങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ടു. ദാരിദ്ര്യവും തൊഴിലില്ലായ്മയും നാട്ടിൽ നിന്നു ഉടനടി നിർമ്മാർജ്ജനം ചെയ്യപ്പെടണമെന്നു അവർ ആവശ്യപ്പെടുന്നു. വിപുലമായ തോതിൽ വ്യവസായങ്ങൾ നാട്ടിൽ ഏർപ്പെടുത്തണം; ഭവനരഹിതരായ സാധുക്കളുടെ നന്മക്കായി ഒരു ഭവനനിർമ്മാണപദ്ധതി ആസൂത്രണം ചെയ്യപ്പെടണം; ഉൽപ്പാദനം വർദ്ധിപ്പിച്ച് ഒരു സാമ്പത്തിക പരിവർത്തനം തന്നെ വരുത്തണം. ഇപ്രകാരം അനേകമനേകം ആശകളും പ്രതീക്ഷകളും ജനങ്ങൾക്കുണ്ടായിട്ടുണ്ടെങ്കിൽ അതിൽ അതിശയിക്കാനില്ല. ഇങ്ങനെയുള്ള വമ്പിച്ച കാര്യങ്ങളൊക്കെ കേവലം നാലുമാസം

മാത്രം പ്രായമുള്ള ഒരു ജനകീയ മന്ത്രിസഭയ്ക്ക് ഇന്ദ്രജാലംപോലെ നിവ്ഹിക്കാൻ സാധിക്കുകയില്ലെന്നുള്ള കാര്യം പൊതുജനങ്ങളും മനസ്സിലാക്കേണ്ടതാണ്. നമ്മുടെ ജനകീയഭരണത്തെക്കുറിച്ച് ഒരു വിധി പ്രസ്താവിക്കേണ്ട കാലം ആയിട്ടില്ലെന്നോമ്മിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും ബഹുമാനപ്പെട്ട മെമ്പറന്മാരും ഈ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി അഭിപ്രായഭിന്നതകളെ മാററി ഒത്തൊരുമിച്ചു പ്രവത്തിച്ചാൽ രാജ്യത്തു ഐശ്വര്യവും സാമാധാനവും സംതൃപ്തിയും ഉണ്ടാകുകതന്നെ ചെയ്യും. പാവപ്പെട്ടവന്റെ രക്ഷയെയും ലാക്കാക്കിക്കൊണ്ടുള്ള ചില പദ്ധതികളും ഈ ബഡ്ജററിൽ കാണുന്നുണ്ട്. അവയെല്ലാം ഒന്നൊന്നായി എടുത്തു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അനേകം വ്യക്തികളുടെയും അനേകം കുടുംബങ്ങളുടെയും സമുദായങ്ങളുടെ തന്നെയും സാമ്പത്തികവും സാന്മാഗ്ഗികവുമായ ക്ഷേമത്തെ മുൻനിറുത്തി പ്രൊഹിബിഷൻ പ്രസ്ഥാനം ഇവിടെ ഏർപ്പെടുത്തുവാൻ പോകുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. അതുപോലെ തന്നെ വിപുലമായ തോതിലുള്ള ഒരു ഗ്രാമോദ്ധാരണപദ്ധതി രൂപീകരിക്കുവാനുള്ള ശ്രമവും അഭിനന്ദനീയം തന്നെ. ഗാന്ധിയൻ ആദർശങ്ങളെ അക്ഷരം പ്രതി അനുവത്തിക്കുന്ന ഒരു ബഹുഃമന്ത്രിയുടെ കീഴിൽ ഈ രാജ്യത്ത് ഗ്രാമോദ്ധാരണ പ്രസ്ഥാനവും പ്രൊഹിബിഷൻ ആരംഭവും വിജയിക്കുമെന്നു ഞാൻ പരിപൂണ്ണമായും വിശ്വസിക്കുന്നു.

ഇനി ചില പ്രായോഗിക നിർദ്ദേശങ്ങൾ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ പ്രാധാന്യമർഹിക്കുന്നതു വിദ്യാഭ്യാസകാര്യമാണ്. ൩൯൪ ലക്ഷം രൂപാ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ട്. ഇതു സ്റ്റേററിന്റെ വരുമാനത്തിന്റെ ഏതാണ്ട് ൧൦ ശതമാനം വരുന്നുണ്ട്. ഇതൊരു വലിയ തുകയാണെന്നു ഞാൻ വിചാരിക്കുന്നില്ല. മദ്രാസ് പ്രാവിൻസിൽ വരവിന്റെ ൧൫ ശതമാനം വിദ്യാഭ്യാസത്തിനു കഴിഞ്ഞ ബഡ്ജററിൽ കൊള്ളിച്ചിരുന്നു. കൊച്ചീസംസ്ഥാനത്തിലാണെങ്കിൽ വരവിന്റെ ൧൭ ശതമാനം വിദ്യാഭ്യാസത്തിനായി നീക്കിവച്ചിരുന്നു. ഇവിടെയും ഒരു ൧൦ ശതമാനമെങ്കിലും നീക്കിവച്ചിട്ടുള്ളതിൽ ഞാൻ ബഹുഃവിദ്യാഭ്യാസമന്ത്രിയെ അഭിനന്ദിക്കുന്നു. എന്നാൽ ഈ രാജ്യത്ത് പാവപ്പെട്ട അനേകായിരം പ്രൈവററ് പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്കുവേണ്ടി ഈ ബഡ്ജററിൽ ഒന്നും തന്നെ കൊള്ളിച്ചിട്ടില്ലെന്നുള്ള കാര്യം വളരെ ഖേദകരമാണ്. വെറും വ്യ ളുരപ്പികയാണ് കഴിഞ്ഞകാലങ്ങളിൽ അവക്ക് കിട്ടിക്കൊണ്ടി

[Mr. Alexander Vakayil]

രുന്നത്. ഇപ്പോൾ ൫൭ ഉറുപ്പിക അടിസ്ഥാനശമ്പളവും ൫൨ ഉറുപ്പിക ഡിയർനസ് അലവൻസും കൊടുക്കാൻ അനുവദിച്ചു. എന്നാൽ പഴയ വ്യത്യാസപോലും കിട്ടാതെ എട്ടുപത്തുമാസമായി അവർ നരകിക്കുന്നുണ്ടെന്നുള്ള സംഗതി ബഹു: മന്ത്രി അറിഞ്ഞിട്ടില്ലേ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇന്നൊരു കൂലിക്കാരനു ശരാശരി മൂന്നുരൂപാ ശമ്പളംകിട്ടുന്നുണ്ട്. എന്നാൽ നമ്മുടെ കൊച്ചുകുഞ്ഞുങ്ങളുടെ ആത്മാവ്, മനസ്സ്, ശരീരം, എന്നിവയെ പരിപോഷിപ്പിക്കുക എന്ന ഉത്തരവാദിത്വമുള്ള ജോലി നിർവഹിക്കുന്ന അദ്ധ്യാപകന് ദിവസം ഒരുഉറുപ്പിക ശമ്പളംപോലും കിട്ടുന്നില്ല. കൊച്ചിസംസ്ഥാനത്തിൽ എയിഡഡ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ൩൦ — ൭൦ ഉറുപ്പിക അടിസ്ഥാനശമ്പളവും ഇരുപതു ഉറുപ്പിക ഡിയർനസ്സ അലവൻസും കിട്ടുന്നുണ്ട്. മൈസൂറിലും ൩൧ — ൭൭ ഉറുപ്പിക ശമ്പളമെന്നുയിലും ൨൦ ഉറുപ്പിക ഡിയർനസ് അലവൻസും കൊടുക്കുന്നുണ്ട്. അതുപോലെ മദ്രാസിലും ഒരു നല്ല തുക ശമ്പളം കൊടുക്കുന്നുണ്ട്. നമ്മുടെ മന്ത്രിമാരുടെയും നിയമസഭാ മെമ്പറന്മാരുടെയും ശമ്പളവും അലവൻസും ഒക്കെ നിർണ്ണയിച്ചപ്പോൾ മദ്രാസിലെയും കൊച്ചിയിലെയും മൈസൂരിലേയും ഒക്കെ ശമ്പളവും അലവൻസും താരതമ്യപ്പെടുത്തിയില്ലേ. ഈ പാവപ്പെട്ട അദ്ധ്യാപകന്മാരുടെ കാര്യത്തിൽ മാത്രം അതു് എന്തുകൊണ്ടു് പാടില്ലാ എന്നു ഞാൻ ചോദിക്കുന്നു (ബെൽ)

MR. P. CHACKO : സർ, ബഹു: ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ ആത്മാത്ഥമായി സ്വാഗതം ചെയ്യുന്നു. എന്നെ അങ്ങനെ സ്വാഗതം ചെയ്യുന്നതിനു പ്രേരിപ്പിച്ച പ്രധാന സംഗതി ൫൦-൫൨ കൊല്ലത്തെ യാതനകൾ അനുഭവിച്ചതിനുശേഷം സംജാതമായ കാൺഗ്രസ് ഗവണ്മെൻറു സമർപ്പിച്ചിട്ടുള്ള ഒരു ബഡ്ജററായതുകൊണ്ടാണ്. കൂടാതെ മദ്യനിരോധനം നടപ്പിലാക്കുന്ന ഒരു പദ്ധതി ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ടും ഗ്രാമവാസികളുടെ നിലയെ ഉയത്തുന്നതിനു മുൻ കൊല്ലങ്ങളിൽ കൊള്ളിച്ചിരുന്നതിനേക്കാൾ കൂടുതൽ തുക കൊള്ളിച്ചിട്ടുള്ളതുകൊണ്ടും മാത്രമാകുന്നു. ബഹു: ധനകാര്യമന്ത്രി ഈ ബഡ്ജററു് അവതരിപ്പിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ ഇതു് ഒരു സാധാരണക്കാരൻെറ ബഡ്ജററാണെന്നു പ്രസ്താവിക്കുകയുണ്ടായി. സാധാരണക്കാരൻ ആരാണെന്നു എൻെറ ബഹു: മാന്യസ്നേഹിതൻ മി. ബാലകൃഷ്ണൻതമ്പി അവർകൾ

ഇവിടെ പ്രസ്താവിക്കുന്നതിന് ശ്രമിക്കുകയുണ്ടായി. ആരാണെന്നു നിശ്ചയം വരുത്തുന്നതിനു അദ്ദേഹത്തിനും സാധിച്ചില്ല. പാരമ്പര്യമായി ലഭിച്ചിട്ടുള്ള സ്വത്തുക്കൾ അനുഭവിച്ചുകൊണ്ടു മണിമാളികകളിൽ സുഖലോലുപന്മാരായി കഴിയുന്ന ആളുകളോ, അനുകൂലങ്ങളായ സാഹചര്യങ്ങൾ കൊണ്ട് ധനം ആർജ്ജിച്ചു വമ്പിച്ച തോതിൽ വ്യവസായം നടത്തി ധനാഢ്യരായി കഴിയുന്ന ആളുകളോ ഇവിടത്തെ സാധാരണക്കാരൻ ആണെന്നു ഞാൻ വിചാരിക്കുന്നില്ല. അന്തിയോളം പണിചെയ്താലും ആഹാരത്തിന് വകലഭിക്കാത്ത ഇവിടത്തെ തൊഴിലാളികൾ, അല്പം ശമ്പളം വാങ്ങുന്ന എൻ. ജി. ഓ. മാർ, പാവപ്പെട്ട പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാർ ഇവരെല്ലാമാണ് സാധാരണക്കാർ എന്നാണ് എന്നെപ്പോലെയുള്ളവർ വിശ്വസിക്കുന്നതു. അവരുടെ നില ഉയർത്തുന്നതിനു സഹായകരമായ എന്തെല്ലാം പദ്ധതികൾ ഈ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് ഞാൻ ചോദിക്കുന്നതു്. കാൺഗ്രസ് ഗവണ്മെൻറു ഉടലെടുത്തയവസരത്തിൽ അരിക്കു വിലകൂട്ടിയെന്നു ആരോപണം നാട്ടിൻപുറത്തു താമസിക്കുന്നയാളുകളുടെ ഇടയിൽ ഉണ്ടെന്ന് അവരോട് അടുത്തു പെരുമാറുന്ന എന്നെപ്പോലെയുള്ളവർക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. മദ്യനിരോധനം ഏർപ്പെടുത്തുന്നതു നിമിത്തം ഉണ്ടായേക്കാവുന്ന നഷ്ടത്തിൻെറ പരിഹാരത്തിനായി സെയിൽസ് ടാക്സ് ഇവിടെ ഏർപ്പെടുത്തുന്നു എന്നു ബഡ്ജററു പ്രസംഗത്തിൽ പ്രസ്താവിച്ചു കാണുന്നു. സെയിൽസു ടാക്സ് ഏതെല്ലാം സാധനങ്ങൾക്കാണു ഏർപ്പെടുത്തുന്നതെന്നറിവില്ല. തീർച്ചയായും സാധാരണക്കാരൻെറ നിത്യാവശ്യങ്ങൾക്കുള്ള സാധനങ്ങൾക്കും കൂടി വന്നേക്കുമെന്നു ഞാൻ ഭയപ്പെടുന്നു. സോഷ്യലിസ്റ്റുസ്ഥാനത്തിന്മേൽ ഇവിടെ ഒരു ജനകീയ ഗവണ്മെൻറു സംജാതമാകുമെന്നു കാൺഗ്രസ് മാനിഫെസ്റ്റോവിൽ പറഞ്ഞിട്ടുണ്ടായിരുന്നു. അങ്ങനെയുള്ള ഒരു ഭരണം സൃഷ്ടിക്കുന്നതിനു വമ്പിച്ച ഭൂസ്വത്തുടമസ്ഥന്മാരിൽനിന്നും മററനേകവിധത്തിൽ സാമ്പത്തികമായി ഉയർന്നിരിക്കുന്ന ആളുകളിൽനിന്നും അൽപാൽപമായിട്ടെങ്കിലും എടുത്തു പാവപ്പെട്ടവനു കൊടുക്കുന്ന ഏർപ്പാടാണ് മററുള്ള രാജ്യങ്ങളിലും സ്വീകരിച്ചിരിക്കുന്നതു്. കഴിഞ്ഞ വർഷം ആദായനികുതിയിനത്തിൽ ൧൨൦ ലക്ഷം രൂപാ ബഡ്ജററിൽ കൊള്ളിച്ചിരുന്നതു ൧൪൦ ലക്ഷമായി ഈ ബഡ്ജററിൽ കുറഞ്ഞിരിക്കുന്നു. ഈ ൪൦ ലക്ഷത്തിൻെറ കുറവ് വ്യാപാരത്തിലും മററിനത്തിലും അൽപം മാന്ദ്യം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് എന്ന് ബഹു: ധനകാര്യമന്ത്രി

[Mr. P. Chacko.]

പ്രസ്താവിച്ചു. എന്നാൽ സ്വൽപം കുറച്ചു ൪൫൦൦ രൂപയും മേലുള്ള ആദായത്തിനുകൂടി നികുതി ചുമത്തിയാൽ ഇതു് പരിഹരിക്കാവുന്നതാണു്. അവശസമുദായോദ്ധാരണത്തിലേക്ക നാലേകാൽ ലക്ഷം രൂപാ ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ രാജ്യത്തെ അവശ സമുദായക്കാർ ആരെല്ലാമാണെന്നു ബഹു; മെമ്പറന്മാർ ചോദിച്ച ചോദ്യങ്ങൾക്ക ഉത്തരം ലഭിച്ചിട്ടില്ല. ഇവിടത്തെ അവശസമുദായങ്ങൾക്കായി ഗവണ്മെൻറു നീക്കിവയ്ക്കുന്ന തുകയിൽ നിന്നുള്ള സഹായം ക്രിസ്ത്യാനികളായ അവശസമുദായക്കാൎക്കു് ലഭിക്കുന്നതായിട്ടു് എനിക്കറിവില്ല. അവൎക്കു് ഫീസ സൗജന്യവും ലഭിക്കുന്നില്ല. അതുപോലെ അവശസമുദായ ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തുന്ന ഹോസ്റ്റലുകളിലും അവൎക്ക പ്രവേശനം ഇല്ല. ക്രിസ്ത്യാനികൾ ആയിപ്പോയി എന്നുള്ളതുകൊണ്ടുമാത്രം അവർ ഈ അസമത്വങ്ങൾ അനുഭവിക്കുകയാണു്. ഇതു് മുമ്പു നിലവിരുന്ന ഗവണ്മെൻറു് ചെയ്തതാണു്. ഇക്കാൎയ്യത്തിൽ ഇവിടത്തെ സ്ഥിതിഗതികൾ നേരിട്ടറിയാവുന്ന ബഹു; മന്ത്രിമാരടങ്ങിയ ജനകീയഗവണ്മെൻറു ഒരു പരിഹാരം ഉണ്ടാക്കണമെന്നു ഞാൻ അഭ്യൎത്ഥിക്കുകയും അപ്രകാരം ചെയ്യുമെന്നു് വിശ്വസിക്കുകയും ചെയ്യുന്നു.

MR. G. NEELAKANTAN: സർ, പ്രധാനമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇതിനു മുമ്പുള്ള ബഡ്ജററുകൾക്കൊന്നുമില്ലാത്ത ഒരു വിശേഷം ഞാൻ ഇതിൽ കാണുന്നുണ്ടു്. അതായതു ഉൽകൃഷ്ടമായ ഒരാദർശത്തെ അടിസ്ഥാനമാക്കിയാണു് ഈ ബഡ്ജററ് രൂപീകരിച്ചിട്ടുള്ളതു്. അതെന്തെന്നു ചോദിച്ചാൽ ജനായത്ത ഭരണത്തിൻെറ അടിസ്ഥാനമായി ഗ്രാമോദ്ധാരണ പദ്ധതിക്കു് ഈ ബഡ്ജററിൽ പ്രാധാന്യം കൊടുത്തുകാണുന്നു എന്നുള്ളതാണു്. ഈ ഗ്രാമോദ്ധാരണ പദ്ധതിയെപ്പററി ബഡ്ജററ് സമർപ്പിക്കുന്നതിനു മുമ്പായിട്ടു് ഒരു വില്ലേജ് പഞ്ചായത്തു ബിൽ ഹാജരാക്കിയിട്ടുണ്ടു്. ഗ്രാമോദ്ധാരണത്തിനുവേണ്ടി ൩൫ ലക്ഷം രൂപാ നീക്കിവച്ചിരിക്കുന്നു. ഈ ൩൫ ലക്ഷം രൂപയോടുകൂടി വിദ്യാഭ്യാസത്തിനു് ഒരു നല്ല തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഗ്രാമോദ്ധാരണത്തിനു് ഒരു പഞ്ചവൽസര പദ്ധതിയേയും ദശവൽസര പദ്ധതിയേയും പററി ചിന്തിക്കുന്നതു് സവ്ത്ര അബദ്ധമാണു്. ഇവിടെ ഒരു ഗൃഹനിർമ്മാണ പദ്ധതി ഉണ്ടാക്കണമെന്നു പറയുകയുണ്ടായി. ഈ

നാട്ടിൽ സാമാന്യം ഉപയോഗിക്കുന്നതിനു കൊള്ളാവുന്ന ഒരു കെട്ടിടം കെട്ടുന്നതിന് കുറഞ്ഞ പക്ഷം ൫൦൦൦ രൂപായെങ്കിലും വേണം. ആ കണക്കുവച്ചു നോക്കിയാൽ ഒരു ൧൨൦—കോടി രൂപായെങ്കിലും അതിലേക്കു ആവശ്യമായിവരും. ഇങ്ങനെയുള്ള ഒരു പദ്ധതി ഇന്നത്തെ സാമ്പത്തിക സ്ഥിതി നോക്കുമ്പോൾ നമുക്കു സ്വീകരിക്കുവാൻ നിവൃത്തിയില്ല. ഗ്രാമോദ്ധാരണത്തിന് ഓരോ ഗ്രാമത്തിലും ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ സ്ഥാപിക്കാൻ സാധിച്ചാൽ മാത്രമേ ഒക്കുകയുള്ളൂ. അതുകൊണ്ടു് ഈ പദ്ധതികൾക്കു് ആവശ്യമുള്ള ധനം ഉണ്ടാക്കുന്നതിനാണു് നാം ഇപ്പോൾ ശ്രമിക്കേണ്ടതു്. ഈ പദ്ധതികൾക്കായി ഒരുകോടി നാൽപ്പത്താറുലക്ഷം രൂപായോളം ഗവണ്മെൻറിനു വേണ്ടിവരും. മുമ്പിലത്തെ ഗവണ്മെൻറു നമ്മുടെ രാജ്യത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പല കമ്പനികളും ഉണ്ടാക്കിയിട്ടുണ്ടു്. ഫെർട്ടിലൈസേഴ്സ് ആൻറു് കെമിക്കൽസു കമ്പനിയെപ്പറ്റി പലതും കേൾക്കുന്നുണ്ടു്. എന്നാൽ നമ്മുടെ ധനകാര്യമന്ത്രി അതിൻെറ യാഥാർത്ഥ്യങ്ങൾ ജനങ്ങളുടെ മുമ്പിൽ പ്രസ്താവിച്ചിരിക്കുന്നു. അവിടെ അമോണിയം സൾഫേററു മുതലായ കെമിക്കലുകൾ ഉണ്ടാക്കുന്നതായി അറിയുന്നു.

(ബെൽ)

*At this stage Mr. G. Neelakantan fainted and fell down in his seat. Immediately medical attendance was procured and it was found that Mr. Neelakantan had passed away.*

The House adjourned for the day at 4-50. P. M. to meet again at 11 A. M. on the 10th August 1948.

R. KERALAVARMA THIRUMULPAD,

Ag. *Secretary to the Legislative Assembly.*